ഫാ. സിൽവെസ്റ്റർ കാഞ്ഞിരമുകളിൽ ഒ. ഐ. സി

# മലങ്കര കത്തോലിക്കാ സഭ

കോട്ടയം

2000

malankaralibrary.com

# മലങ്കര കത്തോലിക്കാ സഭ

ഫാ. സിൽവെസ്റ്റർ കാഞ്ഞിരമുകളിൽ, ഒ. ഐ. സി

BP NO. 92

ബഥനി പബ്ലിക്കേഷൻസ്

കോട്ടയം

2000

malankaralibrary.com

MALANKARA
LIBRARY

malankaralibrary.com

# ആമുഖം

1653–ൽ നടന്ന കൂനൻകുരിശു സംഭവത്തോടെ കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ നിന്നും പിൻതിരിഞ്ഞ മലങ്കരസഭ പിളർപ്പിനുശേഷം നടത്തിയ പുനരൈക്യ പരിശ്രമങ്ങൾ 1930–ൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായാൽ പൂവണിഞ്ഞു. പുനരൈക്യത്തോടെ കത്തോലിക്കാസഭയുടെ കൂട്ടായ്മയിലേക്ക് വീണ്ടും കടന്നുവന്ന മലങ്കര കത്തോലിക്കാ സഭയുടെ 1930 മുതൽ 2000 വരെയുള്ള ചരിത്രമാണ് ഈ പുസ്തകത്തിൻെറ ആദ്യ ഭാഗത്ത് വിവരിക്കുന്നത്. മലങ്കര കത്തോലിക്കാസഭയിൽതന്നെ രൂപം കൊണ്ടതും മററുസ്ഥലങ്ങളിൽ രൂപംകൊണ്ട് ഈ സഭയിൽ ഇപ്പോൾ പ്രവർത്തിക്കുന്നതുമായ സന്യാസ സമൂഹങ്ങളെക്കുറിച്ചുള്ള ഏകദേശ അറിവും ഇതോടൊപ്പം നൽകുന്നു. മലങ്കരകത്തോലിക്കാ സഭയുടെ സഭാവ്യക്തിത്വം സംബന്ധിച്ച അടിസ്ഥാന സഭാദർശനങ്ങൾ ഈ പുസ്തകത്തിൻെറ രണ്ടാം ഭാഗത്ത് വിവരിക്കുന്നു.

മലങ്കര കത്തോലിക്കാസഭയുടെ സപ്തതി ആഘോഷത്തോടും ക്രിസ്തുജയന്തി മഹാജൂബിലി സമാപനത്തോടും അനുബന്ധിച്ച് ഈ ഗ്രന്ഥം പുനപ്രകാശനം ചെയ്യുവാൻ സാധിച്ചതിൽ അതിയായ സന്തോഷമുണ്ട്. മലങ്കര കത്തോലിക്കാസഭയ്ക്ക് സാർവ്വത്രിക സഭയിലുള്ള പ്രത്യേക ദൗത്യം മനസ്സിലാക്കി സഭാത്മകമായി വളരുവാനും, ഈ സഭാസമൂഹത്തെപററി മററുള്ളവർക്ക് കൂടുതൽ അറിവു നൽകുവാനും ഈ ഗ്രന്ഥം സഹായിക്കുമെന്നു പ്രതീക്ഷിക്കുന്നു. ഈ പുസ്തക പ്രസിദ്ധീകരണത്തിന് പ്രോത്സാഹനങ്ങളും മററു സഹായ സഹകരണങ്ങളും നൽകിയ എല്ലവരേയും നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

**ഫാ. സിൽവെസ്ററർ കാഞ്ഞിരമുകളിൽ**

ബഥനി ജനറലേററ്
കോട്ടയം 686010
ക്രിസ്തുജയന്തി ദിനം, 2000

malankaralibrary.com

# മലങ്കര കത്തോലിക്കാസഭയുടെ ചരിത്രം

സാർവ്വത്രിക കത്തോലിക്കാസഭ തുല്യപദവിയും കടമയും അവകാശവുമുള്ള 22 വ്യക്തിസഭകളുടെ (റീത്തുകളുടെ) സമൂഹമാണ്. സാർവ്വത്രിക കൂട്ടായ്മയിലേക്ക് കടന്നുവന്ന (കൂട്ടായ്മ പുനഃസ്ഥാപിച്ച) ഏററവും അവസാനത്തെ വ്യക്തിസഭയാണ് മലങ്കര കത്തോലിക്കാസഭ. ഈ സഭാസമൂഹത്തിന്റെ കഴിഞ്ഞ കാല ചരിത്രസംഭവങ്ങളിലേക്കുള്ള ഒരെത്തിനോട്ടമാണ് ഈ ഗ്രന്ഥത്തിന്റെ ആദ്യഭാഗത്തു നടത്തുന്നത്.

ക്രിസ്തുശിഷ്യൻമാരിൽ ഒരുവനായ മാർത്തോമ്മാ ശ്ലീഹായുടെ പ്രേഷിത പ്രവർത്തന ഫലമായി ഉടലെടുത്ത ക്രിസ്തീയ സമൂഹമാണ് മലങ്കര അപ്പോസ്തോലിക സഭ. ഭാരതത്തിന്റെ സാംസ്ക്കാരിക പാരമ്പര്യങ്ങളോടലിഞ്ഞു ചേരുകയും, അതേസമയം തോമാശ്ലീഹായാൽ തന്നെ സ്ഥാപിതമായ പേർഷ്യയിലെ സഭയുമായി ബന്ധപ്പെടുകയും ചെയ്തുകൊണ്ടാണ് ഈ സഭ വളർന്നു വന്നത്. സാർവ്വത്രിക സഭയുമായി ആദ്യകാലം മുതലേ കേരളത്തിലെ അപ്പോസ്തോലിക സഭ കൂട്ടായ്മയിലായിരുന്നു. ഇവിടുത്തെ സഭ ഏക വിശ്വാസത്തിൽ ഏകയോഗമായി നില നിന്നിരുന്നു എന്നത് ചരിത്രസത്യമാണ്.

16-ാം ശതകത്തിൽ വാണിജ്യബന്ധം സ്ഥാപിക്കുവാൻ പോർട്ടുഗീസുകാർ കേരളത്തിൽ വന്നതോടുകൂടി ഇവിടത്തെ സഭാമണ്ഡലത്തിൽ അസ്വസ്ഥതകൾ തലപൊക്കി. പാശ്ചാത്യകത്തോലിക്കരായ പോർട്ടുഗീസുകാർ കേരള സഭയുമായി ആദ്യം വളരെ രമ്യതയിൽ കഴിഞ്ഞുകൂടി. എന്നാൽ ഇവിടുത്തെ ക്രിസ്ത്യാനികളെ തങ്ങളുടെ വൈദിക ഭരണത്തിൻകീഴ് കൊണ്ടുവരുന്നത് അവരുടെ സാമ്രാജ്യ വിപുലീകരണത്തിന് സഹായകമാകുമെന്ന് അവർ കരുതി. തത്കാര്യസാദ്ധ്യത്തിനായി അവരുടെ സ്വന്തമായിരുന്ന ലത്തീൻ റീത്തും ആചാരക്രമങ്ങളും ഇവിടത്തെ സുറിയാനി ക്രിസ്ത്യാനികളുടെ മേൽ അടിച്ചേൽപ്പിക്കുവാനവർ ശ്രമം ആരംഭിച്ചു. 1599-ൽ ഉദയംപേരൂരിൽ ഒരു സുന്നഹദോസു വിളിച്ചു കൂട്ടി ഇവിടെ നിലവിലിരുന്ന ആരാധനാ രീതികൾ ലത്തീൻ ക്രമങ്ങൾക്ക് അനുസൃതമായി പരിഷ്ക്കരിക്കുകയും അവ സ്വീകരിക്കുന്നതിന് കേരള ക്രിസ്ത്യാനികളെ നിർബ്ബന്ധിക്കുകയും

malankaralibrary.com

ചെയ്തു. ഇവയെല്ലാം പുറമേ, കേരള സഭയുടെ ഭരണാധികാരം ലത്തീൻ മെത്രാൻമാർ കൈയ്യടക്കുകയും ചെയ്തു.

പോർട്ടുഗീസുകാരുടെ ഈ അധികാര പ്രയോഗത്തിൽ അതൃപ്തരായി അതിനെ എതിർത്ത മാർത്തോമ്മാ ക്രിസ്ത്യാനികൾ ഏതദ്ദേശീയ ഭരണാധിപനായിരുന്ന ആർച്ചുഡീക്കൻ തോമസിന്റെ നേതൃത്വത്തിൽ ഒന്നിച്ചുകൂടി. അവർ 1653- ജനുവരി മൂന്നാം തീയതി മട്ടാഞ്ചേരിയിൽ സമ്മേളിച്ച് പോർട്ടുഗീസ് മിഷനറിമാരായ മെത്രാൻമാരെ മേലിൽ സഭാധികാരികളായി സ്വീകരിക്കുന്നതല്ലെന്ന് സത്യം ചെയ്തു. അന്നു നടന്ന ഈ പ്രഖ്യാപനമാണ് ചരിത്രപ്രസിദ്ധമായ 'കൂനൻകുരിശു സത്യം'. ഈ കൂനൻകുരിശു സത്യം മാർപ്പാപ്പായ്ക്കോ കത്തോലിക്കാസഭയുടെ വിശ്വാസ സംഹിതകൾക്കോ എതിരായി നടത്തിയതല്ലായിരുന്നുവെങ്കിലും, അത് അന്ത്യോക്യായിലെ യാക്കോബായ സഭയുമായി മൈത്രി പുലർത്തുന്നതിനും പുതിയ ബന്ധങ്ങൾ സ്ഥാപിക്കുന്നതിനും വഴി തെളിച്ചു. അങ്ങനെ ഇവിടുത്തെ സഭാന്തരീക്ഷത്തിൽ ആദ്യമായി ഭിന്നിപ്പ് ആവിർഭവിച്ചു.

malankaralibrary.com

അദ്ധ്യായം 1

# ആദ്യകാലപുനഃരൈക്യ പരിശ്രമങ്ങൾ

കേരള സഭാതലത്തിൽ എന്നു ഭിന്നിപ്പ് ഉടലെടുത്തുവോ അന്നു തുടങ്ങി ഐക്യത്തിനുള്ള സംരംഭങ്ങളും നടന്നിട്ടുണ്ടെന്നുള്ളത് ആശ്വാസദായകമാണ്. ഏതാണ്ട് മുന്നൂറുവർഷത്തെ നിരന്തര പരിശ്രമങ്ങളുടെ വിജയമകുടം ചാർത്തൽ മാത്രമാണ് 1930-ൽ ഭാഗ്യസ്മരണാർഹനായ മാർ ഈവാനിയോസിന്റെ നേതൃത്വത്തിൽ നടന്ന പുനഃരൈക്യസംഭവം. പുനരൈക്യത്തിന്റെ ചരിത്ര പ്രാധാന്യവും മലങ്കര കത്തോലിക്കാ സഭയുടെ ദൗത്യവും യഥാവിധി മനസ്സിലാക്കണമെങ്കിൽ പുനഃരൈക്യ സംരംഭങ്ങളുടെ ഒരു വിശദപഠനം അപരിത്യാജ്യമാണ്. നൂററാണ്ടുകളായി സഭൈക്യത്തിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരുന്ന ഒരു ചൈതന്യ വിശേഷമാണ് പുനഃരൈക്യത്തെ നയിച്ചതെന്ന് ചരിത്രം പഠിക്കുന്നവർക്ക് മനസ്സിലാകും.

ഈ പുനഃരൈക്യ പരിശ്രമങ്ങളിലെല്ലാം കാണുന്ന ഒരു സവിശേഷത, മലങ്കര സഭയുടെ വ്യക്തിത്വവും ആദ്ധ്യാത്മിക പൈതൃകങ്ങളും സംരക്ഷിക്കുന്നതിനുള്ള പ്രത്യേക ശ്രദ്ധയാണ്. ഇപ്രകാരം, പുത്തൻകൂർ സമുദായത്തിന് നേതൃത്വം കൊടുത്ത മാർത്തോമ്മാ ഒന്നാമൻ മുതൽ പുനരൈക്യപ്രസ്ഥാനത്തിന് നേതൃത്വം കൊടുത്ത മാർ ഈവാനിയോസ് മെത്രാപ്പോലീത്താവരെ സാർവ്വത്രിക സഭൈക്യശ്രമങ്ങളിൽ മുൻകൈ എടുത്തവരെല്ലാം വ്യക്തമായ ചില വ്യവസ്ഥകൾ പുനഃരൈക്യാപേക്ഷകളോടൊപ്പം സമർപ്പിക്കുന്നുണ്ട്. സ്വാഭാവികമായും ഈ വ്യവസ്ഥകളുടെ തിരസ്ക്കരണം പുനരൈക്യ സംരംഭങ്ങളെ പ്രതികൂലമായി ബാധിച്ചു എന്നതാണ് സത്യം. ഐക്യശ്രമങ്ങൾ ഇത്രയും നീണ്ടുപോകുവാൻ കാരണവുമതായിരുന്നു. മലങ്കരസഭയുടെ വ്യക്തിത്വം സംരക്ഷിച്ചുകൊണ്ട് സാർവ്വത്രിക ഐക്യം പുനഃരുദ്ധരിക്കുവാനുള്ള അദമ്യമായ അഭിലാഷമാണ്, ഈ നിരന്തര പരിശ്രമത്തിലൂടെ അവർ വ്യക്തമാക്കിയത്.

## 1 അനുരഞ്ജന ശ്രമം മാർ സെബസ്ത്യാനിയുടെ നേതൃത്വത്തിൽ

കൂനൻ കുരിശു സത്യത്തെ തുടന്ന് ആർച്ചു ഡീക്കൻ തോമസിന്റെ നേതൃത്വത്തിൽ 1653 മെയ്മാസത്തിൽ ആലങ്ങാട്ടു സമ്മേളിച്ച യോഗമാണ് സാർവ്വത്രിക കത്തോലിക്കാസഭയുടെ

malankaralibrary.com

കൂട്ടായ്മയിൽ നിന്ന് പിൻമാറുന്നതിന് തുടക്കം കുറിച്ചത്. അവിടെവച്ച് പന്ത്രണ്ടു വൈദികർ ചേർന്ന് ആർച്ചു ഡീക്കനെ മാർത്തോമ്മാ ഒന്നാമൻ എന്ന പേരിൽ 'മെത്രാനായി' വാഴിച്ചു. കേരള ക്രൈസ്തവ സഭയിലുണ്ടായ ഈ സംഭവവികാസങ്ങൾ മനസ്സിലാക്കിയ 7-ാം അലക്സാണ്ടർ മാർപ്പാപ്പ, ജോസഫ് സെബസ്ത്യാനി എന്ന കർമ്മലീത്താ വൈദികനെ 1656-ൽ അപ്പോസ്തോലിക് കമ്മിസറിയായി ഇവിടേയ്ക്കയച്ചു. കേരളത്തിലെ സഭാന്തരീക്ഷം ശാന്തമാക്കുന്നതിനുവേണ്ടി അദ്ദേഹം വളരെയധികം പരിശ്രമിച്ചു. അനേകം സ്ഥലങ്ങളിൽ മഹായോഗങ്ങൾ നടത്തി സത്യാവസ്ഥ ജനങ്ങളെ ഗ്രഹിപ്പിക്കുന്നതിന് സെബസ്ത്യാനിക്കു സാധിച്ചു. അങ്ങനെ മാർത്തോമ്മാ യഥാർത്ഥ മെത്രാനല്ലെന്നും അദ്ദേഹം മാപ്പാപ്പായുടെ ഭരണത്തിൻ കീഴിലല്ലെന്നും ബോദ്ധ്യം വന്ന 84 ഇടവകക്കാർ കത്തോലിക്കാസഭയോടു യോജിക്കുകയുണ്ടായി.

കൂനൻകുരിശു സത്യത്തിനു പ്രധാന കാരണം പോർട്ടുഗീസ് അധികാരികളോടുണ്ടായ വിരോധമായിരുന്നെങ്കിലും, കത്തോലിക്കാ സഭയുമായുള്ള ഐക്യം ഉപേക്ഷിച്ചതും, അവസാനം മതവിപരീതത്തിൽ ഉൾപ്പെട്ടതുമെല്ലാം തെററാണെന്ന് ആളുകൾക്കു ബോദ്ധ്യമാകുവാൻ തുടങ്ങി. 12 വൈദികരുടെ കൈവയ്പിലൂടെ മെത്രാൻ പദവിയിലേക്കുയർത്തപ്പെട്ട മാർത്തോമ്മാ യഥാർത്ഥ മെത്രാനല്ലെന്നും 'ഇട്ടിത്തോമ്മൻ' എന്ന വൈദികൻ ഹാജരാക്കിയ ഒരു വ്യാജരേഖയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത അഭിഷേകം നടന്നതെന്നുമുള്ള സത്യം പരസ്യമായി. തൽഫലമായി മാർത്തോമ്മായെ ഉപേക്ഷിച്ച് അനേകർ കത്തോലിക്കാ സഭയിലേക്ക് പിൻതിരിഞ്ഞു.

സെബസ്ത്യാനിയുടെ പരിശ്രമങ്ങൾ കൂടാതെ, ഗവൺമെൻറിൻെറ സ്വാധീനശക്തിയായിരുന്നു ആർച്ചു ഡീക്കൻെറ കക്ഷിയിൽ നിന്നും അനേകർ പിൻതിരിയുവാൻ ഇടയാക്കിയ മറെറാരു കാരണം. പുതുതായി ഉടലെടുത്ത ഈ സഭാ സമൂഹത്തിന് അറുതിവരുത്തുവാൻ പോർട്ടുഗീസു ഗവർണ്ണർ കൊച്ചി രാജാവിനെ നിരന്തരം പ്രേരിപ്പിച്ചുകൊണ്ടിരുന്നു. അതനുസരിച്ച് തങ്ങളുടെ കീഴിലുള്ള അധികാരികൾ മുഖേന മാർത്തോമ്മായുടെ കക്ഷിയെ അമർച്ച വരുത്തുവാൻ രാജാവ് കഴിവതു പരിശ്രമിച്ചു. മാർത്തോമ്മായുടെ സ്ഥാന ചിഹ്നങ്ങൾ, ഗ്രന്ഥങ്ങൾ, രേഖകൾ ഇവ പിടിച്ചെടുക്കുക, പള്ളിസ്വത്തുക്കൾ കണ്ടുകെട്ടുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഗവൺമെൻറ് അധികാരികൾ അവരെ ഉപദ്രവിച്ചിരുന്നു. ആർച്ചുഡീക്കൻെറ കക്ഷിയെ ഉപേക്ഷിച്ച് കത്തോലിക്കാ സഭയുമായി പുന:രൈക്യപ്പെടുവാൻ ഇതും അനേകർക്ക് പ്രേരണ നൽകി.

malankaralibrary.com

പഴയകൂർ സമുദായത്തിൻെറ ആദ്യത്തെ ഏതദ്ദേശീയ മെത്രാനായി വാഴിക്കപ്പെട്ട പള്ളിവീട്ടിൽ ചാണ്ടി മെത്രാൻെറ പരിശ്രമങ്ങളും പ്രസ്തുത പുനരാഗമനത്തിന് നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ട്. കുറവിലങ്ങാട് കേന്ദ്രമാക്കി അദ്ദേഹം നടത്തിയ വ്യാപകമായ പുനഃരൈക്യശ്രമങ്ങൾ മൂലം 29 പള്ളിക്കാർ അദ്ദേഹത്തിൻെറ മേലധികാരം സ്വീകരിച്ച് കത്തോലിക്കാ സഭാംഗങ്ങളായി തീർന്നു.

## 2 ഒന്നാം മാർത്തോമ്മായുടെ ഐക്യശ്രമം

കൂനൻകുരിശുസത്യത്തിനു മുൻകൈയെടുത്തു പുത്തൻകൂർ വിഭാഗത്തിൻെറ ആദ്യത്തെ നേതാവായിത്തീർന്ന മാർത്തോമ്മാ ഒന്നാമൻ (1653-1670) തന്നെ തൻെറ സമൂഹത്തിൻെറ ആഭ്യന്തരവും ബാഹ്യവുമായ അഭിവൃദ്ധിക്കുവേണ്ടി കത്തോലിക്കാസഭയുമായി വീണ്ടും ഐക്യപ്പെടുന്നതിനു ശ്രമിക്കുകയുണ്ടായി. പന്ത്രണ്ട് വൈദികരാൽ 'അഭിഷേകം' ചെയ്യപ്പെട്ട തനിക്ക് യഥാർത്ഥ മെത്രാൻ സ്ഥാനമില്ലെന്ന് മാർത്തോമ്മായ്ക്ക് അറിയാമായിരുന്നു. എങ്കിലും അദ്ദേഹം മെത്രാൻസ്ഥാനത്തിനടുത്ത കർമ്മങ്ങൾ നിർവ്വഹിക്കുകയും അതോടൊപ്പം യഥാർത്ഥ മെത്രാനായി വാഴിക്കപ്പെടുവാൻ അഭിലഷിക്കുകയും ചെയ്തു. പുനഃരൈക്യത്തെക്കുറിച്ച് കൂടുതൽ ആലോചിക്കുവാൻ 1657-ൽ ഇടപ്പള്ളിയിൽ ഒരു യോഗം കൂടി. അവിടെ വച്ച് മാർത്തോമ്മായുടെ പുനഃരൈക്യത്തിന് രണ്ടു നിബന്ധനകൾ സമർപ്പിച്ചു. മാർത്തോമ്മായെ മെത്രാനായി അഭിഷേചിക്കണമെന്നും അദ്ദേഹത്തിനു തൻെറ ജനങ്ങളുടെമേൽ അധികാരം നൽകണമെന്നുമായിരുന്നു ആ നിബന്ധനകൾ.

കേരളസഭയിലെ ഭിന്നിപ്പിനെക്കുറിച്ച് പഠിക്കുവാൻ നിയുക്തനായിരുന്ന ജോസഫ് സെബസ്ത്യാനി ഈ രണ്ട് അപേക്ഷകളും നിരസ്സിക്കുകയാണുണ്ടായത്. മാർത്തോമ്മായ്ക്ക് അധികാരം നൽകുന്ന കാര്യം റോമിലെ അധികാരത്തോടുകൂടി മാത്രമേ സാധിക്കുകയുള്ളു എന്നു പറഞ്ഞ് അദ്ദേഹം ഒഴിഞ്ഞുമാറി. പരിശുദ്ധ സിംഹാസനമാകട്ടെ, ആർച്ചുഡീക്കൻെറ മെത്രാൻ സ്ഥാനത്തിൻെറ ന്യൂനത പരിഹരിക്കണമെന്ന അപേക്ഷ നിരസിക്കുകയാണുണ്ടായത്. അതിനു പകരമായി, ജോസഫ് സെബസ്ത്യാനിയെ മെത്രാനായി വാഴിക്കുകയും ചെയ്തു. സെബസ്ത്യാനിയോ, അദ്ദേഹത്താൽ വാഴിക്കപ്പെട്ട പള്ളിവീട്ടിൽ ചാണ്ടി മെത്രാനോ തനിക്കു മെത്രാഭിഷേകം നൽകുകയില്ലെന്ന് ബോദ്ധ്യമായ മാർത്തോമ്മാ തൻെറ മെത്രാൻസ്ഥാനത്തിൻെറ ന്യൂനത പരിഹരിക്കുവാൻ വിവിധ സഭാകേന്ദ്രങ്ങളുമായി കത്തിടപാടുകൾ നടത്തി. തൽഫലമായി 1665-ൽ ജറുസലേമിൽ

malankaralibrary.com

നിന്നും മാർ ഗ്രീഗോറിയോസ് എന്നൊരു യാക്കോബായ മെത്രാൻ കേരളത്തിൽ ആഗതനാവുകയും പുത്തൻകൂർ സമുദായം രൂപം കൊള്ളുകയും ചെയ്തു. മാർത്തോമ്മാ ഒന്നാമന്റെ നിബന്ധനകൾ അംഗീകരിച്ചിരുന്നു എങ്കിൽ ഒരു പക്ഷേ, ഇങ്ങനെ ഒരു സമൂഹം ഇവിടെ രൂപീകൃതമാകുമായിരുന്നില്ല.

പുത്തൻകൂർ ക്രിസ്ത്യാനികളുടെ ആദ്യത്തെ ഭരണാധിപനായിരുന്ന മാർത്തോമ്മാ ഒന്നാമൻ 1670—ൽ മരണമടഞ്ഞു. അദ്ദേഹത്തെ തുടർന്ന് സഭാഭരണം ഏറ്റെടുത്ത മാർത്തോമ്മാ രണ്ടാമനും (1670-1686), മാർത്തോമ്മാ മൂന്നാമനും (1686—1688) കാര്യമായി പുനരൈക്യശ്രമങ്ങൾ നടത്തിയതിന് യാതൊരു തെളിവുമില്ല. കത്തോലിക്കാ മെത്രാൻമാരിൽ നിന്ന് യഥാർത്ഥ മെത്രാഭിഷേകമോ മാർപ്പാപ്പായിൽനിന്ന് ഭരണാധികാരമോ ലഭിക്കുവാൻ സാധ്യതയില്ലെന്നുള്ള ബോദ്ധ്യം നിമിത്തമായിരിക്കണം അവർ അതിനു വേണ്ടി പരിശ്രമിക്കാതിരുന്നത്. നേതൃസ്ഥാനത്തുനിന്നുള്ള ഐക്യശ്രമങ്ങൾ ഈ കാലയളവിൽ നടന്നില്ലെങ്കിലും കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ വികാരി അപ്പസ്തോലിക്കായായിരുന്ന പള്ളിവീട്ടിൽ ചാണ്ടിമെത്രാന്റെ പരിശ്രമഫലമായി അനേകം ആളുകൾ കത്തോലിക്കാ വിശ്വാസികളായി.

## 3 നാലാം മാർത്തോമ്മായുടെ പുന:രൈക്യശ്രമം

നാൽപതുവർഷത്തോളം (1688-1728) മലങ്കരസഭാഭരണം നിർവ്വഹിച്ച മാർത്തോമ്മാ നാലാമന്റെ കാലത്ത് പുന:രൈക്യ പരിശ്രമങ്ങൾ വീണ്ടും ആരംഭിച്ചു. അങ്ങനെ സഭൈക്യം കൈവരുത്തുവാനുള്ള പരിശ്രമങ്ങളുടെ രണ്ടാം ഘട്ടം അദ്ദേഹം ഉദ്ഘാടനം ചെയ്തു.

മാർത്തോമ്മായുടെ ഭരണാധീനതയിലുണ്ടായിരുന്ന 29 ഇടവകക്കാരുടെയും 12 വൈദിക പ്രതിനിധികളുടെയും ഒപ്പോടുകൂടി 1704—ഡിസംബർ 7-ാം തീയതി അഗസ്റ്റിൻ എന്ന കർമ്മലീത്താ വൈദികൻ മുഖേന 8-ാം ഉർബാനോസ് പാപ്പായ്ക്ക് പുനഃരൈക്യത്തിനുവേണ്ടി ഒരു അപേക്ഷ സമർപ്പിച്ചു. കേരളസഭാതലത്തിൽ ഭിന്നിപ്പ് രൂപം എടുക്കുന്നതിനു കാരണക്കാർ പോർട്ടുഗീസുകാരായ ഈശോ സഭക്കാരാണെന്ന് അപേക്ഷയുടെ ആദ്യഭാഗത്ത് പറയുന്നു. മാർത്തോമ്മായ്ക്ക് മെത്രാൻ പദവിയും തന്റെ അധീനതയിലുള്ള ജനങ്ങളെ ഭരിക്കുന്നതിനുള്ള അധികാരവും ലഭിക്കണമെന്നതായിരുന്നു ഈ അപേക്ഷയിലേയും മുഖ്യ പ്രമേയം. കർമ്മലീത്താ വൈദികരെ കേരളത്തിലേക്കയച്ചതിൽ മാർപ്പാപ്പായ്ക്ക്

malankaralibrary.com

നന്ദി പറയുകയും, വരാപ്പുഴയിലെ മെത്രാനായ ആഞ്ചലൂസ് ഫ്രാൻസിസുമായി സഹകരിച്ച് കേരളത്തിലെ കത്തോലിക്കരെ ഭരിക്കുന്നതിന് തയ്യാറാണെന്നും അദ്ദേഹം പ്രസ്താവിക്കുന്നുണ്ട്. കൂടാതെ സുറിയാനി ക്രമം ആരാധനയ്ക്ക് ഉപയോഗിക്കുന്നതിനും വിശുദ്ധ കുർബ്ബാനയിൽ പുളിച്ച അപ്പം ഉപയോഗിക്കുന്നതിനും അനുവാദം നൽകണമെന്ന് അപേക്ഷയിൽ ആവശ്യപ്പെടുന്നുണ്ട്. അങ്ങനെ പൗരസ്ത്യ പാരമ്പര്യങ്ങളെ അന്യൂനം സംരക്ഷിക്കുവാനുള്ള മാർത്തോമ്മായുടെ ആഗ്രഹം ഈ അപേക്ഷയിൽ സ്പഷ്ടമാണ്.

മാർത്തോമ്മായുടെ പ്രസ്തുത അപേക്ഷയോടനുബന്ധിച്ച് കേരളത്തിലെ സുറിയാനി കത്തോലിക്കരും മാർപ്പാപ്പായ്ക്ക് ഒരു അപേക്ഷ സമർപ്പിക്കുകയുണ്ടായി. മാർത്തോമ്മായുടെ പുനഃരൈക്യാപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കണമെന്നതായിരുന്നു ഈ അപേക്ഷയുടെ ഉള്ളടക്കം.

എന്നാൽ ഈ പുനഃരൈക്യ സംരംഭം വിജയപ്രദമാകുവാൻ റോമിൽ നിന്നും യാതൊരു നീക്കവും ഉണ്ടായില്ലെന്നതാണ് സത്യം. നാലാം മാർത്തോമ്മായ്ക്ക് അനുകൂലമോ പ്രതികൂലമോ ആയ ഒരു മറുപടിയും ലഭിച്ചില്ല. റോമിന്റെ ഈ താൽപര്യക്കുറവു മനസ്സിലാക്കിയ മാർത്തോമ്മാ നാലാമൻ നിരാശനായി പുനഃരൈക്യ പരിശ്രമങ്ങൾ ഉപേക്ഷിക്കുകയും അന്ത്യോക്യായിലെ യാക്കോബായ സഭയോടു കൂടുതൽ ബന്ധം സ്ഥാപിക്കുവാൻ ശ്രമിക്കുകയും ചെയ്തു.

## 4 അഞ്ചാം മാർത്തോമ്മായുടെ പുനഃരൈക്യ ശ്രമങ്ങൾ

മാർത്തോമ്മാ അഞ്ചാമനും (1728–1765) തന്റെ മുൻഗാമിയെപ്പോലെ പുനഃരൈക്യാർത്ഥം കഴിവതു പരിശ്രമിച്ച ഒരു വ്യക്തിയാണ്. കത്തോലിക്കാ സഭയുമായി ഐക്യപ്പെടുന്നു വെന്ന് കാണിച്ച് അദ്ദേഹം 1748-ൽ 14-ാം ബനഡിക്ട് മാർപ്പാപ്പായ്ക്ക് സുദീർഘമായ ഒരു അപേക്ഷ ബോനിഫസ് എന്ന കർമ്മലീത്താ മിഷനറി മുഖേന സമർപ്പിച്ചു.

പ്രസ്തുത അപേക്ഷയുടെ ആദ്യ ഭാഗത്ത് കേരള സഭാതലത്തിൽ ഭിന്നിപ്പ് ഉടലെടുക്കുന്നതുവരെയുള്ള ചരിത്രം സംക്ഷിപ്തമായി പറയുന്നുണ്ട്. കൂടാതെ, 'ഗ്രീക്കുകാർക്കനുവദിച്ചതു പോലെ പുളിച്ച അപ്പം ഉപയോഗിക്കുന്നതിനുള്ള സ്വാതന്ത്ര്യം' തങ്ങൾക്കും വേണമെന്ന് അഭ്യർത്ഥിച്ചു. പോർട്ടുഗീസ് മെത്രാൻമാർക്ക് പകരം കർമ്മലീത്ത മിഷനറിമാരെ തങ്ങൾക്കായി നിയോഗിക്കണമെന്നതാണ് മാർത്തോമ്മായുടെ പുനഃരൈക്യാപേക്ഷയിലെ അവസാന അഭ്യർത്ഥന. ചുരുക്കത്തിൽ, ഈ അപേക്ഷയിലൂടെ തന്റെ മുൻഗാമി പുനഃരൈക്യത്തിനുവച്ച നിർദ്ദേശങ്ങൾ തന്നെ അദ്ദേഹം ആവർത്തിക്കുകയാണ് ചെയ്തത്.

malankaralibrary.com

റോമാസിംഹാസനത്തിൽ നിന്നും അനുകൂലമായ ഒരു മറുപടി ഈ അപേക്ഷയ്ക്കു് ലഭിച്ചില്ല. ഈ കാലയളവിൽ കേരള സഭയെ ഭരിച്ചുകൊണ്ടിരുന്ന ലത്തീൻ മെത്രാൻമാരുടെ യാഥാർത്ഥ്യ വിരുദ്ധങ്ങളായ അഭിപ്രായങ്ങൾ മാർത്തോമ്മായെക്കുറിച്ച് തെററിദ്ധാരണകൾ ഉളവാക്കി. മാർത്തോമ്മാ അഞ്ചാമന്റെ പുനരൈക്യാപേക്ഷ സമർപ്പിച്ച ബോനിഫസ് എന്ന വൈദികൻ തന്നെ, മാർത്തോമ്മായുടെ ആത്മാർത്ഥതയെ സംശയിക്കേണ്ടിയിരിക്കുന്നു എന്നു റിപ്പോർട്ടുകൊടുത്തു. മാർത്തോമ്മായുടെ ഈ അഭ്യർത്ഥന ആത്മാർത്ഥമല്ലെന്നും അധികാരം തട്ടിയെടുക്കാനുള്ള ഒരു ശ്രമമാണിതെന്നും ഹിപ്പോളിററസ് എന്ന വൈദികൻ റോമിലേക്ക് എഴുതി. ഈ റിപ്പോർട്ടുകളുടെ എല്ലാം ഫലമായി ''മാർത്തോമ്മാ അഞ്ചാമന്റെ പ്രസ്താവനകൾ വെറും നാട്യങ്ങളാകയാൽ അവ പരിഗണിക്കേണ്ടതില്ലെ''ന്ന് 1757-ൽ വരാപ്പുഴ വികാരി അപ്പസ്തോലിക്കായ്ക്ക് റോം മറുപടി കൊടുത്തു. സഭയിൽ നിന്ന് ഭിന്നിച്ചുപോയതിനെക്കുറിച്ചോ അനധികൃതമായി മെത്രാൻ പട്ടം ഏററതിനെക്കുറിച്ചോ കത്തിൽ മനസ്താപം രേഖപ്പെടുത്താതിരുന്നതും, പോർട്ടുഗീസ് മെത്രാൻമാരെ മാററണമെന്നാവശ്യപ്പെട്ടതും അധികൃതർക്ക് സ്വീകാര്യമല്ലായിരുന്നു. മാർത്തോമ്മായ്ക്ക് ഭരണാധികാരം നൽകിയാൽ, കേരളത്തിലെ സുറിയാനി കത്തോലിക്കരുടെമേൽ ലത്തീൻ വികാരി അപ്പസ്തോലിക്കായ്ക്കുള്ള അധികാരത്തിന് കോട്ടം സംഭവിക്കുമോ എന്ന സംശയമായിരുന്നു അനുകൂല തീരുമാനം എടുക്കാഞ്ഞതിന്റെ മറെറാരു കാരണം.

റോമിന്റെ തീരുമാനമറിയുവാൻ പ്രതീക്ഷിച്ചുകൊണ്ടിരുന്ന അഞ്ചാം മാർത്തോമ്മായെ പ്രസ്തുത കത്ത് നിരാശയിലാഴ്ത്തുകയും തൻനിമിത്തം പുനഃരൈക്യ പരിശ്രമങ്ങളിൽനിന്നും അദ്ദേഹം പിൻവാങ്ങുകയും ചെയ്തു. അങ്ങനെ അഞ്ചാം മാർത്തോമ്മായുടെ പുനഃരൈക്യപരിശ്രമവും പരാജയത്തിൽ കലാശിക്കുകയാണുണ്ടായത്.

malankaralibrary.com

അദ്ധ്യായം 2

# ആറാം മാർത്തോമ്മാ (ദിവന്നാസ്യോസ് ഒന്നാമൻ) നടത്തിയ പുനരൈക്യ പരിശ്രമങ്ങൾ

സുദീർഘമായ 43 – വർഷം (1765–1808) മലങ്കര സഭയുടെ ഭരണസാരഥ്യംവഹിച്ച 6–ാം മാർത്തോമ്മായുടെ പുനരൈക്യ പരിശ്രമങ്ങൾ വളരെ പ്രാധാന്യമർഹിക്കുന്നവയാണ്. കത്തോലിക്കാ സഭയുമായി ഐക്യപ്പെടുവാൻ ഇത്രമാത്രം ആത്മാർത്ഥമായി യത്നിച്ചിട്ടുള്ള ഒരു സഭാ നേതാവും സഭാചരിത്രത്തിലുണ്ടെന്ന് തോന്നുന്നില്ല. തന്റെ മുൻഗാമികൾക്കുണ്ടായ കൈപ്പേറിയ അനുഭവങ്ങളിൽ നഷ്ടധൈര്യനാകാതെ പുനഃരൈക്യാർത്ഥം അഞ്ച് പരിശ്രമങ്ങൾ അദ്ദേഹം നടത്തുകയുണ്ടായി.

## I ആദ്യ പരിശ്രമം

ആറാം മാർത്തോമ്മാ മലങ്കര സുറിയാനിക്കാരുടെ നേതാവായി ഭരണാധികാരം ഏറ്റെടുത്ത് അധികം താമസിക്കാതെതന്നെ കത്തോലിക്കാ സഭയുമായി യോജിക്കുന്നതിനുള്ള മാർഗങ്ങൾ ആലോചിച്ചു തുടങ്ങി. വാരാപ്പുഴയിൽ താമസമാക്കിയിരുന്ന കർമ്മലീത്താ മിഷനറിമാർ ആത്മാർത്ഥമായ താൽപര്യം പ്രകടിപ്പിച്ചാൽ മാത്രമേ തന്റെ ആഗ്രഹം സഫലമാകുകയുള്ളൂഎന്ന് അദ്ദേഹത്തിനുതോന്നി. അതിനാൽ അന്നത്തെ വികാരി അപ്പസ്തോലിക്കയായിരുന്ന മോൺസിഞ്ഞോർ ഫ്ളോറൻസിനെ സമീപിച്ച് തന്റെ പുനഃരൈക്യാഭിലാഷം അറിയിച്ചു. ഫ്ളോറൻസ് ഇക്കാര്യം 1768 നവംബർ 3–ാം തീയതി റോമിൽ പ്രൊപ്പഗാന്താ തിരുസംഘത്തെ ഇൽഡഫോൺസ് എന്ന വൈദികൻ മുഖേന അറിയിച്ചു. വികാരി അപ്പസ്തോലിക്കാ ഇക്കാര്യത്തിൽ എടുക്കേണ്ട നിലപാട് എന്താണെന്നതിനെക്കുറിച്ച് റോമിലെ കർദ്ദിനാൾ സംഘം ഉപദേശരൂപേണ ഒരു മറുപടി കൊടുത്തു. പ്രസ്തുത കത്തിൽ മാർത്തോമ്മായ്ക്ക് യഥാർത്ഥ കൈവയ്പില്ലാത്തതിനാൽ 'അപ്പസ്തോലിക് പ്രോട്ടോനോട്ടറി' എന്ന പദവിയും അദ്ദേഹത്തെ ആശ്രയിച്ചു നിൽക്കുന്ന ജനങ്ങളുടെ മേൽ ലൗകികാധികാരവും കൊടുത്ത് ആശ്വസിപ്പിക്കുവാൻ തിരുസംഘം നിർദ്ദേശിച്ചു.

malankaralibrary.com

മാർത്തോമ്മായാകട്ടെ തന്റെ വിശ്വാസികളുടെ മേലുള്ള ആത്മീയാധികാരം നിഷേധിച്ചതിനാൽ ''പ്രോട്ടോനോട്ടറി'' എന്ന പദവി സ്വീകരിക്കുവാൻ വിസമ്മതിക്കുകയാണുണ്ടായത്. ആത്മീയ ഭരണമില്ലാതെ ലൗകിക ഭരണം പരാജയത്തിലേ കലാശിക്കുകയുള്ളുവെന്ന് അദ്ദേഹത്തിന് ബോദ്ധ്യമായിരുന്നു. അങ്ങനെ ആദ്യത്തെ പരിശ്രമം പരാജയത്തിൽ കലാശിച്ചു.

## 2 മെത്രാഭിഷേകാനന്തരം

1772 ജനുവരി മാസത്തിൽ അന്ത്യോക്യായിൽ നിന്നും വന്ന മാർ ഗ്രിഗോറിയോസിൽ നിന്നും മാർത്തോമ്മാ ആറാമൻ 'ദിവന്നാസ്യോസ് ഒന്നാമൻ' എന്ന പേരിൽ സാധുവായ കൈവയ്പ് സ്വീകരിച്ചു. അങ്ങനെ ശരിയായ കൈവയ്പും മെത്രാൻ പട്ടവും സ്വീകരിച്ച ഉടൻ തന്നെ വീണ്ടും അദ്ദേഹം കത്തോലിക്കാ സഭയുമായി കൂട്ടായ്മ പുനഃസ്ഥാപിക്കുന്നതിനുള്ള പരിശ്രമങ്ങൾ ആരംഭിച്ചു.

വികാരി അപ്പസ്തോലിക്കാ മുഖേനയുള്ള പരിശ്രമങ്ങൾ വിഫലമാണ് എന്നു കണ്ട മാർ ദിവന്നാസ്യോസ് ലക്ഷ്യപ്രാപ്തിക്കായി ഇപ്രാവശ്യം കൊടുങ്ങല്ലൂർ ആർച്ചു ബിഷപ്പ് സാൽവദോറിനെ സമീപിച്ചു. പക്ഷേ, പ്രായാധിക്യവും മററും കാരണം ഇതിനായി എന്തെങ്കിലും ചെയ്യുവാൻ അദ്ദേഹം താല്പര്യം കാണിച്ചില്ല. ഈ പ്രശ്നം 1773–ആഗസ്ററ് 20–ാം തീയതി അങ്കമാലിയിൽ സമ്മേളിച്ച ജനങ്ങൾ അപ്പസ്തോലിക് വിസിററായ ലോറൻസ് ജെസ്സിനിയാനിയെ അറിയിക്കുകയും മാർത്തോമ്മായ്ക്ക് തന്റെ ആശ്രിതത്വം ആഗ്രഹിക്കുന്ന പള്ളികളുടെമേൽ ഭരണാധികാരം നൽകുവാൻ അഭ്യർത്ഥിക്കുകയും ചെയ്തു. എന്നാൽ അദ്ദേഹത്തിന് സ്വന്തമായി ഈ പ്രശ്നം കൈകാര്യം ചെയ്യുവാൻ അധികാരമില്ലാതിരുന്നതുകൊണ്ട് ഈ അപേക്ഷകളും മാർ ദിവന്നാസ്യോസിന്റെ വിശ്വാസപ്രഖ്യാപനവും പരി. സിംഹാസനത്തിലേയ്ക്ക് അയച്ചു.

കാലം ചെയ്ത ഫ്ളോറൻസ് മെത്രാന്റെ പിൻഗാമിയായി വികാരി അപ്പസ്തോലിക്കയായി നിയുക്തനായ ഫ്രാൻസിസ് സാലസും 1773–ൽ ഇതു സംബന്ധിച്ച ഒരു റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. നാട്ടുകാരായ സ്വന്ത മെത്രാന്മാരെ സുറിയാനിക്കാർക്ക് ലഭിക്കുമെന്ന സൂചനപോലും കൊടുത്തുപോകരുതെന്നായിരുന്നു മെത്രാനായ സാലസിന് റോമിൽ നിന്നും ലഭിച്ച നിർദ്ദേശം. കാരണം സ്വദേശി മെത്രാന്റെ സാന്നിദ്ധ്യം വികാരി അപ്പസ്തോലിക്കായുടെ സ്ഥാനത്തിന് മങ്ങൽ ഏൽപ്പിക്കും. മാർത്തോമ്മായോടൊത്ത് പുനഃരൈക്യപ്പെടുന്ന മൂന്നോ നാലോ

malankaralibrary.com

ഇടവകകളുടെമേൽ എങ്കിലും ഭരണാധികാരം നൽകണമെന്ന അഭ്യർത്ഥനപോലും സാലസിന് അസ്വീകാര്യമായിരുന്നു.

## 3 ഡോ. ജോസഫ് കരിയാററി മുഖേന

കേരളത്തിലെ മിഷനറിമാരുടെ അധികാരമോഹമാണ് തൻെറ പുനഃരൈക്യം സാധിതമാകാത്തതിനു കാരണമെന്ന് മാർ ദിവന്നാസ്യോസിന് ബോദ്ധ്യമായി. തന്മൂലം സ്വദേശിയർ മുഖേന റോമുമായുള്ള പുനഃരൈക്യത്തിന് പരിശ്രമിക്കുവാൻ മാർ ദിവന്നാസ്യോസ് നിശ്ചയിച്ചു.

പഴയകൂർ സമുദായത്തിലെ പ്രഗത്ഭനായിരുന്ന ഡോ. ജോസഫ് കരിയാററിയെ തൻെറ പുനരൈക്യാഭിലാഷം അറിയിക്കുകയും അതിനെപ്പററി ആലോചിക്കുവാനായി തൻെറ ആസ്ഥാനമായ നിരണത്തേക്കു ക്ഷണിക്കുകയും ചെയ്തു. ഡോ. കരിയാററി നിരണത്തുപോയി മാർ ദിവന്നാസ്യോസിനെ കണ്ട് സംഭാഷണം നടത്തി. മെത്രാപ്പോലീത്തായുടെ പുനരൈക്യത്തിന് തന്നാൽ കഴിവതെല്ലാം ചെയ്യാമെന്നും വേണ്ടിവന്നാൽ റോമിലേക്കുതന്നെയും പോകാമെന്നും അദ്ദേഹം വാഗ്ദാനം ചെയ്തു.

ഡോ. കരിയാററി, പാറേമ്മാക്കൽ തോമാകത്തനാരുമൊന്നിച്ച് 1778-ൽ റോമിലേക്ക് യാത്ര തിരിച്ചു. ആറാം പീയൂസ് മാർപ്പാപ്പായ്ക്ക് സമർപ്പിക്കുവാനായി എല്ലാ വിവരവും കാണിച്ചുകൊണ്ട് ഒരു അപേക്ഷ തയ്യാറാക്കി മാർ ദിവന്നാസ്യോസ് ഡോ. കരിയാററിയെ ഏല്പിച്ചു. യാത്രാമദ്ധ്യേ അവർ 1779 ജൂലൈ 18-ന് പോർട്ടുഗല്ലിൻെറ തലസ്ഥാനമായ ലിസ്ബണിലെത്തി. പോർട്ടുഗീസ് രാജ്ഞിക്ക് ദിവന്നാസ്യോസിൻെറ അപേക്ഷകൾ നൽകി. അവിടെ നിന്നും റോമിൽ എത്തി.

മാർ ദിവന്ന്യാസോസിൻെറ പുനരൈക്യഭിലാഷം ഒരു യാഥാർത്ഥ്യമാകുവാൻവേണ്ടി ഇറങ്ങിപ്പുറപ്പെട്ട ഡോ. കരിയാററിക്കും പാറേമ്മാക്കലിനും വളരെയേറെ ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവന്നു. യാത്രാക്ലേശങ്ങളും രോഗങ്ങളും ഒരു വശത്ത്; കേരളത്തിലെ അന്നത്തെ സഭാധികാരികളുടെ യാഥാർത്ഥ്യ വിരുദ്ധങ്ങളായ റിപ്പോർട്ടുകൾ മറുവശത്ത്. മാർ ദിവന്നാസ്യോസിൻെറ വിശ്വാസപ്രഖ്യാപനത്തോടും അപേക്ഷയോടുംകൂടി അവർ റോമിൽ ചെല്ലുന്നതിനു മുമ്പുതന്നെ അദ്ദേഹത്തിൻെറ ഉദ്ദേശം ആത്മാർത്ഥമല്ലെന്ന് മിഷനറിമാർ തിരുസംഘത്തെ അറിയിച്ചു കഴിഞ്ഞിരുന്നു. റോമിൽ അവർക്കു ഹൃദ്യമായ സ്വീകരണം ലഭിച്ചില്ലെന്നു മാത്രമല്ല, തങ്ങളുടെ പ്രാദേശിക

malankaralibrary.com

മെത്രാൻമാരുടെ അനുവാദമില്ലാതെ പുറപ്പെട്ടിരിക്കുന്ന ശീശ്മ വാദികം, കലഹക്കാർ എന്നെല്ലാം അവരെ ചിത്രീകരിച്ചു.

പ്രൊപ്പഗാന്താ കോളേജിൻെറ ചുമതല വഹിക്കുന്ന കർദ്ദിനാം കുസ്ത്തെല്ലിയെ അവർ സമീപിച്ച് തങ്ങളുടെ ആഗമനോദ്ദേശ്യം വ്യക്തമാക്കി. എന്നാൽ പുനരൈക്യത്തിന് അനുകൂലമായ മറുപടിയൊന്നും അദ്ദേഹം നൽകിയില്ല. ദിവന്നാസ്യോസിനെ മെത്രാനായി സ്വീകരിച്ചാൽ വരാപ്പുഴ വികാരി അപ്പസ്തോലിക്കാ അസ്ഥാനത്താകുമെന്നും കേരള സഭാമേലുള്ള പ്രൊപ്പഗാന്താ സംഘത്തിൻെറ ആധിപത്യം നഷ്ടമാകുമെന്നുമായിരുന്ന അദ്ദേഹത്തിൻെറ ഭയം. മാർ ദിവന്നാസ്യോസിൻെറ ഉത്തമ വിശ്വാസത്തിന് ഇററലിയിൽ നിന്നും ജർമ്മനിയിൽനിന്നും സാക്ഷികളെ ഹാജരാക്കാമെന്നു പറഞ്ഞിട്ടും കർദ്ദിനാം സംതൃപ്തനായില്ല.

ആകയാൽ മാർപ്പാപ്പായെ സന്ദർശിക്കുവാൻ യാത്രാസംഘം തീരുമാനിച്ചു. മാർ ദിവന്നാസ്യോസിൻെറ വിശ്വാസപ്രതിജ്ഞ, അദ്ദേഹത്തിനു വേണ്ടിയുള്ള ഡോ. കരിയാററിയുടെയും പാറേമ്മാക്കലിൻെറയും ഒരു അപേക്ഷ, 72 സുറിയാനിപള്ളിക്കാരുടെ അപേക്ഷ ഇവ ആറാം പീയൂസ് മാർപ്പാപ്പായ്ക്ക് സമർപ്പിച്ചു കൊണ്ട് തങ്ങളുടെ ആഗമനോദ്ദേശ്യം അവർ വ്യക്തമാക്കി. മാർ ദിവന്നാസ്യോസിൻെറ പുനരൈക്യാപേക്ഷയിൽ, ഇവിടത്തെ ആദ്യകാലചരിത്രം, 16—ാം നൂററാണ്ടിൽ സംഭവിച്ച സഭാഭിന്നത, തൻെറ മുൻഗാമികളുടെ പുനരൈക്യശ്രമങ്ങൾ തുടങ്ങിയവ ആദ്യഭാഗത്തു പറയുന്നു. തുടർന്ന് അദ്ദേഹം കത്തോലിക്കാ സഭയുടെ വിശ്വാസം പ്രഖ്യാപിക്കുകയും മാർപ്പാപ്പായ്ക്ക് അനുസരണം വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. കത്തോലിക്കാസഭയിൽ തന്നെ സ്വീകരിക്കണമെന്നും അതിനുവേണ്ടിതൻെറ രക്തം ചിന്താൻപോലും തയ്യാറാണെന്നും അപേക്ഷയുടെ അവസാനഭാഗത്ത് വ്യക്തമാക്കുന്നു. മാർപ്പാപ്പയാകട്ടെ മാർ ദിവന്നാസ്യോസിൻെറ പുനരൈക്യത്തെക്കുറിച്ച് നേരിട്ടൊന്നും സംസാരിക്കാതെ തീരുമാനമെടുക്കുന്നതിനായി തിരുസംഘത്തെ ഏൽപ്പിക്കുകയാണ് ചെയ്തത്.

തുടർന്ന് പ്രൊപ്പഗാന്താ തിരുസംഘം, മാർ ദിവന്നാസ്യോസിൻെറ മെത്രാഭിഷേകം യഥാർത്ഥമാണോയെന്നും, അദ്ദേഹത്തിൻെറ പുനരൈക്യഭിലാഷം ഹൃദയപൂർവമാണോയെന്നും അന്വേഷിച്ച് റിപ്പോർട്ടു സമർപ്പിക്കുന്നതിന് ഗോവായുടെ അഡ്മിനിസ്ട്രേററർ ഇമ്മാനുവേലിനെ ചുമതലപ്പെടുത്തി. അദ്ദേഹം സമർപ്പിച്ച റിപ്പോർട്ടിൽ മാർ ദിവന്നാസ്യോസിന്

malankaralibrary.com

എതിരായി പല ഭാഗങ്ങളും ഉണ്ടായിരുന്നുവെങ്കിലും, കാനൻ നിയമപണ്ഡിതൻമാർ മാർ ദിവന്നാസ്യോസിനെ കത്തോലിക്കാ സഭയിൽ മെത്രാനടുത്ത അധികാരത്തോടുകൂടി സ്വീകരിക്കേണ്ട താണെന്നു തീരുമാനിച്ചു. പോർട്ടുഗീസ് ഗവൺമെൻറ് അനുകൂല മായി റിപ്പോർട്ടുചെയ്യുകയാൽ, മാർ ദിവന്നാസ്യോസിനെ കത്തോ ലിക്കാസഭയിൽ സ്വീകരിക്കുന്നതിനുള്ള അധികാരങ്ങളെല്ലാം പോർട്ടുഗല്ലിൽവച്ച് അഭിഷിക്തനായ കരിയാററിൽ മെത്രാപ്പോ ലീത്തായ്ക്കു റോം നൽകുകയും ചെയ്തു. പക്ഷേ, മടക്കയാത്രയിൽ 1785 സെപ്ററംബർ 9-ാം തീയതി ഗോവയിൽവച്ച് അദ്ദേഹം അകാല നിര്യാണം പ്രാപിച്ചു. അങ്ങനെ മാർ ദിവന്നാസ്യോ സിൻെറ മൂന്നാമത്തെ സഭൈക്യശ്രമവും പരാജയപ്പെട്ടു. (ഈ യാത്രയെക്കുറിച്ച്, പാറേമാക്കൽ തോമാകത്തനാർ എഴുതിയ 'വർത്തമാനപുസ്തകമാണ് മലയാളത്തിലെ ആദ്യത്തെ യാത്രാ വിവരണ ഗ്രന്ഥം)

## 4 പാറേമ്മാക്കൽ ഗോവർണ്ണദോർ മുഖേന

കരിയാററിൽ മെത്രാപ്പോലീത്തായുടെ പിൻഗാമിയായി അദ്ദേഹത്തിൻെറ സന്തതസഹചാരിയായിരുന്ന പാറേമാക്കൽ തോമ്മാകത്തനാർ കൊടുങ്ങല്ലൂർ രൂപതയുടെ ഗോവർണ്ണദോർ എന്ന പദവിയിൽ നിയമിതനായി. തോമ്മാ ഗോവർണ്ണദോർ ദിവന്നാ സ്യോസിൻെറ പുനരൈക്യത്തിൽ അങ്ങേയററം തല്പരനായിരുന്നു. ശീശ്മയിൽപ്പെട്ട ഒരു മെത്രാനെ കത്തോലിക്കാസഭയിലേക്ക് സ്വീകരിക്കുന്നതിന് വേറെയാരുടെയും അനുവാദം ദൈവശാസ്ത്ര പരമായും സഭാപാരമ്പര്യപ്രകാരവും ആവശ്യമില്ലെന്ന് പാറേമ്മാക്കൽ മനസ്സിലാക്കി. തൻമൂലം അദ്ദേഹം ഗോവാ മെത്രാപ്പോലീത്തായായ എമ്മാനുവേലിനോട് മാർ ദിവന്നാസ്യോസിൻെറ പുനരൈക്യ കാര്യത്തിൽ ഇടപെടുവാൻ അഭ്യർത്ഥിച്ചു. ഗോവാ മെത്രാപ്പോ ലീത്തായാകട്ടെ, കൊച്ചിമെത്രാനായ സൊളദാദോ മെത്രാനോട് മാർ ദിവന്നാസ്യോസുമായി സമ്പർക്കം പുലർത്തുവാൻ ആവശ്യപ്പെട്ടു. സന്ദർശനവും പ്രതിസന്ദർശനവും മുറയ്ക്കു നടന്നു. മാർ ദിവന്നാ സ്യോസിൻെറ പക്കലുള്ള രേഖകളിൽ നിന്നും അദ്ദേഹത്തിൻെറ മെത്രാൻപട്ടം സാധുവാണ് എന്ന് സൊളദാദോ മെത്രാൻ മനസ്സി ലാക്കി. 1791-ൻെറ ആദ്യഘട്ടത്തിൽ മാർ ദിവന്നാസ്യോസ് തൻെറ കൂടെ പുനരൈക്യപ്പെട്ടവരുടെമേൽ മെത്രാൻേറതായ അധി കാരാവകാശം വേണമെന്നതൊഴികെ മററെല്ലാ ആവശ്യങ്ങളും ഉപേക്ഷിക്കുവാൻ തയ്യാറാണെന്ന ഉടമ്പടിയും സൊളദാദോ മെത്രാ നുമായി ഉണ്ടാക്കി. തൻെറ പിൻഗാമിയെ റോമിൽ നിന്നു നിയമിക്കുകയോ, തൻെറ മരണശേഷം കൊടുങ്ങല്ലൂർ രൂപതയിൽ ലയിപ്പിക്കുകയോ ചെയ്യുന്നതിന് അദ്ദേഹത്തിന് സമ്മതമായി

malankaralibrary.com

രുന്നു. അതുപോലെ ആരാധനക്രമം, വിശ്വാസപ്രമാണം, ആചാരാനുഷ്ഠാനങ്ങൾ എന്നിവയിൽ വേണ്ട പരിഷ്ക്കാരങ്ങൾ വരുത്തുന്നതിനും അദ്ദേഹം തയ്യാറായിരുന്നു. അങ്ങനെ അദ്ദേഹത്തിന്റെ സഭാ പ്രവേശനം ഉയിർപ്പുതിരുനാൾ കഴിഞ്ഞുവരുന്ന രണ്ടാം ഞായറാഴ്ച കല്ലൂർക്കാട്ടുവച്ചു നടത്തുന്നതിനും തീരുമാനിച്ചു.

ഈ വാർത്തയറിഞ്ഞ വരാപ്പുഴയിലെ കർമ്മലീത്താക്കാരനായ അലോഷ്യസ് മെത്രാൻ ഇതിനെ എതിർത്തു. സൊളദാദോ മെത്രാനോ അദ്ദേഹത്തോട് ആവശ്യപ്പെട്ട ഗോവാമെത്രാപ്പോലീത്തായ്ക്ക് ഇപ്രകാരം മാർ ദിവന്നാസ്യോസിനെ സഭയിലേക്ക സ്വീകരിക്കുവാൻ അവകാശമില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. മാത്രമല്ല, ദിവന്നാസ്യോസിനെ മെത്രാനായി സ്വീകരിക്കണമെങ്കിൽ അതിന്ന മാർപ്പാപ്പായിൽ നിന്നും പ്രത്യേക ദൗത്യം ലഭിക്കേണ്ടതുണ്ടെന്നും അദ്ദേഹം വാശിയോടെ വാദിച്ചു. വീണ്ടും റോമുമായി എഴുത്തുകുത്തുകളുടെ ഫലമായി ഗോവാ ആർച്ചുബിഷപ്പ് എമ്മാനുവേലിന്, മാർ കരിയാററിക്കു നൽകിയ അധികാരാവകാശങ്ങളോടെ മാർ ദിവന്നാസ്യോസിനെ സഭയിലേക്കു സ്വീകരിക്കുവാൻ റോം അനുവാദം കൊടുത്തു.

തനിക്കുകിട്ടിയ നിർദേശപ്രകാരം എമ്മാനുവേൽ മെത്രാപ്പോലീത്താ 1796 സെപ്റ്റംബർ 19-ാം തീയതി കൊല്ലത്തുവച്ച് കൊച്ചിമെത്രാൻ സോളദാദോയുടെ സാന്നിദ്ധ്യത്തിൽ ഒരു യോഗം കൂടി. അന്നത്തെ കേരളകത്തോലിക്കരുടെ ഒരു അനിഷേധ്യ നേതാവായിരുന്ന തച്ചിൽ മാത്തുതരകനും ഈ പുനരൈക്യ ചർച്ചകളിൽ പങ്കുകൊണ്ടു. ദിവന്നാസ്യോസ് മെത്രാപ്പോലീത്തായെ കത്തോലിക്കാസഭയിൽ സ്വീകരിക്കുന്ന പക്ഷം അദ്ദേഹം പഴയകൂർ സുറിയാനിക്കാരുടെയും മെത്രാനായിത്തീർന്നേക്കുമെന്ന ഭയം നിമിത്തം ഇപ്രാവശ്യം കൊച്ചി മെത്രാൻ പുനരൈക്യാപേക്ഷ നിരസിക്കുകയാണ് ചെയ്തത്. കൂടാതെ, ഉദയംപേരൂർ സൂനഹദോസിന്റെ നിശ്ചയങ്ങളെല്ലാം ദിവന്നാസ്യോസ് അംഗീകരിക്കണമെന്ന ന്യായരഹിതമായ വ്യവസ്ഥയും ഉന്നയിച്ചു. അങ്ങനെ നാലാമത്തെ പുനരൈക്യ പരിശ്രമവും പരാജയത്തിൽ കലാശിച്ചു.

## 5. അവസാന പരിശ്രമം

ഉദയംപേരൂർ സുനഹദോസിന്റെ നിശ്ചയങ്ങൾ സ്വീകരിച്ചാൽ താൻ വളരെ നാളായി ആഗ്രഹിക്കുന്ന പുനരൈക്യം സാദ്ധ്യമായിത്തീരും എന്ന ഉദ്ദേശ്യത്തോടുകൂടി അവയും സ്വീകരിക്കുവാൻ മാർ ദിവന്നാസ്യോസ് സന്നദ്ധനായി. സുനഹദോസിന്റെ നിയമങ്ങളും, പൗരസ്ത്യ സഭകൾക്കുവേണ്ടി 8-ാം ഉർബാനോസ് മാർപ്പാപ്പാ നിർദ്ദേശിച്ചിട്ടുള്ള വിശ്വാസപ്രമാ

malankaralibrary.com

ണവും അംഗീകരിച്ചുകൊള്ളാമെന്ന് പടിയോലയിൽ (ആലപ്പുഴ പടിയോല എന്ന പേരിലിത് അറിയപ്പെടുന്നു.) അദ്ദേഹം എഴുതി ഒപ്പിട്ടുകൊടുത്തു. അങ്ങനെ 1799 ജൂൺ 22–ാം തീയതി മാർ ദിവന്നാസ്യോസും അനുയായികളും ആലപ്പുഴ തത്തംപള്ളിൽ വച്ച് കത്തോലിക്കാസഭയുമായി പുനരൈക്യം പ്രാപിച്ചു. എന്നാൽ അജപാലനാധികാരം സംബന്ധിച്ച അനിശ്ചിതാവസ്ഥയിൽ നിരാശനായിത്തീർന്ന ദിവന്ന്യാസ്യോസ് ആറുമാസത്തിനു ശേഷം പുത്തൻകുറ്റിലേക്ക് തിരികെ പോകുകയാണ് ചെയ്തത്.

ചുരുക്കത്തിൽ, കത്തോലിക്കാസഭയുമായി ഐക്യപ്പെടുവാൻ ആജീവനാന്തം പരിശ്രമിച്ച ഒരു സത്യാന്വേഷിയായിരുന്നു മാർ ദിവന്നാസ്യോസ് ഒന്നാമൻ. അദ്ദേഹത്തിന്റെ അദമ്യമായ ആ അഭിലാഷം യാഥാർത്ഥ്യവത്ക്കരിക്കപ്പെടാഞ്ഞതിന്റെ കാരണങ്ങളും നാം കണ്ടുകഴിഞ്ഞു.

malankaralibrary.com

അദ്ധ്യായം 3

# 19-ാം നൂററാണ്ടിലെ പുനരൈക്യ ശ്രമങ്ങൾ

## 1 ചേപ്പാട്ടു മാർ ദിവന്നാസ്യോസിന്റെ ശ്രമങ്ങൾ

മലങ്കര യാക്കോബായ സഭാനേതൃത്വത്തിൽ നിന്നും തീവ്രമായ പുനരൈക്യശ്രമങ്ങൾ വീണ്ടും ചേപ്പാട്ട് മാർ ദിവന്നാസ്യോസിന്റെ (1825-1855) കാലത്തുണ്ടായി. രണ്ടുകാരണങ്ങളാണ് അദ്ദേഹത്തെ ഇതിനു പ്രേരിപ്പിച്ചത്. അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസിന്റെ സ്വേച്ഛാധിപത്യപരവും അസഹനീയവുമായ പ്രവത്തനങ്ങളോടുണ്ടായ വിദ്വേഷമായിരുന്നു ഒന്നാമത്തെ കാരണം. രണ്ടാമത്തേതാകട്ടെ പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെ പ്രവർത്തനം വഴി തന്റെ ജനങ്ങളുടെ വിശ്വാസം തകരുമോ എന്ന ഭയമായിരുന്നു. പ്രൊട്ടസ്റ്റന്റ് അനുഭാവികളായി മാറുന്നതിനേക്കാൾ പൂർവ്വികമായ കത്തോലിക്കാസഭയുടെ ഐക്യത്തിലേക്ക് സ്വജനങ്ങളോടുകൂടി തിരികെ പോകുന്നതാണ് അഭികാമ്യമെന്ന് അദ്ദേഹത്തിനു തോന്നി.

തന്മൂലം പുനരൈക്യാർത്ഥം വരാപ്പുഴ മെത്രാപ്പോലീത്തായുമായി അദ്ദേഹം കത്തിടപാടുകൾ നടത്തി. നാട്ടുമെത്രാന്മാരുടെ പുനരൈക്യത്തിന് ഒട്ടും താൽപര്യം ഇല്ലാതിരുന്ന വരാപ്പുഴ മെത്രാപ്പോലീത്തായിൽ നിന്ന്, അദ്ദേഹത്തെ ഒരു മെത്രാന്റെ അധികാരാവകാശങ്ങളോടുകൂടെ സ്വീകരിക്കുവാൻ നിർവ്വാഹമില്ലെന്ന മറുപടിയാണ് ലഭിച്ചത്. അതിനാൽ പുനരൈക്യ പരിശ്രമങ്ങളിൽ നിന്നും പിൻതിരിയുന്നതിന് മാർ ദിവന്നാസ്യോസ് നിശ്ചയിക്കുകയാണുണ്ടായത്.

## 2 പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസിന്റെ ശ്രമങ്ങൾ

അടുത്തതായി മലങ്കരസഭയുടെ നേതൃത്വം ഏറെറടുത്ത ദിവന്നാസ്യോസ് അഞ്ചാമൻ (1866-1908) വ്യവഹാരങ്ങളും കക്ഷിവഴക്കുകളും കൊണ്ട് (നവീകരണകക്ഷി അഥവാ മാർത്തോമ്മാ സഭയുമായി) ഭിന്നിച്ചുകൊണ്ടിരുന്ന തന്റെ സഭയെ രക്ഷിക്കുക എന്ന ലക്ഷ്യത്തോടെ പുനരൈക്യത്തെപ്പററി ആലോചിക്കുകയുണ്ടായി. പഴയകൂററുകാരും താൻ ഉൾപ്പെടുന്ന പുത്തൻകൂററുകാരും

malankaralibrary.com

തമ്മിൽ ബാഹ്യമായ ഐക്യം കൈവരുത്തിയ ശേഷം കത്തോലിക്കാസഭയിൽ പ്രവേശിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം. ഇക്കാര്യത്തിനുവേണ്ടി സമുദായ സ്നേഹിയായ കുറവിലങ്ങാട്ടു നിധിയിരിക്കൽ മാണിക്കത്തനാർ അകമഴിഞ്ഞു പരിശ്രമിച്ചു. പുനരൈക്യത്തിന്റെ പ്രഥമപടിയായി കോട്ടയത്ത് 'നസ്രാണി ജാത്യൈക്യ സംഘം' എന്ന പേരിൽ ഒരു സംഘടന സ്ഥാപിച്ചു. അങ്ങനെ രണ്ടുകൂട്ടരും തമ്മിൽ പരസ്പര ധാരണയിലേക്ക് നീങ്ങുകയും ചെയ്തു.

അനന്തരം മാർ ദിവന്നാസ്യോസ് മാണിക്കത്തനാരോടുകൂടി ഉണ്ടാക്കമണ്ടിൽ പോയി മാർപ്പാപ്പായുടെ പ്രതിനിധിയായ മോൺസിഞ്ഞോർ അയൂത്തിയെ കണ്ട് പുനരൈക്യാലോചനകൾ നടത്തി. തങ്ങളുടെ ഹയരാർക്കി നിലനിർത്തുകയും ഭദ്രാസനങ്ങളിൽ ഭരണാധികാരം തുടർന്നു നിർവ്വഹിക്കുന്നതിനുമുള്ള സാധ്യതകൾ, വിവാഹിതരായ വൈദികർ പൗരോഹിത്യ കടമകൾ തുടരുന്നതിനും അന്ത്യോക്യൻ ആരാധനക്രമം തുടർന്ന് ഉപയോഗിക്കുന്നതിനും സാധിക്കുമോ എന്നീ കാര്യങ്ങൾ ഡലഗേററുമായി ചർച്ച ചെയ്തു. ഡലഗേററ് അവയെല്ലാം വിശദീകരണം നൽകുകയും എല്ലാവിധ സഹായസഹകരണങ്ങളും വാഗ്ദാനം ചെയ്യുകയും ചെയ്തു. തിരിച്ചെത്തിയ ശേഷം മാർ ദിവന്നാസ്യോസ് മാർപ്പാപ്പായ്ക്ക് ഒരു സന്ദേശം അയച്ചുകൊടുക്കുകയും മാണിക്കത്തനാരുടെ ആലോചനയോടും പ്രേരണയോടും കൂടെ പുനരൈക്യസംരംഭം തുടരുകയും ചെയ്തു. പക്ഷേ, തീരുമാനം ലഭിക്കുവാൻ താമസം നേരിടുകയും അക്കാലത്തു നവീകരണകക്ഷിക്ക് നേതൃത്വം നൽകിയിരുന്ന മാത്യൂസ് മാർ അത്തനാസ്യോസുമായി നടന്നു കൊണ്ടിരുന്ന പഴയ സെമിനാരിക്കേസിൽ അനുകൂലമായ വിധിയുണ്ടാകുകയും ചെയ്യുകയാൽ മാർ ദിവന്നാസ്യോസ് പുനരൈക്യശ്രമം ഉപേക്ഷിക്കുകയാണ് ചെയ്തത്.

## 3 കണ്ടനാട് മാർ ഈവാനിയോസ് നടത്തിയ പുനരൈക്യ ശ്രമം

അബ്ദൽ മിശിഹാ പാത്രിയർക്കീസ് മലങ്കരയിൽ ഒന്നാമത്തെ കാതോലിക്കോസിനെ വാഴിച്ച അവസരത്തിൽ (1912) രണ്ടു മെത്രാന്മാരെക്കൂടെ വാഴിക്കുകയുണ്ടായി. അതിൽ ഒരാളാണ് കണ്ടനാട് മാർ ഈവാനിയോസ്. 1923-ൽ കണ്ടനാട്ടു കത്തോലിക്കാപള്ളി വികാരിയായിരുന്ന ബ. തോട്ടുകലച്ചനുമായി ആലോചനകൾ ആരംഭിക്കുകയും അതു പുരോഗമിച്ച് എറണാകുളം മെത്രാപ്പോലീത്താ മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമേനിയുടെ പക്കൽ എത്തുകയും ചെയ്തു. എറണാകുളം അരമനയിൽ ചെന്ന്

malankaralibrary.com

സത്യ പ്രതിജ്ഞയ്ക്കുള്ള ദിവസവും സമയവും മുൻകൂട്ടി നിശ്ചയിച്ചു. ഇത് അറിഞ്ഞ് അദ്ദേഹത്തിന്റെ സഹോദര പുത്രൻ സൈമൺ ഡി. കോർ എപ്പിസ്കോപ്പാ എറണാകുളത്തേയ്ക്കു പോകേണ്ട അദ്ദേഹത്തെ ചതി പ്രയോഗിച്ച് പരുമല സെമിനാരിയിലേക്ക് കൊണ്ടുപോയി. ഇതിൽ ദു:ഖിതനായ മാർ ഈവാനിയോസ് 'നിങ്ങളുടെ എല്ലാം ഇഷ്ടംപോലെയാകട്ടെ' എന്നു പറഞ്ഞ് മൂന്നുവർഷം പരുമല സെമിനാരിയിൽ തന്നെ താമസിക്കുകയും പുനരൈക്യം സാധിക്കാതെ മരിക്കുകയും ചെയ്തു. (എന്നാൽ സൈമൺ ഡി. കോർ എപ്പിസ്കോപ്പാ ഒടുവിൽ താൻ ചെയ്ത തെററിൽ പശ്ചാത്തപിക്കുകയും കത്തോലിക്കാസഭയുമായി പുന രൈക്യപ്പെടുകയും ചെയ്തു.)

## 4 ക്നാനായ സമുദായം നടത്തിയ പുനരൈക്യ പരിശ്രമം

കൂനൻകുരിശു സത്യത്തെ തുടർന്നുണ്ടായ ചേരിതിരിവ് ക്നാനായ സമുദായത്തേയും ബാധിക്കുകയും ഇതിന്റെ ഫലമായി ക്നാനായ കത്തോലിക്കരും ക്നാനായ യാക്കോബായക്കാരും ഉണ്ടാകുകയും ചെയ്തു. സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലം ഇങ്ങനെ വേർപിരിയേണ്ടിവന്നെങ്കിലും രണ്ടു കൂട്ടരും ഒന്നിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് എന്നും ബോദ്ധ്യമുള്ളവരായിരുന്നു.

1890-ൽ കോട്ടയം വികാരിയാത്തിൽ ലവീഞ്ഞുമെത്രാന്റെ വികാരി ജനറാളായിരുന്ന മാത്യു മാക്കിലച്ചനും, യാക്കോബായ വൈദികനായിരുന്ന മാലിത്തറ അച്ചനും കൂടി പുനരൈക്യ ചർച്ചകൾ ആരംഭിച്ചു. 1891—ൽ കല്ലിശേരിയിൽ വച്ചുകൂടിയ യോഗത്തിലും പുനരൈക്യ വിഷയം ചർച്ചാവിഷയമാവുകയും ക്നാനായക്കാരിൽ ഒരുകൂട്ടക്ക് മെത്രാനായാൽ പുനരൈക്യപ്പെടാം എന്ന നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്തു.

1910-ൽ ക്നാനായ യാക്കോബായക്കാർക്കായി ഒരു പ്രത്യേക ഭദ്രാസനം നിലവിൽ വരുകയും മാർ സേവേറിയോസ് മെത്രാനായി നിയമിതനാകുകയും ചെയ്തു. 1911—ൽ ചങ്ങനാശേരി രൂപത വിഭജിച്ച് ക്നാനായ കത്തോലിക്കർക്കായി കോട്ടയം രൂപത സ്ഥാപിക്കുകയും രൂപതാദ്ധ്യക്ഷനായി മാർ മാക്കീൽ നിയമിത നാവുകയും ചെയ്തു. അതോടെ പുനരൈക്യ പരിശ്രമങ്ങൾ വീണ്ടും സജീവമായി. ക്നാനായ യാക്കോബായക്കാരുടെ ഒരു രഹസ്യ യോഗം ചിങ്ങവനത്തു കൂടുകയും പുനരൈക്യപ്പെടുന്ന ക്നാനാ യക്കാർക്കുവേണ്ടി അന്ത്യോക്യൻ റീത്ത് അനുവദിപ്പിക്കണമെന്നും യോജിപ്പിന്റെ ഗുണങ്ങളെക്കുറിച്ച് പ്രചരണം നടത്തണമെന്നും തീരുമാനിച്ചു.

malankaralibrary.com

മാക്കീൽ മെത്രാന്റെ പിൻഗാമിയായി വന്ന മാർ അലക്സാണ്ടർ ചൂളപ്പറമ്പിലിനേയും, 1920-ൽ അപ്പസ്തോലിക്ക് ഡലഗേററ് എത്തിയപ്പോൾ അദ്ദേഹത്തെയും കണ്ട് യാക്കോബായ പ്രതിനിധികൾ പുനരൈക്യത്തെക്കുറിച്ച് സംസാരിക്കുകയുണ്ടായി. ഡലഗേററിന്റെ നിർദ്ദേശം അനുസരിച്ച് അന്ത്യോക്യൻ റീത്ത് അനുവദിച്ച് കിട്ടുവാനായി 1920-നവംബർ 20-ാം തീയതി ചങ്ങനാശ്ശേരിയിൽ അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ സുറിയാനി മെത്രാൻമാരുടെ കോൺഫറൻസ് കൂടുകയും പ്രസ്തുത കാര്യത്തിനായുള്ള അപേക്ഷ സമർപ്പിക്കുകയും ചെയ്തു.

ഈ കാലയളവിൽ ക്നാനായ മെത്രാനായിരുന്ന മാർ സേവേറിയോസിന്റെ നേതൃത്വത്തിൽ പുനരൈക്യപരിശ്രമങ്ങൾ തുടന്നു. 1921-മാർച്ച് 30-ാം തീയതി ചൂളപ്പറമ്പിൽ മെത്രാൻ മാർ സേവേറിയോസുമായി പുനരൈക്യ കാര്യങ്ങൾ ചർച്ചചെയ്തു. ഈ അവസരത്തിൽ 1921- ജൂലൈ 5-ാം തീയതി അന്ത്യോക്യൻ റീത്ത് അനുവദിച്ചുകൊണ്ടുള്ള ബൂളാ റോമിൽ നിന്നും കിട്ടി. ഇതറിഞ്ഞ് ചൂളപ്പറമ്പിൽ മെത്രാൻ എല്ലാപള്ളികളിലേക്കും സർക്കുലർ അയയ്ക്കുകയും പല പള്ളികളും സന്ദർശിച്ച് പുനരൈക്യത്തിന് പ്രേരണ നൽകുകയും ചെയ്തു. പക്ഷേ, എന്തുകാരണവശാലോ മാർ സേവേറിയോസ് പുനരൈക്യ കാര്യത്തിൽ നിന്നും പിൻമാറുകയാണ് ചെയ്തത്. സമൂഹപരമായ പുനരൈക്യം സാദ്ധ്യമല്ലെന്ന് മനസ്സിലാക്കിയ ചൂളപ്പറമ്പിൽ മെത്രാൻ നിരാശനാകാതെ പുനരൈക്യ ലക്ഷ്യം വച്ചുകൊണ്ട് പ്രവർത്തിക്കുകയും അങ്ങനെ പല വൈദികരും കുടുംബങ്ങളും പുനരൈക്യപ്പെട്ട് കോട്ടയം രൂപതയിൽ ചേരുകയും ചെയ്തു. അവർ മലങ്കര ആരാധനക്രമം റോമിൽ നിന്ന് പ്രത്യേകമായി കിട്ടിയ അനുവാദപ്രകാരം ഉപയോഗിക്കുന്നു.

## 5 പുനരൈക്യപരിശ്രമങ്ങൾ ചങ്ങനാശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ

1920- മുതൽ 1930–വരെയുള്ള കാലയളവിൽ മലങ്കര യാക്കോബായ സഭയിൽനിന്നും അനേകം വ്യക്തികളും കുടുംബങ്ങളും വൈദികരും കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുകയുണ്ടായി. ചങ്ങനാശ്ശേരി രൂപതയിലെ (1956–ലാണ് അതിരൂപതയാകുന്നത്) വേദപ്രചാര ഡയറക്ടറായിരുന്ന ബഹു. ഡോമിനിക്ക് തോട്ടാശ്ശേരിൽ അച്ചൻ ഇക്കാര്യത്തിനായി സവിശേഷ നേതൃത്വം നൽകിയ ഒരു വ്യക്തിയാണ്. തിരുവല്ല, കവിയൂർ, മല്ലപ്പള്ളി, കല്ലൂപ്പാറ, കറിയന്നൂർ, തെള്ളിയൂർ, മാരാമൺ തുടങ്ങിയ കേന്ദ്രങ്ങളിലേക്ക് തോട്ടാശ്ശേരിൽ അച്ചൻ തന്റെ മിഷ്യൻ

malankaralibrary.com

പ്രവർത്തനം വ്യാപിപ്പിച്ചു. അവിടെയെല്ലാം പുതിയ പള്ളികൾ പണിയുന്നതിനും വിശ്വാസികളെ കത്തോലിക്കാസഭയിലേക്ക് സ്വീകരിക്കുന്നതിനും അദ്ദേഹത്തിന് ഇടയായി.

1925-ൽ തോട്ടാശ്ശേരിൽ അച്ചന്റെ ശ്രമഫലമായി കല്ലൂപ്പാറ ഈട്ടിക്കൽ പള്ളി സ്ഥാപിതമായി. അതിനുമുൻപുതന്നെ അന്ത്യോക്യൻ റീത്ത് അനുവദിച്ചു കിട്ടിയിട്ട് കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുവാൻ ആഗ്രഹിക്കുകയും അതിനുവേണ്ടി റോമിലേക്ക് കത്തിടപാടുകൾ നടത്തുകയും ചെയ്തുകൊണ്ടിരുന്ന ഒരു വൈദികനാണ് ഏബ്രഹാം മാരേട്ട്. മാരേട്ടച്ചന്റെ താൽപര്യം മനസ്സിലാക്കി ചങ്ങനാശ്ശേരി രൂപതയിൽ നിന്നും ഇന്ത്യയിലെ മാർപ്പാപ്പായുടെ പ്രതിനിധിയുമായി അന്ത്യോക്യൻ ആരാധന ക്രമങ്ങൾ അനുവദിച്ചുകിട്ടുന്നതിന് പ്രത്യേക ശ്രമം ആരംഭിച്ചു. അന്ത്യോക്യായിലെ കത്തോലിക്കാ പാത്രിയർക്കീസുമായി ബന്ധപ്പെട്ട് വേണ്ട ആരാധനാക്രമീകരണങ്ങൾ ചെയ്യുവാനാണ് മാർപ്പാപ്പായുടെ പ്രതിനിധി നിർദ്ദേശിച്ചത്. 1926-ഒക്ടോബറിൽ അദ്ദേഹവും കുടുംബവും പുനരൈക്യപ്പെടുകയും, പുനരൈക്യ പ്രസ്ഥാനം ആരംഭിച്ചതോടുകൂടി അച്ചൻ തിരുവല്ലാ രൂപതയിൽ ചേർന്ന് പ്രവർത്തിക്കുവാനും തുടങ്ങി.

1927-ൽ മാരാമണ്ണിൽ ചങ്ങനാശ്ശേരി രൂപതവക ഒരു ചാപ്പലും ഒരു സ്ക്കൂളും സ്ഥാപിതമായി. ബഹുമാന്യരായ തോമസ്സ് ഇഞ്ചക്കലോടി, തോമസ്സ് റാഹൂർ എന്നീ വൈദികർ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുന്നത് ഇവിടെവച്ചാണ്. മാരാമൺ ഇടവക സേവേറിയോസ് തിരുമേനിയുടെ കാലത്ത് തിരുവല്ലാ രൂപതയുമായി സംയോജിപ്പിക്കപ്പെട്ടു.

പുത്തൻകൂർ സുറിയാനിക്കാരുടെ കോട്ടകളായ അയിരൂരും പുതുപ്പള്ളിയിലും ആശ്രമങ്ങൾ സ്ഥാപിച്ച് പുനരൈക്യ പരിശ്രമങ്ങളെ വിജയിപ്പിക്കുവാൻ മാന്നാനം, ചെത്തിപ്പുഴ എന്നീ കർമ്മലീത്താ ആശ്രമസ്ഥർ മുൻകൈയെടുത്തു പ്രവർത്തിക്കുകയുണ്ടായി. അങ്ങനെ പുനരൈക്യ പ്രസ്ഥാനം രൂപം കൊള്ളുന്നതിനു മുമ്പുതന്നെ അനേകം വ്യക്തികളേയും കുടുംബങ്ങളേയും കത്തോലിക്കാ സഭയുടെ കൂട്ടായ്മയിലേക്ക് കൊണ്ടുവരുന്നതിന് ചങ്ങനാശ്ശേരി രൂപതയ്ക്കു കഴിഞ്ഞു.

## 6 പുനരൈക്യ പരിശ്രമങ്ങൾ കൊല്ലം രൂപതയുടെ നേതൃത്വത്തിൽ

കേരളത്തിലെ പുനരൈക്യ പരിശ്രമങ്ങളേയും പുനരൈക്യ പ്രസ്ഥാനത്തേയും കുറിച്ചു പറയുമ്പോൾ, കൊല്ലം രൂപതയുടെ

malankaralibrary.com

മെത്രാനായിരുന്ന അലോഷ്യസ് മരിയ ബൻസിഗറിൻെറ സേവനങ്ങൾ എടുത്തുപറയേണ്ടിയിരിക്കുന്നു. 1915-ൽ കററാനത്ത് ഒരു മിഷ്യൻ കേന്ദ്രം തുറന്നുകൊണ്ടാണ് കൊല്ലം രൂപതയിലെ പുനരൈക്യപ്രവർത്തനത്തിന് അദ്ദേഹം ആരംഭം കുറിച്ചത്. ഈ മിഷ്യനിലെ പ്രാരംഭപ്രവർത്തനങ്ങൾ പില്ക്കാലത്ത് കോട്ടാർ രൂപതയുടെ മെത്രാനായിരുന്ന ഫാ. ലോറൻസ് പെരേരായുടെ ചുമതലയിലായിരുന്നു. 1916-ൽ ആന്നിയിൽ ബ. നൈനാനച്ചനും ബന്ധുക്കളും കത്തോലിക്കാസഭയിൽ ചേർന്നതോടുകൂടി പുനരൈക്യതരംഗം ചുററുപാടുമുള്ള പ്രദേശങ്ങളിലേക്ക് വ്യാപിച്ചു. വള്ളികുന്നം, ചാരുംമൂട്, കുടശനാട്, കൊററംപള്ളി എന്നീ സ്ഥലങ്ങളിൽ നിന്നും 37 കുടുംബങ്ങളോളം പുനരൈക്യപ്പെട്ടു. തുടർന്നു നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി നൂറനാട്, താമരക്കുളം, ചുനക്കര, പെരിങ്ങനാട് എന്നീ സ്ഥലങ്ങളിൽ നിന്നായി ഏതാനും വ്യക്തികളേയും കുടുംബങ്ങളേയും കത്തോലിക്കാസഭയിലേക്ക് സ്വീകരിച്ചു.

1921-മുതൽ സി. എം. ഐ. കർമ്മലീത്താ വൈദികരുടെ സഹായത്തോടെ പന്തളം മിഷൻ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു. പിന്നീട് തുമ്പമൺ, കൊട്ടാരക്കര, കിഴക്കേതെരുവ്, അടൂർ, ചന്ദനപ്പള്ളി, ഓമല്ലൂർ, പുത്തൻകാവ്, ചെങ്ങന്നൂർ എന്നിവിടങ്ങളിലേക്ക് മിഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു. 1921-മുതൽ 1925 വരെയുള്ള പ്രവത്തനഫലമായി 7 വൈദികരും ഏതാനും വിശ്വാസികളും പുനരൈക്യപ്പെട്ട് കൊല്ലം രൂപതയിൽ ചേർന്നു.

യാക്കോബായക്കാരുടെ പുനരൈക്യം വിജയിക്കണമെങ്കിൽ അന്ത്യോക്യൻ റീത്ത് അനുവദിച്ചു കിട്ടേണ്ടത് അത്യാവശ്യമാണെന്ന് ബോദ്ധ്യമുള്ള ഒരാളായിരുന്നു ഈ മിഷനുകളിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഫാ. ഗ്രിഗറി സി. എം. ഐ. 1924- ൽ റോമിൽ നിന്നും ഇന്ത്യയിലേക്ക് വിസിററർ അപ്പസ്തോലിക്കയായി നിയുക്തനായ ഹെൻട്രി ലെപ്പിസ്യോയുടെ മുമ്പാകെ ഇതിനായി അദ്ദേഹം അപേക്ഷ സമർപ്പിച്ചു. ഈ അപേക്ഷയെപ്പററി റോമിൽ പരിചിന്തനം ചെയ്തുകൊണ്ടിരുന്ന കാലയളവിലാണ് മാർ ഈവാനിയോസ് തിരുമേനിയുടെ പുനരൈക്യാപേക്ഷ റോമിൽ ലഭിക്കുന്നത്. 1930-ലെ പുനരൈക്യ പ്രസ്ഥാനത്തോടെ കൊല്ലം രൂപതയിൽ പുനരൈക്യപ്പെട്ട പലരും മലങ്കര കത്തോലിക്കാസഭയിൽ ചേർന്നു.

malankaralibrary.com

അദ്ധ്യായം 4

# മലങ്കരസഭ വീണ്ടും കത്തോലിക്കാ സഭാ കൂട്ടായ്മയിൽ

കത്തോലിക്കാ സഭൈക്യത്തിനുവേണ്ടിയുള്ള അടങ്ങാത്ത ആഗ്രഹം പുത്തൻകൂർ പിതാക്കൻമാരെ വീണ്ടും ഉണർത്തി. മലങ്കര മെത്രാപ്പോലീത്തായായിരുന്ന വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിൻെറ കാലത്ത് (1909-1934) ഈ ഉദ്ദേശത്തോടുകൂടി ആലോചനകൾ ആരംഭിച്ചു.

## പുനരൈക്യശ്രമം മലങ്കര സുനഹദോസിൻെറ നേതൃത്വത്തിൽ

വട്ടശ്ശേരിൽ മെത്രാപ്പോലീത്തായുടെ മുടക്ക് (1911), കാതോലിക്കാവാഴ്ച (1912), വട്ടിപ്പണക്കേസ് മുതലായ സംഭവവികാസങ്ങൾ സഭാനേതാക്കന്മാരെ വ്യാകുലചിത്തരാക്കിതീർത്തു. പാത്രിയർക്കീസുമായി സന്ധിയാലോചനകൾക്കായി മർദ്ദീനിലേക്കു പോകുംവഴി വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് ബാഗ്ദാദിൽ വച്ച് അവിടത്തെ സുറിയാനികത്തോലിക്കാ മെത്രാപ്പോലീത്തായെ സന്ദർശിച്ചു. മടക്കയാത്രയിലും ഈ സന്ദർശനം നടന്നു. കത്തോലിക്കാസഭാ പുനരൈക്യത്തെപ്പററി അന്വേഷിക്കുകയായിരുന്നു ഈ സന്ദർശനങ്ങളുടെ ഉദ്ദേശ്യം. അദ്ദേഹം നാട്ടിൽ തിരിച്ചെത്തി കുറേകഴിഞ്ഞപ്പോൾ അന്ത്യോക്യൻ സുറിയാനി കത്തോലിക്കാ പാത്രിയർക്കീസായിരുന്ന അഫ്രേം റഹമാനിയുടെ ഒരു കത്ത് അദ്ദേഹത്തിനു കിട്ടി. അതിനുശേഷം വട്ടശ്ശേരിൽ മെത്രാപ്പോലീത്താ, മാർ ബസേലിയോസ് ഗീവർഗീസ് കാതോലിക്കോസ്, ഗീവർഗ്ഗീസ് മാർ ഗ്രിഗോറിയോസ് (കുണ്ടറ) ബഥനിയുടെ മാർ ഈവാനിയോസ് എന്നിവരെ പരുമലയിൽ ക്ഷണിച്ചുവരുത്തി ഭാവികാര്യങ്ങൾ ആലോചിച്ചു തീരുമാനിക്കുവാനായി അവരെ ചുമതലപ്പെടുത്തി. ബാവാകക്ഷിയുമായുള്ള കേസ് നടത്തിയിരുന്നതിനാൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ ഇതിൽ നേരിട്ടു സംബന്ധിച്ചില്ല.

പരുമല സെമിനാരിയിൽ വച്ചു കൂടിയ സുനഹദോസിൽ ഔദ്യോഗികമായി മാർ ഈവാനിയോസിനെ ചുമതലപ്പെടുത്തിയനുസരിച്ച് അദ്ദേഹം റഹമാനി പാത്രിയർക്കീസുമായി എഴുത്തുകുത്തുകൾ നടത്തി. വാകത്താനം കാതോലിക്കാ ബാവായു

malankaralibrary.com

മാർ ഈവാനിയോസും ഒരുമിച്ച് ചർച്ച ചെയ്തതാണ് റഹമാനി പാത്രിയർക്കീസിനുള്ള കത്തിൻെറ നക്കൽ തയ്യാറാക്കിയതു്. കാതോലിക്കാബാവായുടെ സ്വന്തം കൈപ്പടയിലാണിത് തയ്യാറാക്കിയത്. കൊച്ചുമെത്രാൻ എന്നറിയപ്പെട്ടിരുന്ന മാർ ഗ്രിഗോറിയോസ് പുനരൈക്യം സംബന്ധിച്ച് 1926-ൽ ബഥനിയിലേക്ക് മാർ ഈവാനിയോസിനയച്ച ഒരു കത്തിൽ തൻെറ സമ്മതം പുനരൈക്യ കാര്യത്തിൽ വാഗ്ദാനം ചെയ്യുന്നുണ്ട്.

## മാർ ഈവാനിയോസിൻെറ നേതൃത്വം

പുനരൈക്യ പരിശ്രമങ്ങൾക്ക് മാർ ഈവാനിയോസിൻെറ നേതൃത്വം വളരെ സഹായകമായി. കാരണം കത്തോലിക്കാ സഭയോട് പുനരൈക്യപ്പെടുന്നതിനുള്ള അഭിവാഞ്ഛ ദൈവികാഹ്വാനമായിട്ടാണ് അദ്ദേഹം കരുതിയത്. സഭാചരിത്രപഠനവും കാനൻ നിയമ ഗവേഷണവുമെല്ലാം, മാർപ്പാപ്പായാണ് പത്രോസിൻെറ യഥാർത്ഥ പിൻഗാമിയെന്നും കത്തോലിക്കാ സഭയാണ് ക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ട യഥാർത്ഥ സഭയെന്നുമുള്ള ബോദ്ധ്യത്തിലേക്ക് അദ്ദേഹം എത്തിച്ചേർന്നു. 1925-ൽ മെത്രാഭിഷേകാനന്തരം (പുനരൈക്യത്തിന് 5 വർഷം മുൻപ്) നടത്തിയ പ്രസംഗത്തിൽതന്നെ ക്രൈസ്തവ പുനരൈക്യത്തിൻെറ ആവശ്യകത അദ്ദേഹം വ്യക്തമാക്കിയിരുന്നു. നിരന്തര വ്യവഹാരങ്ങളും ഭിന്നിപ്പുകളുംകൊണ്ട് അസ്വസ്ഥമായിരുന്ന മലങ്കരസഭയിൽ സമാധാനം സ്ഥാപിക്കുവാനും കത്തോലിക്കാ പുനരൈക്യം ഉത്തമ മാർഗ്ഗമായി അദ്ദേഹം കണ്ടു. 1912-ൽ മലങ്കര കാതോലിക്കേററു സ്ഥാപിച്ച് നൈയാമിക പ്രതിസന്ധി പരിഹരിക്കുവാൻ ഒരു പരിധി വരെ കഴിഞ്ഞു. അതുപോലെ 1919-ൽ ബഥനി പ്രസ്ഥാനം ആരംഭിച്ച് കുറെയൊക്കെ ആദ്ധ്യാത്മിക പ്രബുദ്ധത നൽകുന്നതിനും സാധിച്ചു. പക്ഷേ, വ്യവഹാര നൂലാമാലകളിൽപ്പെട്ട് യഥാർത്ഥ ശാന്തി മലങ്കരസഭയിൽ പ്രദാനം ചെയ്യുന്നതിന് ഇവകൊണ്ട് സാധിക്കാതെ പോയി.

അന്ത്യോക്യായിലെ റഹമാനി പാത്രിയർക്കീസുമായുള്ള പുനരൈക്യ പരിശ്രമങ്ങൾ നടന്നുകൊണ്ടിരിക്കവേ, മാർപ്പാപ്പായുമായുള്ള (റോമുമായുള്ള) നേരിട്ടുള്ള പുനരൈക്യമാണ് പല കാരണങ്ങളാലും അഭികാമ്യമെന്ന് മാർ ഈവാനിയോസിന് ബോദ്ധ്യമായി. എറണാകുളം മെത്രാപ്പോലീത്തായായിരുന്ന മാർ അഗസ്റ്റിൻ കണ്ടത്തിൽ, ചങ്ങനാശ്ശേരി മെത്രാൻ മാർ ജയിംസ് കാളാശ്ശേരി, കോട്ടയം മെത്രാൻ മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ, ഇലഞ്ഞിക്കൽ ഇ. ജെ. ജോൺ വക്കീൽ എന്നിവരാണ് ഇക്കാര്യത്തിന് വേണ്ട പ്രേരണയും പ്രചോദനവും അദ്ദേഹത്തിനു നൽകിയത്

malankaralibrary.com

1926 നവംബറിൽ മലങ്കര സുറിയാനി ഓർത്തഡോക്സ് സഭാ സിനഡിന്റെ അനുമതിയോടുകൂടി മാർ ഈവാനിയോസ് റോമിലെ അപ്പസ്തോലിക സിംഹാസനത്തിന് ഫാ. റിബേരാ വഴി ആദ്യ നിവേദനം സമർപ്പിച്ചു. ഇതിൽ രണ്ടു വ്യവസ്ഥകൾ ചേർത്തിരുന്നു: ''ഈ കാതോലിക്കാസിംഹാസനത്തിലുള്ള വിശുദ്ധ സുനഹദോസ് അപേക്ഷിക്കുന്നതെന്തെന്നാൽ: കത്തോലിക്കാ സഭയുടെ ഐക്യത്തിലേക്ക്—(1) പുരാതനമായ തങ്ങളുടെ റീത്തും ആചാരങ്ങളും സംരക്ഷിച്ചുകൊണ്ടും (2) വിശുദ്ധ സുനഹദോസിനും അതിലെ മെത്രാൻമാർക്കോരോരുത്തർക്കും പുനരൈക്യപ്പെടുന്ന എല്ലാ യാക്കോബായ സുറിയാനിക്കാരുടെയും മേലുള്ള അധികാരം നൽകിക്കൊണ്ടും .... തങ്ങളെ സ്വീകരിക്കണമെന്നുള്ളതത്രേ''. ഈ മെമ്മോറാണ്ഡത്തിന് അധികം താമസ്സിയാതെ മറുപടിയും ലഭിച്ചു. പൗരസ്ത്യ സഭാംഗങ്ങളായ അകത്തോലിക്കർ പുനരൈക്യപ്പെടുന്ന കാര്യത്തിൽ പരിശുദ്ധ സിംഹാസനത്തിന്റെ അനുഭാവപൂർവ്വമായ നയങ്ങൾ അതിൽ വിശദീകരിച്ചിരുന്നു. കൂടാതെ, ആ മറുപടിയിൽ മലങ്കര യാക്കോബായ സഭയെ സംബന്ധിക്കുന്ന പ്രധാനപ്പെട്ട ചില ചോദ്യങ്ങൾക്ക് ഉത്തരം നൽകണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് 1927 ജനുവരിയിൽ ദ്വിതീയ മെമ്മോറാണ്ഡം റോമിലേക്ക് അയച്ചുകൊടുത്തു. മലങ്കര സഭയെപ്പററിയുള്ള വിശദീകരണങ്ങൾക്കു പുറമേ പൗരസ്ത്യ പാരമ്പര്യങ്ങൾ പുനരൈക്യസന്ദർഭത്തിൽ സംരക്ഷിക്കുന്നതിന് റോമാസിംഹാസനം സ്വീകരിച്ചിട്ടുള്ള പ്രോത്സാഹജനകമായ നടപടികളെക്കുറിച്ചും ഇതിൽ പ്രതിപാദിക്കുകയുണ്ടായി.

1928, 1929 എന്നീ വർഷങ്ങളിൽ മാർ ഈവാനിയോസ് ഇൻഡ്യയിലുള്ള അപ്പസ്തോലിക് ഡലഗേററ് മോൺസിഞ്ഞോർ എഡ്വേർഡ് മൂണിയുമായി എഴുത്തുകുത്തുകൾ നടത്തികൊണ്ടിരുന്നു. പുനരൈക്യപ്പെടുന്നവരുടെ ഭാവി, വൈദികജീവിതം, വിവാഹിതരായ വൈദികരുടെ അവസ്ഥ, കൂദാശാനുഷ്ഠാനങ്ങളെക്കുറിച്ചുള്ള നിയമങ്ങളും പുസ്തകങ്ങളും, പള്ളിസ്ഥാപനങ്ങൾ, ബഥനി സന്യാസ സമൂഹങ്ങളുടെ നിലനിൽപ്പ് ഇവയെ സംബന്ധിച്ചെല്ലാം ദീർഘമായി ഈ കത്തുകളിലൂടെ ചർച്ച നടത്തി. സിനഡൽഘടന, കാതോലിക്കായുടെ സ്ഥാനം എന്നിവ പൗരസ്ത്യരീതിയനുസരിച്ചുള്ളതായതുകൊണ്ടും അവ മലങ്കരസഭയിലെ നടപടിക്രമമായതു കൊണ്ടും അത് അനുവദിക്കണമെന്ന് ആദ്യം മുതലേ അദ്ദേഹം അഭ്യർത്ഥിച്ചിരുന്നു. എന്നാൽ ഈ ഭരണസമ്പ്രദായം അംഗീകരിക്കുവാൻ റോം വിസമ്മതിച്ചപ്പോൾ, അതിന്റെ പുനരൈക്യ പ്രാധാന്യത്തേയും പരിശുദ്ധ സിംഹാസനത്തിൽ നിന്നും പുനരൈക്യപ്പെടുന്നവർക്കു ലഭിക്കേണ്ട സർവ്വവിധ പരിരക്ഷണത്തേയും പ്രോത്സാഹനങ്ങളേയുംപ്പററി

malankaralibrary.com

ശക്തിയുക്തം ഈ കത്തുകളിലൂടെ അദ്ദേഹം വാദിക്കുകയുണ്ടായി.

## പുനരൈക്യത്തിന് അംഗീകാരം

1930 ജൂലൈ മാസത്തിൽ റോമിൽ സമ്മേളിച്ച പൗരസ്ത്യ സഭാ തിരുസംഘം പുനരൈക്യത്തിന് അനുകൂലമായ അന്തിമ തീരുമാനമെടുക്കുകയും വിവരം അപ്പസ്തോലിക്ക് ഡലഗേററിനെ അറിയിക്കുകയും ചെയ്തു. അദ്ദേഹം 1930 ആഗസ്ററ് 20–ാം തീയതി കൊല്ലം മെത്രാൻ ഡോ. ബൻസിഗർ മുഖേന വിവരം മാർ ഈവാനിയോസിനെ അറിയിച്ചു.

പുനരൈക്യാപേക്ഷകളിൽ അപേക്ഷിച്ചതനുസരിച്ച് മലങ്കര അന്ത്യോക്യൻ റീത്തും, മെത്രാൻമാരെ അവരുടെ വൈദികാഭിഷേകം, മെത്രാഭിഷേകം എന്നിവയുടെ സാധുതയെപ്പററി അന്വേഷണം നടത്തി അവരുടെ പദവികളോടും അധികാരങ്ങളോടും കൂടി സ്വീകരിക്കുന്നതാണെന്നും ഈ അംഗീകാര രേഖയിലൂടെ ഉറപ്പു നൽകി. കാതോലിക്കാ സിംഹാസനത്തേയോ അതിൻെറ അധികാരങ്ങളെപ്പററിയോ ഇപ്പോൾ നിശ്ചയിക്കുവാൻ സാദ്ധ്യമല്ലെന്നും റോം വ്യക്തമാക്കി. പുനരൈക്യപ്പെടുന്ന വൈദികരുടെ പട്ടത്വത്തിൻേറയും അവർ അനുഷ്ഠിക്കുന്ന കൂദാശകളുടേയും സാധുതയെക്കുറിച്ച് വ്യക്തമായ ബോദ്ധ്യമുണ്ടായിരിക്കേണ്ടതാണെന്ന് അപ്പസ്തോലിക്ക് ഡെലഗേററിനെ പൗരസ്ത്യ തിരുസംഘം അനുസ്മരിപ്പിക്കുന്നുണ്ട്. വിവാഹിതരായ വൈദികർക്ക് പുനരൈക്യപ്പെട്ട് അതേ രീതിയിൽ സഭാസേവനത്തിൽ ഏർപ്പെടാമെന്നും എന്നാൽ അവിവാഹിതർക്കുമാത്രമേ ഇനിമേൽ തിരുപ്പട്ടം നൽകാവൂ എന്നും തിരുസംഘം വ്യവസ്ഥ വച്ചു. സുനിശ്ചിതവും സുവ്യക്തവുമായ രൂപതാതിർത്തികളോടു കൂടി പുനരൈക്യപ്പെടുന്ന മെത്രാൻമാർക്ക് അധികാരാവകാശങ്ങൾ നൽകുന്നതിന് പരിശുദ്ധ സിംഹാസനത്തിന് താല്പര്യമുണ്ടെന്നും അറിയിച്ചു. ഒരു വൈദിക സെമിനാരി സ്ഥാപിക്കുന്ന കാര്യത്തെ സംബന്ധിച്ചും സൂചന നൽകുകയുണ്ടായി.

ഇപ്രകാരം റോമിൽ നിന്നും പുനരൈക്യത്തിന് ഔദ്യോഗിക അംഗീകാരം ലഭിക്കുകയും അനുകൂലമായ സാഹചര്യം ഒത്തിണങ്ങുകയും ചെയ്തു. 1926–ൽ പുനരൈക്യാപേക്ഷ സമർപ്പിച്ച ശേഷം മലങ്കര സഭയിൽ പല മാററങ്ങളും സംഭവിച്ചു. പ്രധാനമായും 1923-ൽ മെത്രാൻ കക്ഷിക്ക് എതിരായ വട്ടിപ്പണ കേസ് 1928–ൽ അവർക്ക് അനുകൂലമായി വിധിച്ചു. ഇതോടു കൂടി, പരുമലയോഗം മുതൽ പുനരൈക്യത്തിന് അനുകൂല

malankaralibrary.com

മരായി നിന്നിരുന്ന പലരും പിൻമാറി. എന്നിട്ടും മാർ ഈവാനിയോസും മാർ തെയോഫിലോസും സഭൈക്യത്തിന്റെ ദൈവീകാഹ്വാനം സ്വീകരിച്ചു കൊണ്ട് തങ്ങളുടെ തീരുമാനങ്ങളിൽ ഉറച്ചു നിന്നു.

പെരുനാട് ബഥനി ആശ്രമം കേന്ദ്രീകരിച്ചായി പിന്നീട് പുനരൈക്യത്തിനുള്ള ഒരുക്കങ്ങൾ. ബഥനി ആശ്രമസ്ഥരേയും, സന്യാസിനികളേയും അതിനായി മാർ ഈവാനിയോസ് തയ്യാറാക്കി. പുനരൈക്യ കാര്യത്തിൽ ഉറച്ചുനിന്നതുകൊണ്ട് ഓർത്തഡോക്സ് സഭാ മേലദ്ധ്യക്ഷൻമാരിൽ നിന്നും ആളുകളിൽ നിന്നും എതിർപ്പ് ശക്തിപ്പെട്ടുവന്നു. ഈ സാഹചര്യത്തിൽ ബഥനിമല വിട്ടിറങ്ങുവാൻ അവർ തീരുമാനിച്ചു. ആശ്രമകാര്യങ്ങളിൽ മാർ ഈവാനിയോസിനോടൊത്ത് പ്രവർത്തിച്ചിരുന്ന ഫാ. അലക്സിയോസും ഏതാനും ആശ്രമസ്ഥരും ഒഴികെ ബാക്കിയുള്ളവർ മാർ ഈവാനിയോസിനോടൊപ്പം ഇറങ്ങി പുറപ്പെടുവാൻ തയ്യാറായി. 1930–ആഗസ്ററ് 20–ാം തീയതി മാർ ഈവാനിയോസിന്റെയും, മാർ തെയോഫിലോസിന്റെയും നേതൃത്വത്തിൽ 20 സന്യാസികളും ഏതാനും അനാഥകുട്ടികളും യാത്രയായി. അവർ വെണ്ണിക്കുളത്തെത്തി ഒരു ഹൈന്ദവസഹോദരൻ നൽകിയ കെട്ടിടത്തിൽ താമസിച്ചു. വിവരം അറിഞ്ഞ് ക്രൈസ്തവരും അക്രൈസ്തവരുമായ പലരും സഹായഹസ്തങ്ങളുമായി അഭിവന്ദ്യ പിതാക്കൻമാരെയും ആശ്രമസ്ഥരെയും സന്ദർശിച്ച് ആശ്വസിപ്പിച്ചു. അതേസമയം പ്രതികൂല ശക്തികളുടെ ശക്തമായ എതിർപ്പും നേരിടേണ്ടിവന്നു.

1930 സെപ്ററംബർ 20–ാം തീയതി ചരിത്രപ്രസിദ്ധമായ പുനരൈക്യ സംഭവം നടന്നു. കൊല്ലം രൂപതാദ്ധ്യക്ഷൻ ബൻസിഗറിന്റെ മുൻപിൽ ചങ്ങനാശ്ശേരി മെത്രാൻ മാർ കാളാശ്ശേരി, കോട്ടാർ മെത്രാൻ ലോറൻസ് പെരേര എന്നിവരുടെ സാന്നിദ്ധ്യത്തിൽ മാർ ഈവാനിയോസും, മാർ തെയോഫിലോസും സത്യപ്രതിജ്ഞ നടത്തി. കൂടാതെ ഫാ. ജോൺ, ഒ.ഐ.സി, അലക്സിയോസ് ശെമ്മാശൻ (ഫാ. സെറാഫിയോൻ, ഒ ഐ.സി), കിളീലേത്തു ചാക്കോ എന്നിവരും പുനരൈക്യപ്പെടുവാൻ ഉദ്ദേശിച്ചിരുന്നവരുടെ പ്രതിനിധികൾ എന്ന നിലയിൽ വിശ്വാസ പ്രഖ്യാപനം നടത്തി സഭൈക്യത്തിലെത്തി. 21-ന് പുലിക്കോട്ടു യൗസേപ്പു റമ്പാനും, ചേപ്പാട്ടു പീലിപ്പോസ് റമ്പാനും പുനരൈക്യപ്പെട്ടു. തുടർന്ന് ബഥനി സന്യാസി സമൂഹത്തിലെ ഭൂരിപക്ഷം വൈദികരും ബഥനി സന്യാസിനികളെല്ലാവരും മാർ ഈവാനിയോസിനെ അനുകരിച്ച് കത്തോലിക്കാ സഭൈക്യത്തിലായി. അങ്ങനെ ഒന്നാം മാർത്തോമ്മാ മുതൽ തുടങ്ങിയ പുനരൈക്യ പരിശ്രമങ്ങൾ യാഥാർത്ഥ്യവത്ക്കരിക്കപ്പെടുകയും നൂററാണ്ടുകളായി

malankaralibrary.com

അവർ ആവശ്യപ്പെട്ടിരുന്ന പുനരൈക്യ വ്യവസ്ഥകൾ അംഗീകരിക്കപ്പെടുകയും ചെയ്തു. കേരളത്തിൽ ക്രൈസ്തവ സഭയുടെ ഐക്യത്തിന്റെ പാത അങ്ങനെ തുറക്കപ്പെട്ടു.

## മലങ്കര കത്തോലിക്കാ ഹയരാർക്കി സ്ഥാപനം

1932-ൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ റോമിൽ 11-ാം പീയൂസ് മാർപ്പാപ്പായെ സന്ദർശിച്ച് പുതിയ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കും പുരോഗതിക്കും സഹായകമായ ആനുകൂല്യങ്ങളും അനുവാദങ്ങളും ലഭിക്കുന്നതിനുവേണ്ടിയുള്ള നീണ്ട ഒരു നിവേദനം പരി.പിതാവിന് സമർപ്പിക്കപ്പെട്ടു. തിരുവനന്തപുരം ആസ്ഥാനമാക്കിയുള്ള അതിരൂപതയും തിരുവല്ല ആസ്ഥാനമാക്കിയുള്ള രൂപതയും ഉൾക്കൊള്ളുന്ന മലങ്കര കത്തോലിക്കാ ഹയരാർക്കിക്കുവേണ്ടിയുള്ള അഭ്യർത്ഥനയും പ്രസ്തുത നിവേദനത്തിൽ ഉണ്ടായിരുന്നു. നിവേദനം അതേപടി അംഗീകരിക്കപ്പെട്ടു. അങ്ങനെ 1932-ജൂൺ 11-ാം തീയതി ''ക്രിസ്തോ പാസ്തോരും പ്രിൻചീപ്പി'' എന്ന തിരുവെഴുത്തുവഴി മലങ്കര കത്തോലിക്കാ ഹയരാർക്കി സ്ഥാപിച്ചുകൊണ്ടുള്ള ഔദ്യോഗിക പ്രഖ്യാപനം ഉണ്ടായി. അങ്ങനെ മലങ്കര കത്തോലിക്കാ സഭയ്ക്ക് സാർവത്രിക സഭയിൽ നൈയാമികമായ ഒരു അസ്തിത്വം ലഭിച്ചു. മാർ ഈവാനിയോസിനെ സഭാ പ്രോവിൻസിന്റെ തിരുവനന്തപുരം മെത്രാപ്പോലീത്തായായും മാർ തെയോഫിലോസിനെ തിരുവല്ലാ രൂപതയുടെ മെത്രാനായും നിയമിച്ചു. രൂപതകളുടെ അതിർത്തികൾ നിർണ്ണയിക്കുന്നതോടൊപ്പം, പുതിയ മെത്രാൻമാർക്ക് സീറോ-അന്ത്യോക്യൻ റീത്തിലെ നിയമാധിഷ്ഠിത പാരമ്പര്യങ്ങളും പൊതു നിയമങ്ങളും അനുസരിച്ചുള്ള എല്ലാ അവകാശങ്ങളും ആനുകൂല്യങ്ങളും ലഭിച്ചു. കൂടാതെ അന്ത്യോക്യൻ റീത്തും മലങ്കരസഭയുടെ പാരമ്പര്യങ്ങളും അന്യൂനം സംരക്ഷിക്കണമെന്നും പ്രസ്തുത തിരുവെഴുത്തിലൂടെ നിർദ്ദേശിക്കുന്നുണ്ട്. അങ്ങനെ തങ്ങളുടെ റീത്തും ഹയരാർക്കിയും നിലനിർത്തിക്കൊണ്ട് കത്തോലിക്കാ സഭയിലേക്ക് തങ്ങളെ സ്വീകരിക്കണമെന്നുള്ള മലങ്കര സഭയുടെ ആവർത്തിച്ചാവർത്തിച്ചുള്ള അഭ്യർത്ഥനകളുടെ അംഗീകാരവും പൂർത്തീകരണവുമായിരുന്നു മലങ്കര കത്തോലിക്കാ സമൂഹത്തിന് ഒരു പ്രത്യേക പ്രോവിൻസ് നൽകിയത്.

## ആധുനിക ചരിത്രം

ഹയരാർക്കി സ്ഥാപനത്തോടെ മലങ്കര കത്തോലിക്കാസഭ നാനാ വിധത്തിൽ അഭിവൃദ്ധി പ്രാപിക്കുവാൻ തുടങ്ങി. യാക്കോബായ സഭയിൽ നിന്നും മാർത്തോമ്മാ സഭയിൽ നിന്നും അനേകം വൈദികരും അല്മയരും കൂട്ടത്തോടെ പുനരൈക്യ

malankaralibrary.com

പ്പെട്ടുവാൻ തുടങ്ങി. പുനരൈക്യപ്പെട്ട വൈദികരും ബഥനി സമൂഹങ്ങളും ഒന്നാകെ പുതിയ മിഷ്യനുകരം സ്ഥാപിക്കുന്നതിനും അജപാലന സേവനങ്ങരം നിർവ്വഹിക്കുന്നതിനും ബദ്ധശ്രദ്ധരായി. നാരംക്കുനാരം വളർച്ചകൊണ്ടിരുന്ന മലങ്കര കത്തോലിക്കാ സഭയുടെ ആത്മീയ കാര്യങ്ങരം നിർവ്വഹിക്കുവാൻ ബുദ്ധിമുട്ടനുഭവപ്പെട്ടുകയാൽ വൈദികരുടെ സേവനം വിട്ടുകിട്ടുവാൻ സീറോ–മലബാർ ഹയരാർക്കിയുമായി സഭാദ്ധ്യക്ഷൻമാർ ബന്ധപ്പെട്ടു. അങ്ങനെ സീറോ-മലബാർ സഭയുടെ വിവിധ രൂപതകളിൽ നിന്നും ധാരാളം വൈദികരും, വൈദിക വിദ്യാർത്ഥികളും തങ്ങളുടെ സഹോദരങ്ങളായ മലങ്കര സഭയ്ക്കു് എല്ലാവിധ സഹായസഹകരണങ്ങളും നല്കുവാൻ മുന്നോട്ടുവന്നു. അതുപോരല കേരളത്തിലെ ലത്തീൻ രൂപതകളും കർമ്മലീത്താ, സി.എം.ഐ, ഫ്രാൻസിസ്ക്കൻ, ഡോട്ടേസ് ഓഫ് മേരി തുടങ്ങിയ സന്യാസി സന്യാസിനി സമൂഹങ്ങളും പുനരൈക്യപ്രസ്ഥാനത്തിൻെറ വിജയത്തിനായി മുന്നോട്ടുവന്നു.

പൂർവ്വാധികം വളർന്നുകൊണ്ടിരുന്ന മലങ്കര കത്തോലിക്കാ സഭയ്ക്കു് എതിരായി വീറോടും വാശിയോടും കൂടി പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു യാക്കോബായ മെത്രാപ്പോലീത്തായായിരുന്നു നിരണം ഭദ്രാസനത്തിൻെറ യൗസേപ്പ് മാർ സേവേറിയോസ്. എന്നാൽ പുതുതായി രൂപപ്പെട്ട മലങ്കര കത്തോലിക്കാ സഭയ്ക്കുണ്ടാകുന്ന അഭിവൃദ്ധിയും തൻെറ സഭയിലെ ആദ്ധ്യാത്മിക മാന്ദ്യവും മനസ്സിലാക്കിയ അദ്ദേഹം 1937- നവംബർ 29–ാം തീയതി തിരുവനന്തപുരത്തുവച്ച് തൻെറ ഗുരുവായ മാർ ഈവാനിയോസിൻെറ മുൻപാകെ സത്യപ്രതിജ്ഞ ചെയ്ത് കത്തോലിക്കാ സഭയുമായി ഐക്യപ്പെട്ടു. അതുപോലെ 1927 മുതൽ യാക്കോബായ ക്നാനായ സമുദായത്തെ ഭരിച്ചുകൊണ്ടിരുന്ന തോമസ് മാർ ദിയസ്കോറസ് മെത്രാപ്പോലീത്താ കത്തോലിക്കാ സഭയുമായുള്ള കൂട്ടായ്മയുടെ പ്രാധാന്യം മനസ്സിലാക്കി 1939 നവംബർ 12–ാം തീയതി സഭയുമായി പുനരൈക്യപ്പെട്ടു. ഇവരുടെ പുനരൈക്യം മലങ്കര കത്തോലിക്കാ സഭയ്ക്ക് പുതിയ ഉണർവ്വും ഉൻമേഷവും നൽകി.

1958–ഫെബ്രുവരി 14–ന് മലങ്കര കത്തോലിക്കാ സഭയുടെ വടക്കോട്ടുള്ള അതിർത്തികരം റോം വിപുലപ്പെടുത്തി. പൊന്നാനി മുതൽ വടക്കോട്ടുള്ള കേരള പ്രദേശം, തമിഴ്നാട്ടിലെ കോയമ്പത്തൂർ ജില്ല, നീലഗിരിജില്ല, തിരുച്ചിറപ്പള്ളി ജില്ലയിലെ കരൂർ താലൂക്ക്, കർണ്ണാടകത്തിലുള്ള മൈസൂർ, മാണ്ഡ്യ, കൂർഗ്, ഹസ്സൻ, ചിക്കമംഗലൂർ, ഷിമോഗാ, തെക്കൻ കാനറാ എന്നീ ജില്ലകളിലേക്കും തിരുവല്ലാ രൂപത വ്യാപിച്ചു.

malankaralibrary.com

1967–ഡിസംബർ മാസത്തിൽ തൊഴിയൂർ സ്വതന്ത്രസഭയുടെ മേലദ്ധ്യക്ഷസ്ഥാനം സ്വീകരിച്ച പൗലോസ് മാർ പീലക്സിനോസ് ദീർഘകാലത്തെ പഠനത്തിന്റെയും പ്രാർത്ഥയയുടെയും ഫലമായി കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുന്നതിന്റെ ആവശ്യകത മനസ്സിലാക്കി. അതിന്റെ ഫലമായി 1977–ഓഗസ്റ്റ് 28-ാം തീയതി തിരുവനന്തപുരം മെത്രാപ്പോലീത്താ ബെനഡിക്റ്റ് മാർ ഗ്രിഗോറിയോസിന്റെ മുൻപിൽ തൃശൂർ മെത്രാൻ മാർ ജോസഫ് കുണ്ടുകുളത്തിന്റെ സാന്നിദ്ധ്യത്തിൽ വിശ്വാസ പ്രതിജ്ഞ ചെയ്ത് അദ്ദേഹം കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു.

മലബാറിലെ കുടിയേററക്കാരായ മലങ്കര കത്തോലിക്കർക്ക് വേണ്ടി ഒരു പ്രത്യേക രൂപത അനുവദിച്ചുകിട്ടണമെന്ന അഭ്യർത്ഥനയുടെ ഫലമായി 1978 ഒക്ടോബർ 28–ാം തീയതി റോം തിരുവല്ലാ രൂപതയെ രണ്ടായി വിഭജിച്ച് പുതുതായി സുൽത്താൻ ബത്തേരി രൂപത സ്ഥാപിച്ചു. മലപ്പുറം, കോഴിക്കോട്, കണ്ണൂർ, നീലഗിരി, മൈസൂർ, മാണ്ഡ്യാ, കൂർഗ്, ഹസ്സൻ, ചിക്കമംഗലൂർ, തെക്കൻ കാനറ, ഷിമോഗ എന്നീ ജില്ലകരം പുതിയ രൂപതയിൽപ്പെടുന്നു.

1955–ൽ മലങ്കര കത്തോലിക്കാ സഭ കോന്നിക്കടുത്ത് വകയാറിൽവച്ച് പുനരൈക്യത്തിന്റെ രജതജൂബിലി ആഘോഷിച്ചു. പുനരൈക്യപ്രസ്ഥാനത്തിന്റെ വിജയത്തിനായി അഹോരാത്രം പ്രവർത്തിച്ച രണ്ടു വന്ദ്യ വൈദിക ശ്രേഷ്ഠൻമാരായിരുന്നു പുലിക്കോട്ടിൽ യൗസേപ്പു റമ്പാനും ചേപ്പാട്ടു പീലിപ്പോസ് റമ്പാനും. ലഘുലേഖകരം, ഗ്രന്ഥങ്ങരം, പ്രബോധനങ്ങരം, അജപാലനസേവനങ്ങരം എന്നിവ മൂലം അവർ മലങ്കര കത്തോലിക്കാ സഭയ്ക്ക ചെയ്തിട്ടുള്ള സേവനങ്ങരം അവിസ്മരണീയങ്ങളത്രേ.

1980–ഡിസംബർ 26–മുതൽ 28–വരെ തീയതികളിൽ പുനരൈക്യ സുവർണ്ണ ജൂബിലി കോട്ടയത്തുവച്ച് മാർപ്പാപ്പായുടെ പ്രതിനിധി കർദ്ദിനാരം റൂബിന്റെ സാന്നിദ്ധ്യത്തിൽ ആഘോഷിക്കുകയുണ്ടായി. കൂടുതൽ സഭാത്മകം അവബോധത്തോടും തീക്ഷ്ണതയോടും കൂടി പ്രവത്തിക്കുവാൻ ഈ ആഘോഷ പരിപാടികരം മലങ്കര കത്തോലിക്കാ സഭയ്ക്കു് പ്രചോദനം നൽകി. 1983–ൽ തിരുവനന്തപുരത്ത് ആരംഭിച്ച മലങ്കര മേജർ സെമിനാരി ഈ സഭയുടെ വളർച്ചയിലെ സുപ്രധാനമായ ഒരു നാഴികക്കല്ലാണ്. ഇതേ വർഷം തന്നെ പൗരസ്ത്യ, മലങ്കര പാരമ്പര്യത്തിൽ അധിഷ്ഠിതമായ വൈദിക പരിശീലനവും പഠനപദ്ധതികളും ക്രമീകരിക്കുവാനായി പൂനായിൽ ബഥനി വേദവിജ്ഞാന പീഠം സ്ഥാപിച്ച് പ്രവർത്തനങ്ങരം തുടങ്ങി. 1985-ൽ കോട്ടയത്തെ

malankaralibrary.com

ബേക്കർകുന്നിൽ ആരംഭിച്ച സെൻറ് എഫ്രേം എക്യുമെനിക്കൽ റിസേർച്ച് ഇൻസ്റ്റിററ്യൂട്ട് വിപുലമായ സുറിയാനി സംസ്ക്കാര പഠനകേന്ദ്രമാണ്.

1986—ഫെബ്രുവരി 8—ാം തീയതി പരിശുദ്ധ ജോൺ പോാം മാർപ്പാപ്പായുടെ ഭാരതസന്ദർശനത്തിൻെറ ഭാഗമായി മലങ്കര കത്തോലിക്കാസഭയിൽ സന്ദർശനം നടത്തി. അദ്ദേഹം പട്ടം സെൻറ് മേരീസ് കത്തീഡ്രൽ ദേവാലയം സന്ദർശിച്ച് പ്രാത്ഥിക്കുകയും മലങ്കരമക്കളെ ആശീർവദിച്ച് അനുഗ്രഹിക്കുകയും ചെയ്തു.

പുനരൈക്യ പ്രസ്ഥാനത്തിൻെറ ആരംഭകാലത്തുതന്നെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ, പുനരൈക്യ ശുശ്രൂഷയോടൊപ്പം തെക്കൻ തിരുവിതാംകൂറിൽ വ്യാപകമായ രീതിയിൽ മിഷ്യൻ പ്രവർത്തനം നിർവ്വഹിക്കുകയുണ്ടായി. തത്ഫലമായി വളർന്ന ഒരു ക്രൈസ്തവ സമൂഹത്തെ രൂപപ്പെടുത്തിയെടുക്കുവാൻ കഴിഞ്ഞു. അവർക്കായി, തിരുവനന്തപുരം അതിരൂപത വിഭജിച്ച് 1996 ഡിസംബർ 16-ാം തീയതി മാർത്താണ്ഡം രൂപതയ്ക്ക് രൂപം നൽകി.

നിലവിലുള്ള രൂപതകൾക്കു പുറത്തായി ഭാരതത്തിൽ പൂനാ, ബോംബേ, നാസിക്ക്, ഔറംഗബാദ്, കൽക്കട്ട, ഭിലായി ഭോപ്പാൽ, ഡൽഹി, ഹൈദ്രബാദ്, ബാംഗ്ലൂർ, മദ്രാസ്, സൂററ്റ് എന്നിവിടങ്ങളിൽ ആരാധനാസമൂഹങ്ങളും പ്രവർത്തന കേന്ദ്രങ്ങളും രൂപപ്പെടുത്തിക്കഴിഞ്ഞു. കൂടാതെ വടക്കേ അമേരിക്ക, ക്യാനഡ, ജർമ്മനി എന്നീ സ്ഥലങ്ങളിലും മലങ്കര കത്തോലിക്കാ സഭാ സമൂഹങ്ങൾക്കും ഇടവകകൾക്കും രൂപം നൽകിയിരിക്കുന്നു. ഇവിടങ്ങളിലെ അജപാലന പ്രവർത്തനങ്ങൾ ഏകീകരിക്കുവാനായി 1998-ൽ കോ-ഓർഡിനേററന്മാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. 1998-ൽ മലങ്കര കാത്തലിക് കൗൺസിൽ (എം. സി. ബി. സി) രൂപീകരിച്ച് സഭാത്മക ദർശനങ്ങളോടുകൂടി മലങ്കര കത്തോലിക്കാ സഭയ്ക്ക് വൈദിക മേലദ്ധ്യക്ഷന്മാർ നേതൃത്വം നൽകികൊണ്ടിരിക്കുന്നു. ഇന്ന് 4 രൂപതകളും, 6 വൈദികമേലദ്ധ്യക്ഷന്മാരും, 560 വൈദികരും, 1777 സന്യാസിനികളും, 3,80,000 വിശ്വാസികളും 838 ആരാധനാസമൂഹങ്ങളും (മലങ്കര കാത്തലിക് ഡയറക്ടറി 2000) വളരെയധികം വിദ്യാഭ്യാസസ്ഥാപനങ്ങളും, സാമൂഹ്യക്ഷേമപ്രവർത്തന കേന്ദ്രങ്ങളുമായി മലങ്കര കത്തോലിക്കാ സഭ വളർച്ചയുടെ പാതയിൽ മുന്നേറിക്കൊണ്ടിരിക്കുന്നു.

malankaralibrary.com

## മലങ്കര കത്തോലിക്കാ സഭാദ്ധ്യക്ഷൻമാർ

| | | |
|---|---|---|
| ഗീവർഗീസ് മാർ ഈവാനിയോസ് | – | (1930-1953) |
| യാക്കൂബ് മാർ തെയോഫിലോസ് | – | (1930-1956) |
| ജോസഫ് മാർ സേവേറിയോസ് | – | (1937-1955) |
| തോമസ് മാർ ദിയസ്ക്കോറസ് | – | (1939-1943) |
| സഖറിയാസ് മാർ അത്തനാസ്യോസ് | – | (1954-1977) |
| ഐസക്ക് മാർ യൂഹാനോൻ | – | (1978-1987) |
| ബെനഡിക്ട് മാർ ഗ്രിഗോറിയോസ് | – | (1953-1994) |
| ലോറൻസ് മാർ അപ്രേം | – | (1980-1997) |
| പൗലോസ് മാർ ഫിലക്സീനോസ് | – | (1977-1998) |

## ഇപ്പോഴത്തെ ഹയരാർക്കി

1. സിറിൽ മാർ ബസ്സേലിയോസ് – (1995 ഡിസംബർ 14)
(മലങ്കര കത്തോലിക്കാ സഭാദ്ധ്യക്ഷൻ ; തിരുവനന്തപുരം മെത്രാപ്പോലിത്തൻ ആർച്ച് ബിഷപ്പ്)
2. ഗീവർഗീസ് മാർ തിമോത്തിയോസ് – (1988 ഓഗസ്റ്റ് 6)
(തിരുവല്ലാ രൂപതാ മെത്രാൻ)
3 ഗീവർഗീസ് മാർ ദിവന്നാസ്യോസ് – (1997 ഫെബ്രുവരി 15)
(ബത്തേരി രൂപതാ മെത്രാൻ)
4. യൂഹാനോൻ മാർ ക്രിസോസ്റ്റം – (1998 ജൂൺ 29)
(മാർത്താണ്ഡം രൂപതാ മെത്രാൻ
5. തോമസ് മാർ കൂറിലോസ് – (1997 ജൂലൈ 17)
(തിരുവല്ലാ രൂപതാ സഹായമെത്രാൻ)
6. ജോഷ്വാ മാർ ഇഗ്നാത്തിയോസ് – (1998 ജൂൺ 29)
(തിരുവനന്തപുരം അതിരൂപതാ സഹായമെത്രാൻ)

malankaralibrary.com

അദ്ധ്യായം 5

# മലങ്കര കത്തോലിക്കാസഭയിലെ സന്ന്യാസ സമൂഹങ്ങൾ

ക്രിസ്തുവിനെ ഏററവും അടുത്തനുകരിക്കുക എന്ന ലക്ഷ്യം കൂടാതെ, ആനുകാലികമായ ആവശ്യങ്ങൾ ഉൾക്കൊണ്ട് പല സന്ന്യാസ സമൂഹങ്ങളും സഭയിൽ രൂപംകൊണ്ടിട്ടുണ്ട്. മലങ്കര കത്തോലിക്കാ സഭയിൽത്തന്നെ രൂപം കൊണ്ടതും മററു സ്ഥലങ്ങളിൽ രൂപംകൊണ്ട് മലങ്കര കത്തോലിക്കാ സഭയിൽ പ്രവർത്തിക്കുന്നതുമായ സന്ന്യാസ സമൂഹങ്ങളെപ്പററിയുള്ള ഒരു ലഘുവിവരണമാണ് ഈ അദ്ധ്യായത്തിലുള്ളത്. ഈ സമൂഹങ്ങളെപ്പററിയുള്ള അറിവ് നമ്മുടെ സഭാ ജീവിതത്തിന് കൂടുതൽ സഹായകരമാകുമെന്നതിന് സംശയമില്ല.

## 1 മിശിഹാനുകരണ ബഥനി സന്ന്യാസി സമൂഹം (O I C)

1908-ൽ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മലങ്കരസഭാ ഭരണം ഏറെറടുത്തതോടുകൂടി അന്ത്യോക്യായിലെ അബ്ദള്ളാ പാത്രിയർക്കീസ് കേരളം സന്ദർശിക്കുകയും പരമാധികാരവും സ്വയംഭരണവും സംബന്ധിച്ചുള്ള തർക്കങ്ങൾ ആരംഭിക്കുകയും ചെയ്തു. 1911-ൽ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് പാത്രിയർക്കീസിനാൽ മുടക്കപ്പെട്ടതോടുകൂടി നൈയാമിക പ്രതിസന്ധി രൂക്ഷമായി. എം. ഡി. സെമിനാരി പ്രിൻസിപ്പലായിരുന്ന ഫാ. പി. ററി. ഗീവർഗീസിന്റെ സമയോചിതമായ ഇടപെടൽമൂലം 1912—ൽ മലങ്കര കാതോലിക്കേററ് സ്ഥാപിച്ചു. പക്ഷേ, തുടർന്നുള്ള വ്യവഹാരങ്ങളും തർക്കങ്ങളും സഭാന്തരീക്ഷമാകെ പ്രക്ഷുബ്ധമാക്കി. ആദ്ധ്യാത്മിക ചൈതന്യം നഷ്ടപ്പെട്ട് ആളുകൾ മതകാര്യങ്ങളിൽ അശ്രദ്ധരായി.

സ്വസമുദായത്തിനു വന്നുഭവിച്ച ഈ വേദനിപ്പിക്കുന്ന ചിന്തകളുമായി 1913—ൽ ഫാ. പി. ററി. ഗീവർഗീസ് കൽക്കട്ടെ സെറാംപൂർ കോളേജ് പ്രഫസർ സ്ഥാനം സ്വീകരിച്ചു തുടർന്ന് നാട്ടിൽ നിന്നും ഏതാനും യുവജനങ്ങളേയും വൈദിക വിദ്യാർത്ഥികളേയും കൽക്കട്ടായിൽ കൊണ്ടുപോയി ഉന്നത വിദ്യാഭ്യാസം നൽകി. അവരിലൂടെ മലങ്കര സമുദായത്തെ ഉദ്ധരിക്കുവാൻ

malankaralibrary.com

ശ്രമിച്ചു. എന്നാൽ അധികം താമസിയാതെ അഖില ഭാരത പ്രേഷിതദൗത്യം എന്ന ചിന്തയാൽ പ്രേരിതനായി ഒരു മിഷനറി സമൂഹം, സമുദായ സമുദ്ധാരണത്തിനായി സ്ഥാപിക്കുന്നത് നല്ലതാണെന്ന് അദ്ദേഹം ചിന്തിച്ചു. എന്നാൽ നിരന്തര പ്രാത്ഥന യുടെ ഫലമായി, ദൈവത്തിനായി തങ്ങളെത്തന്നെ പ്രതിഷ്ഠിച്ചിട്ടുള്ള ഒരു സന്ന്യാസ സമൂഹം സ്ഥാപിക്കുകയാണ് മലങ്കര സഭാ സമുദ്ധാരണത്തിന് ഏററവും പററിയ മാർഗമെന്ന് അദ്ദേഹ ത്തിനു ബോദ്ധ്യമായി.

ക്രിസ്തീയ സന്യാസത്തിൻെറ അന്തഃസത്തയും, ഭാരതീയ സന്ന്യാസത്തിൻെറ മൂല്യങ്ങളും സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു ആശ്രമം സ്ഥാപിക്കുവാൻ അദ്ദേഹം നിശ്ചയിച്ചു. സെറാം പൂരിൽ പ്രവർത്തിച്ചിരുന്ന ആംഗ്ളിക്കൻ സഭയിലെ എപ്പിഫനി സന്യാസ സമൂഹങ്ങളുടെ ജീവിത ശൈലിയേയും, ഈശോ സഭാ വൈദികരിലൂടെയും അവർ നൽകിയ ഗ്രന്ഥങ്ങളിലൂടെയും കത്തോലിക്കാ സഭയിലെ സന്യാസപ്രസ്ഥാനങ്ങളെയും അതിനു നേതൃത്വം നൽകിയ സഭാപിതാക്കൻമാരുടെ ജീവിതാദർശ ങ്ങളേയുംപററി ഫാ. പി. ററി. ഗീവർഗീസ് പഠിച്ചു. മഹാകവി രവീന്ദ്രനാഥ ടാഗോറിൻെറ ശാന്തിനികേതനം, മഹാത്മാഗാന്ധി യുടെ സബർമതി ആശ്രമം, രാമകൃഷ്ണാശ്രമമം പോലെയുള്ള ഹൈന്ദവാശ്രമങ്ങൾ എന്നിവ സന്ദർശിച്ച് ആശയങ്ങൾ സ്വീ കരിച്ചു. ഈ ആശയങ്ങൾ അനുസരിച്ച് സെറാംപൂരിൽവച്ചു തന്നെ സന്ന്യാസാഭിമുഖ്യമുള്ളവരെച്ചേർത്ത് ഒരു 'ശൈശവാശ്രമം' രൂപീകരിച്ചു. താൻ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന സമൂഹ ത്തിന് 'ബഥനി ആശ്രമം' എന്ന പേര് നിശ്ചയിക്കുകയും അവർക്ക് കാവിവസ്ത്രം തെരഞ്ഞെടുക്കുകയും ചെയ്തു.

അങ്ങനെ 1919 ഓഗസ്ററ് 15—ാം തീയതി റാന്നി-പെരുനാട് മുണ്ടൻമലയിൽ ബഥനി ആശ്രമം ഔദ്യോഗികമായി ആരംഭിച്ചു. പൗരസ്ത്യ സന്ന്യാസ പിതാവായ മാർ ബസേലിയോസിൻെറ സന്ന്യാസ നിയമാവലിയെ ആസ്പദമാക്കിയാണ് പുതിയ സമൂഹ ത്തിൻെറ നിയമങ്ങൾ ക്രോഡീകരിച്ചത്. 1920-ലെ പെന്തിക്കോസ്തി ദിവസം ആദ്യ അംഗങ്ങൾ വ്രതവാഗ്ദാനം നടത്തി. ആശ്രമാ ദ്ധ്യക്ഷനായിരുന്ന ഫാ. പി. ററി. ഗീവർഗീസിനെ ആബോ ഗീവർഗീസ് എന്നറിയപ്പെട്ടിരുന്നു.

ബഥനിയും ബഥനി സ്ഥാപിച്ച പള്ളികളും വ്യവഹാര ങ്ങളിൽ നിന്നെല്ലാം ഒഴിഞ്ഞ് സ്വതന്ത്രമായ നിലയിലാണ് സ്ഥാ പിച്ചത്. സുവിശേഷ പ്രസംഗങ്ങൾ, ധ്യാനയോഗങ്ങൾ, കുട്ടി കൾക്കും മുതിർന്നവർക്കും വേണ്ടിയുള്ള വേദോപദേശ പദ്ധതികൾ,

malankaralibrary.com

ഭക്തസംഘടനകളുടെ പുനക്രമീകരണം, ബഥനി തൃതീയാശ്രമം, വിജാതീയ മിഷൻ പ്രവർത്തനം എന്നിവയിലൂടെ ആദ്ധ്യാത്മിക പ്രബുദ്ധതയിലേക്ക് ബഥനി ദൈവജനത്തെ നയിക്കുവാൻ തുടങ്ങി. അവരുടെ ലളിതവും നിഷ്ഠാപരമായ ജീവിതവും, ഭക്തിരസാത്മകമായ ആരാധനാനുഷ്ഠാനങ്ങളും മുണ്ടൻമലയെ ഒരു തീർത്ഥാടനകേന്ദ്രമാക്കി മാററി. ജീവകാരുണ്യപരമായ പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് അനാഥശാലകളുടെ നടത്തിപ്പ്, ആതുരശുശ്രൂഷ, പ്രസ്സും പ്രസിദ്ധീകരണങ്ങളും മുഖേനയുള്ള അപ്പസ്തോലിക പ്രവർത്തനങ്ങൾ എന്നിവയും അവർ നിർവ്വഹിച്ചു.

ബഥനിപ്രസ്ഥാനത്തിലൂടെ മലങ്കര സഭയെ ആദ്ധ്യാത്മികമായി ഉയർത്തുവാൻ കുറച്ചെങ്കിലും സാധിച്ചെങ്കിലും, ശാശ്വതമായ സമാധാനത്തിനുള്ള മാർഗം കത്തോലിക്കാ സഭയുമായുള്ള ഐക്യമാണെന്ന് മാർ ഈവാനിയോസിന് ബോദ്ധ്യപ്പെട്ടു. തത്ഫലമായി 1930-ഓഗസ്ററ് 19-ാം തീയതി സാർവ്വത്രിക കത്തോലിക്കാസഭയിലേക്ക് തീർത്ഥാടനത്തിന് തയ്യാറായി ആശ്രമസ്ഥർ ബഥനിമലയോടു വിടപറഞ്ഞു. അവർ വെണ്ണിക്കുളത്തുവന്ന് താമസിക്കുകയും 1930–സെപ്ററംബറിൽ മാർ ഈവാനിയോസിനോടുകൂടി കത്തോലിക്കാ സഭയിൽ പുനരൈക്യപ്പെടുകയും ചെയ്തു. ഇതേതുടർന്ന് ബഥനി സമൂഹം മാർ ഈവാനിയോസിനോടും, മാർ തെയോഫിലോസിനോടും ചേർന്ന് പൂർണ്ണമായി മിഷ്യൻ പ്രവർത്തനങ്ങളിൽ വ്യാപൃതരായി. ബഥനിയുടെ ആശ്രമ കേന്ദ്രീകൃതമായ ജീവിതശൈലിക്ക് ഇതു കുറെയൊക്കെ മങ്ങൽ ഏൽപ്പിച്ചെങ്കിലും പുനരൈക്യപ്രസ്ഥാനത്തിന് താങ്ങും തണലുമായി നിലകൊള്ളുവാൻ ബഥനിക്ക് കഴിഞ്ഞു എന്നത് ചരിത്രസത്യമാണ്. 1966 ഏപ്രിൽ 14–ാം തീയതി പൊന്തിഫിക്കൽ പദവിയിലേക്ക് ബഥനി ആശ്രമം ഉയർത്തപ്പെട്ടു.

1971–മുതൽ കോട്ടയത്ത് സമൂഹത്തിൻെറ ജനറലേററ് സ്ഥാപിക്കുകയും അതിൻെറ ബഹുവിധ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുകയും പുതിയ പല ഭവനങ്ങൾ ആരംഭിക്കുകയും ചെയ്തു. സുവിശേഷ പ്രഘോഷണം, ധ്യാനയോഗങ്ങൾ, ഇടവക ശുശ്രൂഷകൾ, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ, പ്രസിദ്ധീകരണങ്ങളിലൂടെയുള്ള പ്രബോധനങ്ങൾ തുടങ്ങിയ രംഗങ്ങളിൽ സമൂഹം ഇപ്പോൾ പ്രവർത്തിക്കുന്നു. ബാഹ്യ കേരളത്തിലെ മിഷ്യൻ കേന്ദ്രങ്ങളിൽ മിക്കതിലും സമൂഹം അജപാലനശുശ്രൂഷ നിർവ്വഹിക്കുന്നു. പൗരസ്ത്യ–മലങ്കര സഭാപൈതൃകങ്ങൾക്കനുസൃതമായ ഒരു

malankaralibrary.com

പഠന, പരിശീലനം വൈദിക വിദ്യാർത്ഥികൾക്കായി രൂപീകരിച്ചിട്ടുണ്ട്. 2000 മെയ് 24-ാം തീയതി ബഥനി സന്യാസി സമൂഹം രണ്ടു പ്രോവിൻസുകളായി രൂപീകരിക്കപ്പെടുകയും വളർച്ചയുടെ പാതയിൽ മുന്നോട്ടു പോകുകയും ചെയ്തു കൊണ്ടിരിക്കുന്നു.

## 2 കപ്പൂച്ചിൻ സന്യാസി സമൂഹം (OFM Cap)

അസ്സീസിയിലെ വി. ഫ്രാൻസിസിന്റെ ദാരിദ്ര്യാരൂപി അനുകരിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി 1527-ൽ ഫാ. മത്തെയോ ദേ ബാഷിയോയുടെ നേതൃത്വത്തിൽ ഇററലിയിൽ ഈ സന്യാസ സമൂഹം സ്ഥാപിച്ചു. 1632-ൽ കപ്പൂച്ചിൻ മിഷനറിമാർ ഇന്ത്യയിൽ പ്രവർത്തിക്കുകയും 1922-ൽ ഒരു ഇൻഡ്യൻ പ്രോവിൻസ് സ്ഥാപിക്കുകയും ചെയ്തു. കേരളത്തിൽ 3 പ്രോവിൻസുകൾ ഉൾപ്പെടെ ഇൻഡ്യയിലിപ്പോൾ 10 പ്രോവിൻസുകൾ ഉണ്ട്. സെൻറ് ജോസഫ് പ്രോവിൻസിൽപ്പെട്ട മുഖത്തലയിൽ (തിരുവനന്തപുരം അതിരൂപത) കപ്പൂച്ചിൻ സമൂഹം പ്രവർത്തിക്കുന്നു. 1963-ൽ ഫാ. കത്ബർട്ടാണ് ഇവിടെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. മുഖത്തലയും ചുററുപാടുള്ള ഇടവകകളിൽ മിഷ്യൻ പ്രവർത്തനവും വിദ്യാഭ്യാസ പ്രവർത്തനങ്ങളും കപ്പൂച്ചിൻ സമൂഹം നിർവ്വഹിക്കുന്നു.

## 3 സലേഷ്യൻ സമൂഹം (SDB)

വി. ഡോൺ ബോസ്കോ ഇററലിയിൽ 1859-ൽ ഈ സമൂഹം ആരംഭിച്ചു. റോമിലാണ് സമൂഹത്തിന്റെ കേന്ദ്രഭവനം. ഇന്ത്യയിലെ ബാംഗ്ലൂർ പ്രോവിൻസിന്റെ കീഴിലുള്ള ഒരു സലേഷ്യൻ ആശ്രമം തിരുവല്ലാ രൂപതയിൽ പുതുപ്പള്ളിയിൽ 1991-ൽ ആരംഭിച്ചു. ഇടവകജോലികളും വിദ്യാഭ്യാസ പ്രവർത്തനങ്ങളും അവർ ഇവിടെ നിർവ്വഹിച്ചു കൊണ്ടിരിക്കുന്നു. തിരുവനന്തപുരം അതിരൂപതയിൽ മൺവിളയിലും പ്രേഷിത പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

## 4 ക്രിസ്തീയ സന്യാസ സമാജ് (K.S.S)

സിസ്റ്റേർഷ്യൻ സഭാംഗമായിരുന്ന ബൽജിയംകാരൻ ഫാ. ഫ്രാൻസിസ് ആചാര്യ, ഇംഗ്ലണ്ടിൽ നിന്നെത്തിയ ബനഡിക്ടൈൻ ഫാ. ബീഡ് ഗ്രിഫ്ത്സിന്റെ സഹായത്തോടുകൂടി 1956 നവംബറിൽ തിരുവല്ലായിലെ പഴയ മെത്രാസന മന്ദിരമായ ചെറുപുഷ്പഗിരിയിൽ സന്യാസ സമൂഹ ജീവിതം ആരംഭിച്ചു. 1958 മാർച്ച് 20-ാം തീയതി അവർ ആശ്രമജീവിതം വാഗമണ്ണിൽ

malankaralibrary.com

കുരിശുമലയിലേക്കു മാററി. ബനഡിക്ടൈയിൻ സന്യാസ നിയമങ്ങളും, പാശ്ചാത്യ സന്യാസജീവിതത്തിലെ വിശിഷ്ട ഘടകങ്ങളും, അന്ത്യോക്യൻ സഭയിലെ ആരാധനാ പാരമ്പര്യങ്ങളും ഭാരത സന്യാസ ജീവിത രീതിയും സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു ജീവിത ശൈലിയാണ് കുരിശുമല ആശ്രമത്തെ നയിക്കുന്നത്. എക്യുമേനിക്കൽ പ്രവർത്തനങ്ങൾ, പ്രാർത്ഥനാപുസ്തകങ്ങളുടെ വിവർത്തനം എന്നീ രംഗങ്ങളിൽ കുരിശുമല ആശ്രമം സവിശേഷ സേവനം നിർവ്വഹിച്ചിട്ടുണ്ട്. സമീപ പ്രദേശങ്ങളിലുള്ള നൂറോളം കുടുംബങ്ങൾ പശുക്കളെ വളർത്തി ആശ്രമം വഴി പാൽ വിററ് ഉപജീവനം കഴിക്കുന്നു. പശു വളർത്തൽ സംബന്ധമായ എല്ലാ സഹായങ്ങളും അവർക്കു ചെയ്തു കൊടുക്കുന്നു. തികച്ചും ഒരു ധ്യാനാത്മക സമൂഹമായ കുരിശുമല ആശ്രമത്തിൽ ധ്യാനിക്കുവാനും, പ്രാർത്ഥിക്കുവാനും ആർക്കും സൗകര്യങ്ങൾ നൽകുന്നുണ്ട്.

1998- ജൂലൈ 9-ന് കുരിശുമല ആശ്രമം സിസ്റ്റേഴ്സിയൻ സന്യാസസഭയുടെ അംഗത്വം ഔദ്യോഗികമായി സ്വീകരിക്കുകയും (Incorporated)' 1999 ഒക്ടോബർ 14 ന് ഫാ. ഫ്രാൻസിസ് ആചാര്യയെ ആശ്രമത്തിൻെറ ആബെട്ടായി (റീശ് ദയ്റോ) ആയി ഉയർത്തുകയും ചെയ്തു.

## 5 ഫ്രാൻസിസ്ക്കൽ മിഷനറി ബ്രദേഴ്സ് (CMCF)

ബ്രദർ പൗലോസ് മോറിററ്സ് എന്ന ജർമ്മൻ പൗരനാൽ 1901-ൽ ഇന്ത്യയിൽ സ്ഥാപിതമായ ബ്രദേഴ്സ് മാത്രം അംഗങ്ങളായുള്ള ഒരു അന്താരാഷ്ട്ര സന്യാസി സമൂഹമാണ് ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സ്. ഇന്ന് ഇന്ത്യയിൽ 4 പ്രോവിൻസുകളിലായി ഇവർ പ്രവർത്തിക്കുന്നു. ബോംബേയിലാണ് കേന്ദ്രഭവനം, ജനങ്ങളെ വിശ്വാധിഷ്ഠിത ജീവിതചര്യകൾ പഠിപ്പിച്ച് അവരെ സമൂഹത്തിൻെറ മുഖ്യ ധാരയിലേക്ക് കൊണ്ടുവന്ന് സ്വന്തം കാലിൽ നിൽക്കുവാൻ അവസരം ചെയ്തുകൊടുക്കുന്ന പ്രവത്തനങ്ങളിലാണ് സമൂഹം ഏർപ്പെട്ടിരിക്കുന്നത്.

മാർ ഈവാനിയോസ് തിരുമേനിയുടെ പ്രത്യേക അഭ്യർത്ഥന പ്രകാരം 1936-ൽ മലങ്കര സഭയിലെ തങ്ങളുടെ ആദ്യ പ്രവർത്തനങ്ങൾ പന്തളത്ത് ആരംഭിച്ചു. അവിടെനിന്നും പ്രവർത്തനങ്ങൾ തെക്കൻ തിരുവിതാംകൂറിൻെറ പല ഭാഗങ്ങളിലായി വ്യാപിപ്പിച്ചു. അമ്പിളികോണം, കാഞ്ഞിരംകുളം, മുണ്ടേല, കാഞ്ഞിരമ്പാറ, മരിയഗിരി, ബാലരാമപുരം, പാറശാല, തോന്നയ്ക്കൽ, കിളിമാനൂർ, മഞ്ചവിളാകം, തിരുവല്ലാ രൂപതയിലെ അഞ്ചൽപ്പെട്ടി എന്നീ സ്ഥലങ്ങളിലെ ഇടവകകൾ ബ്രദേഴ്സിൻെറ നിസ്വാർത്ഥ സേവനം മൂലം രൂപപ്പെട്ടിട്ടുള്ളതാണ്.

malankaralibrary.com

ഇന്ന് നാലാഞ്ചിറ, ചെമ്പൂര്, ചെങ്ങന്നൂർ, പനവൂർ, അമ്പൂരി, കന്യാകുമാരി, കേശവദാസപുരം മുതലായ സ്ഥലങ്ങളിൽ ബ്രദേഴ്സ് വിവിധ വിദ്യാഭ്യാസ, സാമൂഹ്യക്ഷേമ വപ്രത്തനങ്ങൾ, തൊഴിൽ പരിശീലനകേന്ദ്രങ്ങൾ, അജപാലന സഹായജോലികൾ മുതലായവയിലൂടെ മലങ്കര കത്തോലിക്കാസഭയിൽ സേവനം അനുഷ്ഠിക്കുന്നു.

## 6 ക്രിസ്തു സന്യാസ സമാജ് (ചായൽപ്പടി ആശ്രമം)

കുരിശുമല ആശ്രമാംഗമായിരുന്ന ഫാ. ഫിലിപ്പോസ് നടമല 1972- മെയ് 22-ാം തീയതി പത്തനംതിട്ട ജില്ലയിലെ ആങ്ങമൂഴിയിൽ ഈ ആശ്രമം തുടങ്ങി. ഇടവക ജോലികൾ, വിദ്യാഭ്യാസ പ്രവത്തനങ്ങൾ, സാമൂഹ്യക്ഷേമ പ്രവത്തനങ്ങൾ എന്നിവ അദ്ദേഹം ഈ പ്രദേശത്ത് നടത്തുന്നു.

## 7 ക്രിസ്തു സന്യാസ സമാജം (ശാന്തി ആശ്രമം)

കുരിശുമല ആശ്രമാംഗമായിരുന്ന ഫാ. ക്രിസ്പിൻ 1978- ൽ കന്യാകുമാരി ജില്ലയിലെ മുക്കടാൽ എന്ന സ്ഥലത്ത് ഈ ആശ്രമം തുടങ്ങി, ധ്യാനാത്മകമായ ജീവിതമാണ് ആശ്രമാംഗങ്ങൾ നയിക്കുന്നതെങ്കിലും, ജനങ്ങൾക്ക് ആദ്ധ്യാത്മികോപദേശം കൊടുക്കുക, ആതുര ശുശ്രൂഷ നടത്തുക, വൃദ്ധജനങ്ങളുടെയും നിരാലംബരുടെയും സംരക്ഷണത്തിനായി ഒരു കേന്ദ്രം നടത്തുക മുതലായ സേവനങ്ങളും നിർവ്വഹിച്ചുവരുന്നു.

## 8 ധ്യാനാശ്രമം (നമ്പിയാർകുന്ന്)

കുരിശുമല ആശ്രമാംഗമായിരുന്ന ഫാ. സിൽവെസ്റ്റർ കോഴിമണ്ണിൽ 1979 മെയ് 15-ാം തീയതി ബത്തേരി രൂപതയിൽ നമ്പിയാർകുന്ന് ആസ്ഥാനമാക്കി സ്ഥാപിച്ചതാണ് ധ്യാനാശ്രമം. 2000 സെപ്റ്റംബർ 20-ാം തീയതി ബത്തേരി രൂപതാദ്ധ്യക്ഷൻ ധ്യാനാശ്രമത്തിൻെറ ടിപ്പിക്കോൺ (നിയമാവലി) അംഗീകരിക്കുകയും ഒരു രൂപതാ സന്യാസാശ്രമമായി ഇതിനെ ഉയത്തുകയും ചെയ്തു. മലങ്കര സുറിയാനി ആരാധനക്രമം അടിസ്ഥാനമാക്കിയുള്ള പ്രാർത്ഥനാജീവിതം, ഏകാന്തത, മൗനം, ധ്യാനം, കായികാദ്ധ്വാനം ഇവയ്ക്കെല്ലാം പ്രാധാന്യം നൽകുന്ന ജീവിതരീതിയാണിവിടെ അനുവർത്തിക്കുന്നത്. ഭാരതീയ- ക്രിസ്തീയ ആശ്രമം എന്ന ആശയത്തിൻെറ മറെറാരു പ്രായോഗിക ആവിഷ്ക്കാരമാണ് ധ്യാനാശ്രമം.

## 9 ബഥനി മിശിഹാനുകരണ സന്യാസിനീസമൂഹം(SIC)

മലങ്കരസഭയുടെ ആദ്ധ്യാത്മിക നവീകരണവും ലക്ഷ്യവും എന്ന ചരിത്രപശ്ചാത്തലം തന്നെയാണ് ബഥനി സന്യാസിനീ

malankaralibrary.com

സമൂഹ സ്ഥാപനത്തിനും ഉള്ളത്. ഫാ. പി.റ്റി.ഗീവർഗീസ് കൽക്കട്ടായിൽ സെറാംപൂർ കോളേജ് പ്രൊഫസർ ആയിരുന്ന കാലഘട്ടത്തിൽ സമർത്ഥരായ പല പെൺകുട്ടികളെയും അവിടെ ഉപരിപഠനാർത്ഥം കൊണ്ടുപോകുകയുണ്ടായി. സെറാംപൂരിൽ നിന്നും 35 മൈലോളം അകലമുള്ള ബാരിസോളിൽ ആംഗ്ലിക്കൻ സഭയിലെ എപ്പിഫനി സിസ്റ്റേഴ്സ് എന്ന ഒരു സന്യാസിനി സമൂഹത്തിൽ, ഭാഷാപഠനത്തോടൊപ്പം സന്യാസ പരിശീലനം ആർജ്ജിക്കുവാനായി 8 പെൺകുട്ടികളെ ഫാ. പി.റ്റി. ഗീവർഗീസ് അയച്ചു. അങ്ങനെ 1915-മുതൽ 1920-വരെ ബാരിസോളിലും തുടർന്ന് 1920-മുതൽ 1925-വരെയും തിരുമൂലപുരത്തും ആംഗ്ലിക്കൻ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ സന്യാസ പരിശീലനം നടത്തി. അങ്ങനെ സുദീർഘമായ പരിശീലനത്തെത്തുടർന്ന് 1925-സെപ്റ്റംബർ 21-ാം തീയതി ബഥനിയിലെ 3 സിസ്റ്റേഴ്സ് തങ്ങളെത്തന്നെ സമർപ്പിച്ചുകൊണ്ട് ബഥനിസന്യാസിനീ സമൂഹത്തിന് മലങ്കരയിൽ ആരംഭം കുറിച്ചു. കുടുംബങ്ങളിലും സ്ത്രീജനങ്ങളുടെ ഇടയിലും അർപ്പിതരായ സന്യാസിനികൾക്കും ചെയ്യാവുന്ന ജോലികളുടെ പ്രാധാന്യം മാർ ഈവാനിയോസ് ശരിയായി മനസിലാക്കിയതിന്റെ ഫലമായിട്ടാണ് ഈ സമൂഹം രൂപം കൊണ്ടത്.

1930 സെപ്റ്റംബർ 22-ാം തീയതി തിരുമൂലയിൽവച്ച് മാർ ഈവാനിയോസിന്റെ മുൻപിൽ സത്യവിശ്വാസം ഏറ്റുപറഞ്ഞുകൊണ്ട് ബഥനി സന്യാസിനികളെല്ലാവരും കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. മലങ്കര കത്തോലിക്കാ സഭയുടെ ആസ്ഥാനം തിരുവനന്തപുരത്ത് ആക്കിയതിനെ തുടർന്ന് പിതാവിന്റെ നിർദ്ദേശാനുസരണം 1936-ൽ സമൂഹാംഗങ്ങളെ നാലാഞ്ചിറയിൽ തയ്യാറാക്കിയ ചെറുഭവനത്തിലേക്ക് മാററി. തിരുവല്ലാ രൂപതയിൽ മിഷ്യൻ ജോലികളിൽ സഹായിക്കുവാനായി മാർ തിയോഫിലോസ് ആവശ്യപ്പെട്ടതനുസരിച്ച് ചിലരെ സേവനത്തിനായി തിരികെ അയച്ചു. അതോടെ രണ്ടു രൂപതാ സമൂഹങ്ങളായി തീരുകയും തുടർന്നുള്ള ചർച്ചകളുടെയും പഠനത്തിന്റെയും ഫലമായി 1956-ആഗസ്റ്റ് 21-ാം തീയതി ഒരു പൊതു സമൂഹമായി പ്രഖ്യാപിക്കുകയും, ഒരു മദർ ജനറലിന്റെ കീഴിൽ രണ്ടു പ്രോവിൻസുകളായി തിരിച്ച് പൊന്തിഫിക്കൽ പദവി നൽകുകയും ചെയ്തു.

1975-മുതൽ കോട്ടയത്തേക്കു ജനറലേററ് ഭവനം മാററുകയും പുതിയ ഭവനങ്ങൾ സ്ഥാപിച്ച് പ്രവർത്തനമേഖലകൾ വ്യാപിപ്പിക്കുവാനും ശ്രമിച്ചു. അക്രൈസ്തവരുടെ ഇടയിലുള്ള വിശ്വാസ പ്രഘോഷണം, വിദ്യാഭ്യാസം, ആതുരസേവനം

malankaralibrary.com

അനാഥരുടെയും, അശരണരുടെയും സംരക്ഷണം, മുദ്രാലയ പ്രേഷിതത്വം, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ മുതലായവയാണ് ബഥനി സന്യാസിനീ സമൂഹത്തിൻെറ പ്രധാന പ്രേഷിത പ്രവർത്തന രംഗങ്ങൾ. ഇന്ന് തിരുവനന്തപുരം, തിരുവല്ല, ബത്തേരി, പത്തനംതിട്ട എന്നീ നാലു പ്രോവിൻസുകളിലായി മുൻപറഞ്ഞ പ്രവർത്തനങ്ങളിലൂടെ ബഥനീ സന്യാസിനി സമൂഹം സാക്ഷ്യം നൽകുന്നു.

## 10 മേരിമക്കൾ സന്യാസിനി സമൂഹം (DM)

1930-ൽ രൂപംകൊണ്ട മലങ്കര കത്തോലിക്കാ സഭയിൽ അജപാലന ശുശ്രൂഷകൾക്ക് നേതൃത്വം കൊടുക്കുവാൻ വൈദികർ വിരളമായതിനാൽ സീറോ-മലബാർ സഭയുടെ സേവനം മാർ ഈവാനിയോസ്, മാർ തെയോഫിലോസ് എന്നീ പിതാക്കന്മാർ അഭ്യർത്ഥിച്ചു. അങ്ങനെ മലങ്കര സഭാസേവനത്തിനായി വന്ന വൈദികരിൽ ഒരാളായിരുന്നു ചങ്ങനാശ്ശേരി രൂപതയ്ക്കുവേണ്ടി വൈദികപട്ടം സ്വീകരിച്ച ബ. ജോസഫ് കുഴിഞ്ഞാലിലച്ചൻ. അദ്ദേഹം ഇന്നത്തെ കന്യാകുമാരി ജില്ലയിൽ ധാരാളം മിഷൻ പ്രവർത്തനങ്ങൾ നിർവ്വഹിക്കുകയും ആയിരക്കണക്കിന് വിശ്വാസികളെ സഭയിലേക്ക് സ്വീകരിക്കുകയും ചെയ്തു. ഈ മിഷൻ പ്രവർത്തനങ്ങളിൽ സഹായിക്കുവാൻ ഒരു സന്യാസിനിസമൂഹം ഉണ്ടാകുന്നത് നല്ലതാണെന്ന ചിന്തയാൽ പ്രേരിതനായി മാർ ഈവാനിയോസ് പിതാവിൻെറ അനുഗ്രഹാശിസുകളോടെ സ്ഥാപിച്ചതാണ് മേരിമക്കൾ സന്യാസിനീസമൂഹം. പാലായിൽ നിന്നുമുള്ള ബ. മദർ മേരി കല്ലറയ്ക്കൽ സമൂഹത്തിൻെറ സഹ സ്ഥാപകയുമാണ്. അങ്ങനെ പതിനൊന്നാം പീയൂസ് മാർപ്പാപ്പായുടെ അനുവാദത്തോടെ 1938-ൽ മാർത്താണ്ഡത്ത് ഔദ്യോഗികമായി ഈ സമൂഹം സ്ഥാപിച്ചു.

1968-ജൂലൈ 15 ന് ഈ സമൂഹം ആഗോള വ്യാപകമായ ഫ്രാൻസിസ്കൻ (കപ്പൂച്ചിൻ) സഭയോട് സംയോജിപ്പിച്ചു. 1987-മെയ് ഒന്നാം തീയതി സെൻെറ് ജോസഫ്സ്, സെൻെറ് മേരീസ് എന്നീ രണ്ടു പ്രോവിൻസുകളായി സമൂഹം വിഭജിച്ചു. 1988-ൽ സമൂഹം പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തപ്പെട്ടു. കൂടാതെ 4 റീജിയനുകളുമുണ്ട്. മിഷ്യൻ പ്രവർത്തനങ്ങൾ, മതബോധനം, വിദ്യാഭ്യാസം, ആതുരശുശ്രൂഷ, പ്രസ്സ്, സാമൂഹ്യപ്രവർത്തനങ്ങൾ തുടങ്ങിയ രംഗങ്ങളിലൂടെ മേരിമക്കൾ സമൂഹം സദ്വാർത്ത ഉദ്ഘോഷിക്കുന്നു.

## 11 ഹോളി സ്പിരിററ് സിസ്ററേഴ്സ് (OSS)

1950-മെയ് 28-ാം തീയതി പെന്തക്കുസ്താ തിരുനാളിൽ ജർമ്മനിയിൽ ബഹു. ബെർണാർഡ് ബെൻഡൽ എന്ന പുരോ

malankaralibrary.com

ഹിതനാൽ സ്ഥാപിതമാണീ സമൂഹം. Opus Spiritus Sancti- പരിശുദ്ധാത്മാവിൻെറ പ്രവർത്തനം- എന്ന ഔദ്യോഗിക നാമം സ്വീകരിച്ചു. 5 വിവിധ സമൂഹങ്ങളുടെ കൂട്ടായ്മയായ ഈ സമൂഹത്തിൽനിന്നും ആധുനിക കാലത്ത് സഭയിൽ ഉടലെടുത്ത അപ്പസ്തോലിക ജീവിത ശൈലിയോടുകൂടിയ ഒന്നാണ് ഹോളി സ്പിരിററ് സിസ്റ്റേഴ്സിൻെറ സമൂഹം.

തിരുവല്ലാ രൂപതയുടെ മെത്രാനായിരുന്ന മാർ അത്താനാസ്യോസിൻെറ പ്രത്യേക താൽപര്യപ്രകാരം സമൂഹസ്ഥാപകനും ഒരു ജർമ്മൻ സിസ്ററും തിരുവല്ലായിലെത്തി പ്രവർത്തനങ്ങൾ തുടങ്ങുവാൻ പ്രാരംഭ നടപടികൾ സ്വീകരിച്ചു. 1975-ൽ ഔദ്യോഗികമായി തിരുവല്ലായിൽ അർത്ഥികളുടെ പരിശീലന പരിപാടികൾ തുടങ്ങിക്കൊണ്ട് പ്രവർത്തനങ്ങൾ ആരംഭിച്ചു. 1977-ൽ കൂററൂരിൽ 'സ്നേഹ സദൻ' എന്ന അഗതിമന്ദിരത്തിൽ സേവനം അനുഷ്ഠിച്ചു തുടങ്ങി. 1981-ൽ തിരുവല്ലാ രൂപതയുടെ കീഴിലുള്ള കോതമംഗലത്ത് വിദ്യാഭ്യാസ പ്രവർത്തനങ്ങളും മിഷൻ പ്രവർത്തനങ്ങൾക്ക് സഹായവും നൽകുന്ന ക്രമീകരണങ്ങൾചെയ്തു. 1988-ൽ കട്ടപ്പനയിൽ വിദ്യാഭ്യാസം, ആതുരശുശ്രൂഷ മുതലായവയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് ഒരു ഭവനം ആരംഭിച്ചു. കൂടാതെ നിരണം, വെണ്ണിക്കുളം, റാന്നി എന്നീ മേഖലകളിലേക്കും വിവിധ രംഗങ്ങളിൽ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു. മലങ്കര കത്തോലിക്കാ സഭയിൽ ബത്തേരി രൂപതയിലും അജപാലന, വിദ്യാഭ്യാസരംഗങ്ങളിൽ സമൂഹം പ്രവർത്തിക്കുന്നുണ്ട്. സാധാരണക്കാരുടെ ജീവിതവുമായി കൂടുതൽ ഇടപഴകുന്നതിനായും തികച്ചും ഭാരതീയമായ സാരിയും, മാതാവിനെപ്പോലെ മറെറാരു മേരിയായി ത്തീരുവാനുള്ള വിളി മനസ്സിലാക്കിക്കൊണ്ട് മംഗലവാർത്തയുടെ ചിത്രമുള്ള മെഡലും സിസ്റേറഴ്സ് ധരിക്കുന്നു. സാമൂഹ്യ സേവനം, കുടുംബനവീകരണം, ആതുരശുശ്രൂഷ, വൃദ്ധജന പരിപാലനം, വിദ്യാഭ്യാസപ്രവർത്തനങ്ങൾ, വിശ്വാസ പരിശീലനത്തിലൂടെ ഇടവക നവീകരണം തുടങ്ങിയവയിലൂടെ ഈ സമൂഹം സേവനം ചെയ്യുന്നു. അങ്ങനെ പ്രാർത്ഥനയും, പ്രവർത്തനവും സമന്വയിപ്പിച്ചുകൊണ്ടുള്ള അപ്പസ്തോലിക ജീവിത ശൈലിയാണ് ഹോളിസ്പിരിററ് സിസ്റേറഴ്സിനുള്ളത്.

## 12 തിരുഹൃദയ സന്യാസിനീസമൂഹം (SH)

1911 ജനുവരി 11-ാം തീയതി ഫാ. മാത്യു കദളിക്കാട്ടിൽ തിരുഹൃദയ സമൂഹം പാലായിൽ സ്ഥാപിച്ചു. ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തിയാണ് ഈ സമൂഹത്തിൻെറ പ്രത്യേകത. 1976 - മാർച്ച് 11-ാം തീയതി പൊന്തിഫിക്കൽ പദവിയിലേയ്ക്ക് ഉയർത്തപ്പെട്ട ഈ തിരുഹൃദയ സഭയ്ക്ക്

malankaralibrary.com

ഇപ്പോൾ 9 പ്രോവിൻസുകളും ഒരു റീജിയനുംഉണ്ട്. കേന്ദ്ര ഭവനം കോട്ടയത്ത് മാങ്ങാനത്താണ്.

1975-ൽ കോതമംഗലം പ്രോവിൻസിൻെറ പ്രവർത്തനങ്ങൾ, അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിൻെറ ക്ഷണപ്രകാരം തിരുവനന്തപുരം അതിരൂപതയിൽ നാലാഞ്ചിറയിൽ ആരംഭിച്ചു. വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും ഇടവക ജോലികൾക്കും ഇവർ നേതൃത്വം നൽകുന്നു. തുടർന്ന് അതിരൂപതയിലെ ഓടനാവട്ടം, പാപ്പനംകോട് തുടങ്ങിയ മിഷ്യൻ പ്രദേശങ്ങളിൽ ആശുപത്രി, സ്ക്കൂൾ, മിഷ്യനുകളിലെ വിവിധ സേവനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് പ്രവത്തനങ്ങൾ ആരംഭിച്ചു. 1990-ൽ ചെങ്ങന്നൂരിൽ ആരംഭിച്ച 'കാനഡാ-ഇൻഡ്യാ വില്ലേജ് സാമൂഹ്യക്ഷേമകേന്ദ്രം' ആ പ്രദേശത്തുള്ള പിന്നോക്ക വിഭാഗക്കാർക്ക് ഒരു ആശാകേന്ദ്രമാണ്. പാളയം, കുമാരപുരം എന്നീ സ്ഥലങ്ങളിലും, വിദ്യാഭ്യാസ, ആതുര സേവന പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നു.

പാലാ പ്രോവിൻസിൻെറ കീഴിൽ കാവടിത്തല (1980) അരശുപറമ്പ് (1988) കാഞ്ഞിരമ്പാറ (1992) പട്ടം (1994), കുമ്മല്ലൂർ (1996) എന്നീ സ്ഥലങ്ങളിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ, മിഷ്യനുകളുടെ വളർച്ചയ്ക്കായുള്ള അജപാലന ജോലികൾ മുതലായവ നിർവ്വഹിച്ചുവരുന്നു.

## 13 ദീനസേവനസഭ (DSS)

1969 ജൂൺ 1-ാം തീയതി കോഴിക്കോട് രൂപതാധ്യക്ഷൻ അഭിവന്ദ്യ അൽദോ മരിയ പത്രോണിയുടെ അംഗീകാരത്തോടുകൂടി ജർമ്മനിയിൽനിന്നുമുള്ള മദർ പേത്രയാണ് ദരിദ്രർക്ക് പ്രത്യേക സേവനം ചെയ്യുക എന്ന ലക്ഷ്യത്തോടെ ദീനസേവന സമൂഹം സ്ഥാപിച്ചത്. കണ്ണൂർ ജില്ലയിലെ പട്ടുവം എന്ന സ്ഥലത്താണ് സമൂഹം ആരംഭിച്ചതും ഇപ്പോൾ കേന്ദ്രഭവനമായി പ്രവർത്തിക്കുന്നതും. 3 റീജിയനുകളായി സമൂഹത്തെ തിരിച്ചിരിക്കുന്നു. 'ശുശ്രൂഷ സ്നേഹത്തിലും ദാരിദ്ര്യത്തിലും' എന്നതാണ് പ്രത്യേക ആദർശവാക്യം.

ബത്തേരി രൂപതയിൽ കോളിത്തട്ട്, ചിതലയം, നൂജി-ബാൽത്തില, ഏററുകുടുക്കാ എന്നീ സ്ഥലങ്ങളിലും തിരുവല്ലാ രൂപതയിൽ അട്ടപ്പാടിയിലും തിരുവനന്തപുരം അതിരൂപതയിൽ നെടുമങ്ങാട്ടും ദീനസേവകദാസികൾ സേവനം ചെയ്യുന്നു. ഇടവക പ്രവത്തനങ്ങളിൽ സഹായിക്കുക, കുടുംബപ്രേഷിതത്വം,

malankaralibrary.com

ആതുരശ്രുശ്രൂഷ, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, വൃദ്ധജനപരിപാലനം തുടങ്ങിയ ശുശ്രൂഷകൾ ഇവർ മലങ്കര കത്തോലിക്കാ സഭയിൽ നിർവ്വഹിക്കുന്നു.

## 14 ഉപവിയുടെ വിൻസെൻറ് ഡി പോൾ സന്യാസിനി സമൂഹം (V.S.C.)

പാരീസിൽ സ്ഥാപിതമായ വിൻസൻറ് ഡി പോൾ സൊസൈററിയിൽ നിന്നും ചൈതന്യം സ്വീകരിച്ചുകൊണ്ട് രൂപം കൊണ്ട ഒരു സന്യാസിനി സമൂഹമാണ് ഇത്. 1734-ൽ ഫ്രഞ്ചുകാരനായ കർദിനാൾ അറമാൻ ഡി റോഹൻ, ജർമ്മനിയിൽ സ്ട്രാസ്ബുർഗ് എന്ന സ്ഥലത്താണ് ഈ സന്യാസസമൂഹം സ്ഥാപിച്ചത്. ജർമ്മനിയിൽ നിന്നും 1975-ൽ ഈ സന്യാസിനി സമൂഹത്തിൽപ്പെട്ട സിസ്റ്റേഴ്സ് കേരളത്തിൽ വന്ന് പ്രവർത്തനം ആരംഭിച്ചു. അങ്ങനെ ആദ്യഭവനം മാനന്തവാടിയിൽ തുടങ്ങി. ഇപ്പോഴത്തെ ജനറലേററു മന്ദിരവും അവിടെത്തന്നെയാണ്. വി. വിൻസൻറ് ഡി. പോളിൻെറ ഉപവിപ്രവർത്തനങ്ങളാണ് സമൂഹത്തിൻെറ പ്രധാന ചൈതന്യവും ലക്ഷ്യവും.

തിരുവനന്തപുരം അതിരൂപതയിൽ തുവയൂർ എന്ന സ്ഥലത്ത് 1977-ൽ സമൂഹഭവനം തുടങ്ങി. ആതുര ശുശ്രൂഷ, വിദ്യാഭ്യാസം, സാമൂഹ്യപ്രവർത്തനം, ഇടവക ജോലികൾ മുതലായ സേവനങ്ങൾ നിർവ്വഹിക്കുന്നു. 1981-ൽ പത്തനംതിട്ടയിൽ ഒരു മഠം ആരംഭിച്ച് വിദ്യാഭ്യാസം, മിഷ്യൻ ജോലികൾ, വൃദ്ധജനപരിചരണം എന്നീ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നു.

## 15 സ്നേഹഗിരി മിഷ്യനറി സിസ്റേറഴ്സ് (SMS)

ഫാ. ഏബ്രഹാം കൈപ്പൻപ്ലാക്കൽ 1969-ൽ പാലായ്ക്കടുത്തുള്ള കരൂരിൽ ഈ സന്യാസിനി സമൂഹം സ്ഥാപിച്ചു. നിർദ്ധനരും നിരാലംബരുമായ ബാലികാബാലൻമാരുടെ സംരക്ഷണം, തൊഴിൽ പരിശീലനങ്ങൾ, ഭവനസന്ദർശനം തുടങ്ങിയ പ്രവർത്തനങ്ങളിൽ ഇവർ ഏർപ്പെടുന്നു. കേന്ദ്രഭവനം പാലായിലാണ്.

തിരുവനന്തപുരം അതിരൂപതയിൽ 1979-മുതൽ തോട്ടപ്പള്ളി, കണ്ണൻകോട് എന്നീ സ്ഥലങ്ങളിൽ വിദ്യാഭ്യാസപ്രവർത്തനങ്ങൾ, സാമൂഹ്യപ്രവർത്തനങ്ങൾ, തൊഴിൽ പരിശീലന ജോലികൾ, മിഷ്യൻ ജോലികളിൽ സഹായിക്കുക എന്നീ സേവനങ്ങൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു.

malankaralibrary.com

## 16 ഈശോയുടെ ചെറിയ സഹോദരിമാർ

**(Little Sisters of Jesus)**

1939 സെപ്റ്റംബർ 8-ാം തീയതി ആഫ്രിക്കയിൽ തുഗ്ഗൂർട്ട് എന്ന സ്ഥലത്ത് മാഗ്ദലിൻ ഓഫ് ജീസസ് എന്ന ഫ്രഞ്ചുകാരിയാണീ സമൂഹം സ്ഥാപിച്ചത്. ''ലോകമദ്ധ്യത്തിൽ ധ്യാനാത്മക ജീവിതം'' എന്ന ആദർശമാണ് സമൂഹം പൊതുവേ സ്വീകരിച്ചിരിക്കുന്നത്. 50 റീജിയനുകളുള്ള ഈ അന്താരാഷ്ട്ര സമൂഹത്തിന്റെ കേന്ദ്രഭവനം റോമിലാണ്. തിരുവനന്തപുരം അതിരൂപതയിൽ വെഞ്ഞാറമ്മൂട് എന്ന സ്ഥലത്ത് 1964-മുതൽ ഇവർ കുഷ്ഠരോഗികളെ ശുശ്രൂഷിക്കുകയും സമീപ ഇടവകകളിൽ മിഷൻ പ്രവർത്തനങ്ങൾക്ക് സഹായിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

## 17 വി. സ്നാപക യോഹന്നാന്റെ സന്യാസിനി സമൂഹം (CSJB)

1878 സെപ്റ്റംബർ 26-ന് ഇറ്റലിയിലെ അൻഗ്രി എന്ന സ്ഥലത്ത് ഫാ. അൽഫൻസോ മരിയാ ഫുഡ്ക്കോയാണ് ഈ സമൂഹം സ്ഥാപിച്ചത്. ജനറലേററ് ഇററലിയിൽ ആസ്ഥാനമാക്കിക്കൊണ്ട് 16 രാജ്യങ്ങളിൽ വിവിധ മേഖലകളിൽ പ്രേഷിത പ്രവർത്തനങ്ങൾ നടത്തുന്നു.

മലങ്കര സഭയിൽ സേവനം അനുഷ്ഠിക്കുന്നതിനായി ബത്തേരി രൂപതയിൽ ചീരാൽ എന്ന സ്ഥലത്ത് ഒരു ഭവനം തുടങ്ങി. സമീപ ഇടവകകളിലെ എല്ലാ മിഷ്യൻ പ്രവർത്തനങ്ങളിലും സഹകരിക്കുകയും വിദ്യാഭ്യാസ, സാമൂഹ്യ പ്രവർത്തനങ്ങൾ ഇവിടെ നിർവ്വഹിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. കൂടാതെ വയനാട്ടിലെ ആദിവാസികളുടെ ഉന്നതിക്കായി പല പദ്ധതികളും ആവിഷ്ക്കരിച്ച് ശുശ്രൂഷകൾ ചെയ്തുകൊണ്ടിരിക്കുന്നു.

## 18 സിസ്റ്റേഴ്സ് അഡോറേഴ്സ് (A A S C)

1856—ൽ മാഡ്രിഡിൽ വി. മരിയ മിഖായേല ഈ സന്യാസിനി സമൂഹം സ്ഥാപിച്ചു. കേന്ദ്രഭവനം റോമിലാണ്. ഇൻഡ്യയിൽ കൽക്കത്താ, ബോംബേ ആസ്ഥാനമാക്കി രണ്ടു പ്രോവിൻസുകളുണ്ട്. വി. കുർബ്ബാനയുടെ ആരാധനയും മനുഷ്യ വിമോചനവും എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെ സമൂഹം സേവനം നിർവ്വഹിക്കുന്നു.

malankaralibrary.com

ബോംബെ പ്രോവിൻസിൻെറ കീഴിലുള്ള ഒരു ഭവനം 1987-ൽ കോട്ടയം കുമരകത്ത് സ്ഥാപിതമായി. തിരുവല്ലാ രൂപതയുടെ കീഴിലുള്ള കുമരകം പള്ളിയിലും കാഞ്ഞിരത്തുള്ള സ്കൂളിലും അവർ സേവനം അനുഷ്ഠിക്കുന്നു. സ്ത്രീകൾക്കുവേണ്ടിയുള്ള ഒരു തൊഴിൽ പരിശീലന കേന്ദ്രവും സമൂഹം നടത്തുന്നു.

## 19 സലേഷ്യൻ സിസ്റ്റേഴ്സ് (SMA)

1872- ആഗസ്റ്റ് 5-ാം തീയതി റോമിൽ വി. ഡോൺ ബോസ്കോയും, വി. മേരി മസറല്ലോയും കൂടി ഈ സമൂഹം സ്ഥാപിച്ചു. കേന്ദ്രഭവനം റോമിലാണ്. ഇന്ത്യയിൽ 6 പ്രോവിൻസുകൾ ഉണ്ട്, 1992-ൽ തിരുവല്ലാ രൂപതയിൽ പുതുപ്പള്ളിയിൽ ഒരു ഭവനം തുടങ്ങി. വിദ്യാഭ്യാസം, ടൈപ്പിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഭവന സന്ദർശനം എന്നീ രംഗങ്ങളിൽ പ്രവർത്തിക്കുന്നു. 1996-ൽ കട്ടപ്പനയിലും ഒരു മഠം ആരംഭിച്ച് സ്കൂൾ, ഇടവക ക്ഷേമകരമായ ജോലികൾ എന്നിവ ഈ സമൂഹം നിർവ്വഹിക്കുന്നു.

## 20 ബസീലിയൻ സിസ്റ്റേഴ്സ്

1921-ൽ ഇററലിയിലെ പാലേർമോ എന്ന സ്ഥലത്ത് വി. മക്രീനയാൽ സ്ഥാപിതമാണീ സന്യാസിനീ സമൂഹം. ഈശോയുടെ പ്രഷിതകളായി സ്നേഹവും, സേവനവും വഴി വിദ്യാഭ്യാസം, അജപാലനം, ഭവനസന്ദർശനം മുതലായ രംഗങ്ങളിലൂടെ വേല ചെയ്യുക എന്നതാണ് ഇവരുടെ പ്രത്യേക സിദ്ധി. ജനറലേററ് ഇററലിയിൽ മെത്സേയുസോ എന്ന സ്ഥലത്താണ്. തിരുവല്ലാ രൂപതയിൽ പാലിയേക്കര എന്ന സ്ഥലത്ത് സമൂഹത്തിൻെറ ഒരു ഭവനം 1992-ൽ സ്ഥാപിച്ച് സമൂഹ ആദർശത്തിനനുസരിച്ചുള്ള സേവനങ്ങൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു.

## 21 ദൈവപരിപാലനയുടെ ചെറിയ ദാസികൾ (LSDP)

1978-ൽ പത്തനംതിട്ട ജില്ലയിൽ കുന്നന്താനം എന്ന സ്ഥലത്ത് സിസ്റ്റർ മേരി ലിററിയാണ് ഈ അപ്പസ്തോലിക സംഘടനയുടെ (Pious Association) സ്ഥാപക. 'ദൈവപരിപാലന' എന്ന അടിസ്ഥാന ആദർശം സ്വീകരിച്ചുകൊണ്ട് സമൂഹത്തിലെ അഗതികളും നിരാലംബരും പാവപ്പെട്ടവരുമായ ആളുകൾക്ക് സേവനം ചെയ്യുകയാണ് സമൂഹത്തിൻെറ ലക്ഷ്യം. കുന്നന്താനത്താണ് കേന്ദ്രഭവനം.

തിരുവല്ല രൂപതയിൽ കാക്കനാട് 1992 ജൂലൈ 16-ാം തീയതി 'പ്രോവിഡൻസ് ഹോം' എന്ന സ്ഥാപനം ആരംഭിച്ചുകൊണ്ട് സമൂഹം പ്രവർത്തനം ആരംഭിച്ചു. മാനസികമായും ശാരീരി

malankaralibrary.com

കമായും വൈകല്യം ഉള്ളവർക്കു വേണ്ടി ഈ സ്ഥാപനത്തിലൂടെ സന്യാസിനികൾ സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു.

## 22 മൗണ്ട് താബോർ സന്യാസിനി സമൂഹം (SMT)

1979 മാർച്ച് 19-ാം തീയതി തിരുവനന്തപുരം ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസിന്റെ അനുഗ്രഹാശിസ്സുകളോടെ സിസ്റ്റർ മേരി വെറോനിക്കാ, സിസ്റ്റർ മേരി റോസ്ലിൻ എന്നിവർ ഈ സമൂഹത്തിന് ആരംഭമിട്ടു. നെടുമങ്ങാട് പരുത്തിക്കുഴിയിലാണ് ആരംഭിച്ചത്. പിന്നീട് കൊട്ടാരക്കര ചിരട്ടക്കോണം എന്ന സ്ഥലത്തേയ്ക്കും ഇപ്പോൾ കിളിമാനൂരി ലേയ്ക്കും മഠം മാററി സ്ഥാപിച്ചു. തികച്ചും ധ്യാനാത്മക ജീവിതം നയിക്കുന്ന ഒരു സമൂഹമാണ് ഇത്. വി. കുർബ്ബാനയുടെ പരസ്യാരാധന വഴി ദൈവജനത്തിനുവേണ്ടി രാവും പകലും പ്രാർത്ഥിക്കുക എന്നതാണ് സമൂഹത്തിന്റെ പ്രത്യേക ദൗത്യം.

## 23 സിസ്റ്റേഴ്സ് ഓഫ് ജീസസ് ഓഫ് ഗത്സമേനി(SJG)

1990-ൽ സിസ്റ്റർ കാതറൈൻ ലീനാ തിരുവനന്തപുരം അതിരൂപതയിൽ ആരംഭിച്ച ഒരു അപ്പസ്തോലിക സംഘടനയാണിത്. ആദ്യം തോട്ടപുറം ഇടവകകേന്ദ്രമാക്കി പ്രവർത്തിച്ചിരുന്നു. ഇപ്പോൾ 'കോഴഞ്ചേരിക്കടുത്ത് തെക്കേമല എന്ന സ്ഥലത്ത് മിഷ്യൻ പ്രവർത്തനങ്ങൾ, ആതുരശുശ്രൂഷ തുടങ്ങിയ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നു. രോഗികളെയും മരണാസന്നരായവരേയും ശുശ്രൂഷിക്കുക എന്നതാണ് ഈ സംഘടന പ്രത്യേക ദൗത്യമായി സ്വീകരിച്ചിരിക്കുന്നതു്.

malankaralibrary.com

# മലങ്കര കത്തോലിക്കാ സഭയുടെ വ്യക്തിത്വം

മലങ്കര കത്തോലിക്കാ സഭയുടെ ചരിത്ര പശ്ചാത്തലത്തെപ്പററി ആദ്യഭാഗത്തു കാണുവാൻ നാം ശ്രമിച്ചു. ഒരു വ്യക്തിസഭയെന്ന നിലയിൽ സാർവത്രിക സഭയിൽ ഈ സഭയ്ക്കുള്ള പ്രത്യേക സ്ഥാനത്തേയും പൂർണ്ണമാക്കേണ്ട അതിൻെറ വ്യക്തിത്വ സവിശേഷതകളേയും പററിയുള്ള ഒരു പഠനമാണ് ഈ രണ്ടാം ഭാഗത്ത് നിർവ്വഹിക്കുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിലിൻേറയും അതേ തുടർന്നുണ്ടായിട്ടുള്ള സഭാവിജ്ഞാനീയ ചിന്താരീതികളുടേയും പശ്ചാത്തലത്തിലാണ് മലങ്കര കത്തോലിക്കാസഭയുടെ ഭാവി വളർച്ചയ്ക്ക് പര്യാപ്തങ്ങളായ സഭാ ദർശനങ്ങൾ ഇവിടെ പരാമർശിക്കുന്നത്. തനിമയുള്ള ഒരു വ്യക്തിസഭയായി സാർവത്രികസഭയിൽ വളർന്നു വികസിക്കുന്നതിന് പര്യാപ്തമായ ഉൾക്കാഴ്ചകൾ മലങ്കര കത്തോലിക്കാ സഭയ്ക്ക് നൽകുവാൻ ഈ പഠനം സഹായകരമാകും.

malankaralibrary.com

അദ്ധ്യായം 6

# വ്യക്തിസഭകളുടെ തനിമ: ദൈവശാസ്ത്രാടിസ്ഥാനങ്ങൾ

ക്രിസ്തുവിൽനിന്ന് ദൗത്യം ഉൾക്കൊണ്ട അപ്പസ്തോലൻമാർ (മത്തായി 28:18-20) പെന്തിക്കൊസ്തിക്കുശേഷം ലോകത്തിന്റെ നാനാഭാഗങ്ങളിലേക്ക് ഈ ദൗത്യനിർവ്വഹണത്തിനായി പോയി. അവർ ഈ സ്ഥലങ്ങളിലെല്ലാം സുവിശേഷം പ്രസംഗിക്കുകയും തങ്ങൾക്കു ലഭിച്ച ക്രിസ്താനുഭവം അവരുമായി പങ്കുവയ്ക്കുകയും ചെയ്തു. അപ്പസ്തോലൻമാർ എല്ലാം ഒരേ വിശ്വാസസത്യമാണ് തങ്ങൾ പോയ സ്ഥലങ്ങളിൽ പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്തത്. എന്നാൽ ആ പ്രദേശങ്ങളിലെ സംസ്ക്കാരം, ഭാഷ, രാഷ്ട്രീയ—മത പശ്ചാത്തലം എന്നിവയുമായെല്ലാം ബന്ധപ്പെട്ട് വിവിധ സഭകൾ ആദിമ നൂററാണ്ടുകളിൽ തന്നെ രൂപം കൊണ്ടു. അങ്ങനെ വിശ്വാസത്തിൽ ഏകത്വവും ആചാരക്രമങ്ങളിലും ആരാധനാ രീതികളിലും വൈവിധ്യം പുലർത്തുന്ന വിവിധ പ്രാദേശിക സഭാസമൂഹങ്ങൾ ക്രൈസ്തവസഭയിൽ ജന്മം കൊണ്ടു.

ഇപ്രകാരം വ്യതിരിക്ത സവിശേഷതകളോടെ ചരിത്രത്തിൽ രൂപംകൊണ്ട് വ്യക്തമായ രൂപവും ഭാവവും സ്വീകരിച്ച് വളർന്നു വികസിച്ച സഭാസമൂഹങ്ങൾ വ്യക്തിസഭകൾ (Individual Churches) എന്നാണ് ഇന്ന് പൊതുവേ അറിയപ്പെടുക. വ്യക്തിസഭ എന്ന നിലയിൽ മലങ്കര കത്തോലിക്കാസഭയുടെ വ്യക്തിത്വവും സഭാ സവിശേഷതകളും അന്യൂനം സംരക്ഷിക്കുന്നതിന് ദൈവശാസ്ത്ര അടിസ്ഥാനങ്ങൾ കണ്ടെത്തുക എന്ന പൊതു ലക്ഷ്യമാണ് ഈ അദ്ധ്യായത്തിലുള്ളത്.

## 1 വൈവിദ്ധ്യത്തിലെ ഐക്യം സഭയിൽ

ഓരോ വ്യക്തിസഭയിലും നിലവിലിരിക്കുന്ന വിശ്വാസസത്യങ്ങളുടെ ഐകരൂപ്യവും അവ പ്രകാശിപ്പിക്കുന്ന വിവിധ ആരാധനക്രമങ്ങളുടേയും ആദ്ധ്യാത്മികതയുടേയും ദൈവശാസ്ത്ര രീതികളുടേയും വ്യതിരിക്തതയും സഭയുടെ വൈവിധ്യത്തിലെ ഏകത്വമാണ് ആവിഷ്ക്കരിക്കുക. സഭയിലെ വൈവിധ്യത്തിലെ ഏകത്വമെന്ന യാഥാർത്ഥ്യത്തിന് ദൈവശാസ്ത്രപരമായ അടിസ്ഥാനം ത്രിതൈ്വക സംസർഗ്ഗരഹസ്യത്തിലും

malankaralibrary.com

വേദപുസ്തകത്തിലും വത്തിക്കാൻ കൗൺസിലിന്റെ പഠനങ്ങളിലും കാണാനാകും.

## (a) വൈവിധ്യത്തിലെ കൂട്ടായ്മ പരി. ത്രിത്വത്തിൽ

സഭയിൽ പുലരുന്ന ഏകത്വ-ബഹുത്വ തത്വങ്ങൾക്ക് ഏററവും ഉചിതമായ മാതൃകയും അടിസ്ഥാനവും ദൈവത്തിൽ തന്നെയുള്ള ത്രിതൈക സംസർഗമാണ്. കാരണം ദൈവംതന്നെ ഒരു നിഗൂഢതയാണ്; മൂന്നാളുകൾ ഒന്നായിരിക്കുന്ന നിഗൂഢത. ഈ മൂന്ന് ആളുകൾക്കും അവിഭാജ്യമായ ഏക ദൈവത്വമാണുള്ളത്. എന്നാൽ ഓരോരുത്തർക്കും തനതായ വ്യക്തിത്വവുമുണ്ട്. ആളത്വത്തിൽ വ്യത്യാസമുണ്ടെങ്കിലും സമ്പൂർണ്ണമായ കൂട്ടായ്മ ത്രിത്വത്തിലെ വ്യക്തികൾ തമ്മിൽ നിലനിൽക്കുന്നു. അതുകൊണ്ടാണ് ''വൈവിധ്യത്തിലെ പ്രഥമ ഐക്യം'' എന്ന് ഐക്യത്തിന്റെ മഹാരഹസ്യമായ ത്രിത്വത്തെ വിളിക്കുന്നത്. അങ്ങനെ ഏക ദൈവമായി നിലനിൽക്കുകയും അതേസമയം വിവിധ വ്യക്തികളുടെ സമൂഹമായിരിക്കുകയുംചെയ്യുന്ന ഈ ത്രിതൈക രഹസ്യം ഏകമായിരിക്കുകയും അതേ സമയം വിവിധ വ്യക്തിസഭകളുടെ സമൂഹമായിരിക്കുകയും ചെയ്യുന്ന സഭാരഹസ്യത്തിന്റെ ഉദാത്തമായ മാതൃകയാണ്.

## (b) ഐക്യവും വൈവിധ്യവും: പുതിയനിയമത്തിൽ

അപ്പസ്തോലികോൽഭവം സിദ്ധിച്ച് വ്യത്യസ്ത സവിശേഷതകളോടുകൂടി വളർന്നുവന്ന വിവിധ സഭാസമൂഹങ്ങൾ സഭയുടെ ആദ്യകാലത്തുതന്നെ രൂപംകൊണ്ടിരുന്നതായി പുതിയനിയമ ഗ്രന്ഥങ്ങൾ വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ക്രൈസ്തവ സമൂഹങ്ങൾ ജറൂസലേം, അന്ത്യോക്യാ, കേസറിയാ, എഫേസൂസ് എന്നിവിടങ്ങളിൽ ഉണ്ടായിരുന്നതായി അപ്പസ്തോലിക നടപടികളിൽ പ്രസ്താവിക്കുന്നു. അനേകം പ്രാദേശിക സഭാ സമൂഹങ്ങളെപ്പററി പൗലോസ്ശ്ലീഹായും പറയുന്നുണ്ട്. ഉദാഹരണമായി ഏഷ്യയിലുള്ള സഭകൾ, ഗലാത്യയിലുള്ള സഭകൾ, യൂദായായിലുള്ള സഭകൾ മുതലായവ. സഭകളെപ്പററി പറയുവാൻ അദ്ദേഹം ഏകവചനരൂപവും ബഹുവചനരൂപവും മാറി മാറി ഉപയോഗിക്കുന്നുണ്ടെങ്കിലും ബഹുവചന രൂപം പ്രധാനമായും പ്രാദേശിക സഭാസമൂഹങ്ങളെ ഉദ്ദേശിച്ചാണ് ഉപയോഗിക്കുന്നത്.

പുതിയ നിയമപ്രകാരം ഏകമായിരിക്കുന്ന സഭ വ്യക്തിസഭകളുടെ കൂട്ടായ്മയാണ്. ഈ കൂട്ടായ്മ ഐകരൂപ്യം ആവശ്യപ്പെടുന്നില്ല. പുതിയ നിയമ സഭയിൽ വൈവിധ്യത്തിന്റെ പല ഘടകങ്ങളും നാം കാണുന്നു. വിവിധങ്ങളായ സഭാഘടനകളെപ്പററി പുതിയനിയമം സൂചിപ്പിക്കുന്നുണ്ടല്ലോ. ജറുസലേം

malankaralibrary.com

സഭയ്ക്ക് ഒരു സംഘാത ഘടനയായിരുന്ന ഉണ്ടായിരുന്നത് (നട. 2:42–45; 4:34–35). അന്ത്യോക്യായിൽ പ്രവാചകൻമാരും പ്രബോധകൻമാരും ചേർന്നുള്ള ഒരു നേതൃത്വമാണുണ്ടായിരുന്നത്. (നട. 13:1-2) എഫേസൂസ് സഭയെ ഭരിച്ചിരുന്നത് ശ്രേഷ്ഠന്മാർ ആയിരുന്നു. (നട. 20:17).

സഭയിൽ പുലരുന്ന വൈവിധ്യത്തിനും, സഭയെന്ന യാഥാർത്ഥ്യം വിവിധ സഭകളിലൂടെ ആവിഷ്കൃതമാകുന്നു എന്നതിനും വ്യത്യസ്ത രീതിയിൽ രൂപംകൊണ്ട സുവിശേഷങ്ങൾ മറെറാരു ഉദാഹരണമാണ്. സുവിശേഷങ്ങൾ നാലും സാരാംശത്തിൽ ഒന്നുതന്നെയാണ്. ഒരേ ക്രിസ്തവാനുഭവമാണ് അവർ നാലുപേരും രേഖപ്പെടുത്തിയിട്ടുള്ളത്. എങ്കിലും അവതരണം, ഭാഷ, ശൈലി, പ്രതിപാദനം എന്നിവയിൽ സുവിശേഷങ്ങൾ വ്യത്യസ്തങ്ങളാണ്. സുവിശേഷകൻമാർ പ്രതിനിധാനം ചെയ്യുന്നസഭകളുടെ വ്യക്തിത്വമത്രേ ഈ വ്യത്യസ്തതയ്ക്ക് മുഖ്യകാരണം. ഇപ്രകാരമുള്ള വൈവിധ്യമാണ് വ്യക്തിസഭകൾ തമ്മിലുള്ളത്. ചുരുക്കത്തിൽ ഓരോ സഭയ്ക്കും തനതായ പ്രത്യേക ജീവിതരീതി, ആരാധനക്രമം, ആദ്ധ്യാത്മികത, ശിക്ഷണം, ഭരണക്രമം, എന്നിവ ഉൾക്കൊള്ളുന്ന സ്വന്തമായൊരു ജീവിത ശൈലി ഉണ്ടായിരിക്കണമെന്ന വസ്തുതയിലേക്കാണ് സഭയെപ്പററി ബൈബിളിലുള്ള വൈവിധ്യം സൂചിപ്പിക്കുക.

## (c) രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ പഠനങ്ങൾ

സാർവ്വത്രികസഭ, വിവിധ വ്യക്തിസഭകളുടെ കൂട്ടായ്മയാണെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ ഊന്നിപ്പറയുന്നു (*തിരുസഭ*, നമ്പർ 13, 23; *പൗരസ്ത്യസഭകൾ*, നമ്പർ 2). സഭയുടെ ഈ അടിസ്ഥാന സ്വഭാവത്തിലേക്ക് വെളിച്ചം വീശിയത് കൗൺസിലിൻെറ വലിയൊരു നേട്ടമായി പരിഗണിക്കപ്പെടുന്നു. അതിനു പ്രധാന കാരണം കഴിഞ്ഞ കുറേ നൂററാണ്ടുകളായി വ്യക്തിസഭകളെ സാർവ്വത്രിക സഭയുടെ ഭരണയൂണിററുകളായി മാത്രം കരുതിയിരുന്നതത്രേ. എന്നാൽ കാതോലികക്കൂട്ടായ്മയിൽ ഓരോ വ്യക്തി സഭയുടെയും സ്ഥാനവും മഹിമയും പുനഃനിർണ്ണയം ചെയ്യുവാൻ കൗൺസിലിനു കഴിഞ്ഞു.

സഭ, സഭകളുടെ കൂട്ടായ്മയാണെന്ന സഭാശാസ്ത്രതത്വം രണ്ടുകാര്യങ്ങൾ ഉൾക്കൊള്ളുന്നു: ഐക്യവും വൈവിധ്യവും. വിശ്വാസം, കൂദാശകൾ, ഹയരാർക്കി എന്നിവയിൽ എല്ലാ വ്യക്തിസഭകളും ഐക്യപ്പെട്ടിരിക്കുന്നു. പക്ഷേ, അവയുടെ പ്രകാശനത്തിന് വൈവിധ്യവും സ്വാതന്ത്ര്യവുമുണ്ട്. വിശ്വാസത്തിൽ ഐക്യം വേണമെന്നുപറയുമ്പോൾ, ഏതെങ്കിലുമൊരു പ്രത്യേക ദൈവശാസ്ത്രചിന്താരീതിയേ ആകാവൂയെന്ന് അർത്ഥമാക്കുന്നില്ല.

malankaralibrary.com

അതുപോലെ, കൂദാശകളിൽ ഐക്യം ആവശ്യപ്പെടുമ്പോൾ, എല്ലാ സഭകളിലും അവ ഒരേ രീതിയിൽ അനുഷ്ഠിക്കണമെന്നുമില്ല. മാർപ്പാപ്പായുടെ പൊതു സഭാനേതൃത്വം അംഗീകരിക്കണമെന്നു പറയുമ്പോൾ ഓരോ സഭയുടേയും സ്വന്തമായ ഭരണരീതി നഷ്ടപ്പെടുത്തണമെന്ന് ഉദ്ദേശിക്കുന്നില്ല. ചുരുക്കത്തിൽ, വൈവിധ്യം സഭയുടെ ഐക്യത്തെ തകർക്കുകയല്ല, പ്രത്യക്ഷമാക്കുകയാണ് ചെയ്യുന്നത്. (*പൗരസ്ത്യസഭകൾ*, നമ്പർ 2)

അതുപോലെ തിരുസഭയിലെ ഐക്യം, ബാഹ്യമായ ഐകരൂപ്യം ആവശ്യപ്പെടുന്നില്ല (*ലിററർജി*, നമ്പർ 37). റീത്തുകളിലെ വൈവിധ്യം ഈ കാഴ്ചപ്പാടിലൂടെയാണ് കൗൺസിൽ വീക്ഷിക്കുന്നത്. ക്രിസ്തുവിന്റെ മൗതികശരീരമായ സഭയുടെ സജീവ പ്രാതിനിധ്യങ്ങളാണ് വിവിധ വ്യക്തിസഭകൾ. ഈ സഭകളിൽ വിവിധ ആരാധനക്രമങ്ങളിലൂടെയും, വിവിധ രീതിയിലുള്ള ആദ്ധ്യാത്മിക വീക്ഷണങ്ങളിലൂടെയും, വ്യത്യസ്ത വ്യാഖ്യാനങ്ങളിലൂടെ രൂപപ്പെട്ട ദൈവശാസ്ത്രങ്ങളിലൂടെയും വ്യത്യസ്ത ശിക്ഷണക്രമങ്ങളിലൂടെയും (ഭരണരീതി) വിശ്വാസസത്യങ്ങൾ പ്രകാശിതമാകുന്നു (*എക്യുമേനിസം*, നമ്പർ 4 ഖണ്ഡിക 7). ഇപ്രകാരം വൈവിധ്യാധിഷ്ഠിതമായ സവിശേഷതകളും പാരമ്പര്യങ്ങളുമുൾക്കൊള്ളുന്ന ഈ സഭകൾ സാർവ്വത്രികസഭയെ സമ്പന്നമാക്കുന്നു.

## 2 വ്യക്തിസഭകളുടെ നിർണ്ണായക ഘടകങ്ങൾ

അപ്പസ്തോലികോത്ഭവമുള്ള ഓരോ വ്യക്തിസഭയുടെയും തനിമ പ്രധാനമായും അടങ്ങിയിരിക്കുന്നത് അപ്പസ്താലിക പ്രഘോഷണത്തേയും, അത് ഉൾക്കൊണ്ട സമൂഹത്തിന്റെ ജീവിത പശ്ചാത്തലത്തേയും ആശ്രയിച്ചാണ്. അപ്പസ്തോലൻമാർ തങ്ങൾ അനുഭവിച്ചറിഞ്ഞ, സ്വാംശീകരിച്ച ക്രിസ്തുസംഭവമാണ് ഓരോ പ്രദേശത്തും പ്രഘോഷിച്ചത്. ക്രിസ്തുസംഭവത്തിന്റെ ഈ സ്വാംശീകരണത്തിന് അതിന്റേതായ അനന്യത ഉണ്ട്. അതുപോലെ തന്നെ അപ്പസ്തോലൻമാരിൽ നിന്നും സുവിശേഷം സ്വീകരിച്ച സമൂഹത്തിനും അതിന്റേതായ സ്വഭാവവിശേഷമുണ്ട്. ആകയാൽ ഈ രണ്ടു ഘടകങ്ങളുടെയും സമന്വയംമൂലം രൂപംകൊണ്ട ഒരു സഭാസമൂഹത്തിന്റെ അനന്യതയ്ക്ക് ആ സഭയുടെ വ്യക്തിത്വം അഥവാ തനിമയെന്നു പറയുന്നു.

### (a) അപ്പസ്തോലിക ക്രിസ്താനുഭവവും വ്യക്തിസഭകളും

ക്രിസ്തുവിന്റെ ജീവിതവുമായി താദാത്മ്യം പ്രാപിച്ചുകൊണ്ടാണ് അപ്പസ്തോലന്മാർ അനുഭവത്തിന്റെ തലത്തിലേ

malankaralibrary.com

ക്കുയർന്നത്. ചരിത്രപരമായി ക്രിസ്തുസംഭവങ്ങൾക്ക് സാക്ഷ്യം വഹിക്കുവാനും അടുത്ത് അനുകരിക്കുവാനും ഭാഗ്യം ലഭിച്ചത് അപ്പസ്തോലന്മാർക്കാണ്. സ്വന്തമായി ഓരോ അപ്പസ്തോലനും ഈ ക്രിസ്താനുഭവം സ്വായത്തമാക്കുന്നതിന് സാധിച്ചുവെന്ന് സുവിശേഷം സാക്ഷിക്കുന്നു. അങ്ങനെ ഓരോ അപ്പസ്തോലനും ക്രിസ്തുവിനെ അനന്യമായ രീതിയിൽ അഭിമുഖം ദർശിക്കുകയും അനുഭവിക്കുകയും പ്രഖ്യാപിക്കുകയും ഏററുപറയുകയും ചെയ്തു.

അപ്പസ്തോലൻമാർ തങ്ങൾ കൈമുതലാക്കിയ വ്യത്യസ്തങ്ങളായ ക്രിസ്താനുഭവവുമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു പോയി. അവർ വിവിധ ജനതകളുമായി സമ്പർക്കം പുലർത്തുകയും തങ്ങളുടെ അനുഭവം പങ്കുവയ്ക്കുകയും ചെയ്തു. അവരുടെ ഈ പങ്കുവയ്ക്കൽ തന്നെ ഓരോ അപ്പസ്തോലനും പ്രത്യേകമായ രീതിയിലായിരുന്നു. അങ്ങനെ വ്യത്യസ്തങ്ങളായ ജീവിത പശ്ചാത്തലങ്ങളുമായി ബന്ധപ്പെട്ട് വിശ്വാസത്തിന് സ്ഥായീഭാവം ഉൾക്കൊള്ളുകയും വിവിധ വ്യക്തിസഭകൾ രൂപം കൊള്ളുകയും ചെയ്തു. മററു വാക്കുകളിൽ പറഞ്ഞാൽ അപ്പസ്തോലന്മാർ വചനപ്രഘോഷണത്തിലൂടെ തങ്ങളുടെ അനുഭവം പങ്കുവയ്ക്കുന്നതാണ് പുതിയനിയമത്തിലെ വ്യക്തിസഭകൾക്ക് അടിസ്ഥാനം. അങ്ങനെ ഈ സഭകളിലൂടെ അപ്പസ്തോലൻമാർ സ്വായത്തമാക്കിയ ക്രിസ്താനുഭവം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു.

## (b) ജീവിത പശ്ചാത്തലവും വ്യക്തിസഭകളും

ഒരു സഭാസമൂഹത്തിന്റെ വ്യക്തിത്വനിർണ്ണയത്തിനുള്ള രണ്ടാമത്തെ പ്രധാന ഘടകമാണല്ലോ അപ്പസ്തോലനിൽനിന്നു വിശ്വാസം സ്വീകരിച്ച സമൂഹത്തിന്റെ പശ്ചാത്തലവും അതിന്റെ അനന്യസ്വഭാവവും. ഇപ്രകാരം ജീവിത പശ്ചാത്തലവുമായി ബന്ധപ്പെട്ട് ഓരോ പ്രാദേശിക സഭാസമൂഹവും തങ്ങളുടേതായ സഭാവ്യക്തിത്വത്തിന് രൂപം കൊടുത്തു. മററു സഭാസമൂഹങ്ങളുമായി വ്യതിരിക്തമായ രീതിയിൽ ഓരോ ക്രൈസ്തവ സമൂഹത്തിന്റെയും ആരാധനക്രമത്തിലും ആദ്ധ്യാത്മിക വീക്ഷണത്തിലും ദൈവശാസ്ത്രത്തിലും ഭരണസംവിധാനത്തിലും തങ്ങളുടേതായ ക്രമം വളർത്തിയെടുത്തു. ആകയാൽ ഈ നാലു ഘടകങ്ങളും വ്യക്തിസഭകളുടെ തനിമ നിർണ്ണയത്തിന് അനുപേക്ഷണീയമായ ഘടകങ്ങളാണ്.

## 3 വ്യക്തിസഭകളുടെ വ്യക്തിത്വസംരക്ഷണം

അപ്പസ്തോലിക പാരമ്പര്യം ഓരോ വ്യക്തിസഭയിലൂടെ തുടരുമെന്ന് നാം കണ്ടു. ആകയാൽ ഓരോ സഭാ

malankaralibrary.com

സമൂഹവും തങ്ങളുടേതായ പാരമ്പര്യങ്ങൾ വളർത്തി വികസിപ്പിക്കണമെന്ന് സഭ അഭിലഷിക്കുന്നു. അവരവരുടേതായ മൗലിക പാരമ്പര്യങ്ങൾ പുലർത്തുവാൻ ജാഗ്രത പ്രദർശിപ്പിക്കണം. ഈ വ്യക്തിത്വസംരക്ഷണത്തിന് വത്തിക്കാൻ കൗൺസിലും മാർപ്പാപ്പാമാരും നൽകുന്ന ആഹ്വാനം ഈ ഭാഗത്ത് പരിശോധന വിഷയമാക്കുന്നു.

## (a) രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നിർദ്ദേശങ്ങൾ

സാർവ്വത്രിക കൂട്ടായ്മയിൽ നിൽക്കുന്ന സഹസഭകൾ എന്ന നിലയിൽ ഓരോ വ്യക്തിസഭയും തങ്ങളുടെ പൗരാണിക പാരമ്പര്യങ്ങൾ അന്യൂനം സംരക്ഷിക്കുവാനും വളർത്തുവാനും രണ്ടാം വത്തിക്കാൻ കൗൺസിൽ വ്യക്തമായ നിർദ്ദേശം നൽകുന്നു. പൗരസ്ത്യ സഭകളുടെ കാര്യത്തിലാണ് കൗൺസിൽ ഇക്കാര്യത്തിൽ പ്രത്യേകം താൽപര്യം പ്രദർശിപ്പിക്കുകയും മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തിട്ടുള്ളത്. അതിനു പ്രത്യേകമായ കാരണങ്ങളുമുണ്ട്. കഴിഞ്ഞ കാലഘട്ടങ്ങളിൽ പല പൗരസ്ത്യസഭകളും തങ്ങളുടെ സമ്പന്നമായ വ്യക്തിത്വം കളഞ്ഞുകുളിക്കുവാൻ ഇടവന്നിട്ടുണ്ട്. അവ പുനരുദ്ധരിക്കേണ്ടത് ആവശ്യമത്രേ.

സഭ, വ്യക്തിസഭകളുടെ സമൂഹമാകയാൽ ഈ പ്രാദേശിക സഭകളിലൂടെയാണ് വിശ്വാസവും പ്രബോധനവും ജീവിത നിയമങ്ങളും ആരാധനക്രമവും പാലിക്കുന്നത്. ദൈവം ആവിഷ്ക്കരിച്ചിട്ടുള്ള രക്ഷയുടെ സന്ദേശം വിശുദ്ധ ലിഖിതങ്ങളിലുണ്ടെങ്കിലും അത് സഭാപാരമ്പര്യങ്ങളിലൂടെ ജീവിത നിയമമാക്കി ക്രൈസ്തവർ കാത്തുസൂക്ഷിക്കുന്നു. ആദിമ ക്രിസ്ത്യാനികളും അപ്പസ്തോലൻമാരുമായി നമ്മേ കൂട്ടിയിണക്കുന്ന കനകശൃംഖലയാണ് വിശുദ്ധ പാരമ്പര്യം. ഇപ്രകാരം പൗരസ്ത്യ സഭകളിൽ നിലനിൽക്കുന്ന സമ്പന്നമായ പാരമ്പര്യങ്ങളെ കൗൺസിൽ പ്രശംസിക്കുകയും (*പൗരസ്ത്യസഭകൾ*, നമ്പർ, 1,5) അവ അന്യൂനം കാത്തു പരിപാലിക്കുവാൻ വ്യക്തവും ശക്തവുമായ ഭാഷയിൽ ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു (*പൗരസ്ത്യ സഭകൾ*, നമ്പർ 1, 2, 4, 6, ഖണ്ഡിക 2; *എക്യുമേനിസം*, നമ്പർ 15).

കൗൺസിൽ നിർദ്ദേശിക്കുന്ന രീതിയിൽ സ്വന്തം സഭയുടെ വ്യക്തിത്വം അന്യൂനം സംരക്ഷിച്ചുകൊണ്ട് മററുസഭകളെ അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുകയാണ് ഏററവും ആരോഗ്യപരമായ മനോഭാവം. സ്വന്തം സഭാവ്യക്തിത്വം

malankaralibrary.com

സംരക്ഷിക്കുവാൻ ശ്രമിക്കുന്നത് സഭയുടെ സാർവ്വത്രിക ചൈതന്യത്തിന് വിരുദ്ധമാണെന്ന് വാദിക്കുന്നത് ശരിയല്ല; യഥാർത്ഥത്തിൽ അതു കൂടുതൽ പ്രത്യക്ഷമാക്കുന്നുവെന്നതാണു സത്യം.

## (b) പൗരസ്ത്യസഭകളും മാർപ്പാപ്പാമാരും

പൗരസ്ത്യസഭകൾ തങ്ങളുടെ സമ്പന്നമായ പാരമ്പര്യങ്ങൾ അന്യൂനം സംരക്ഷിച്ചു കൊണ്ട് വളരണമെന്ന് കാലാകാലങ്ങളിൽ മാർപ്പാപ്പാമാർ ഉദ്ബോധിപ്പിച്ചിട്ടുണ്ട്. പൗരസ്ത്യസഭകളുടെ നൈയാമികതയേയും പ്രാമാണികതയേയും അവർ അംഗീകരിക്കുകയും പൗരസ്ത്യസഭകളുടെ പൈതൃകങ്ങൾ ബഹുമാനപുരസരം വീക്ഷിക്കുന്നതിന് മററുള്ളവരോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം പലവിധത്തിൽ പൗരസ്ത്യസഭകളുടെ വ്യക്തിസംരക്ഷണത്തിന് ഉതകുന്ന മാർഗ്ഗങ്ങൾ മാർപ്പാപ്പാമാർ വാക്കുകളിലും പ്രവർത്തികളിലും കൂടി വ്യക്തമാക്കിയിട്ടുണ്ട്.

1615-ൽ അഞ്ചാം പൗലോസ് മാർപ്പാപ്പാ റുത്തേനിയൻകാരോട് തങ്ങളുടെ റീത്ത് അഭംഗം നിലനിർത്തികൊണ്ടുപോകാൻ ഉപദേശിച്ചതായി കാണുന്നു. പതിനാലാം ബനഡിക്ട് മാർപ്പാപ്പ 1743 ഡിസംബർ 21-ാം തീയതി ബൈസൻറയിൻ റീത്തുകൾക്കായി എഴുതിയ ഒരു കത്തിൽ റീത്തുകളുടെ അനുഷ്ഠാനത്തിനു വിഘാതമായ പരിഷ്ക്കാരങ്ങളൊന്നും നടത്തരുതെന്ന് നിർദ്ദേശിച്ചു.

1848 – ൽ *ഇൻ സുപ്രേമ പേത്രി അപ്പസ്തോലിച്ചി* (In Suprema Petri Apostolici) എന്ന ചാക്രിക ലേഖനത്തിലൂടെ ഒൻപതാം പീയൂസ് മാർപ്പാപ്പ, സാർവ്വത്രിക സഭയ്ക്ക് പൗരസ്ത്യ റീത്തുകളുടെയും ആരാധനക്രമങ്ങളിലൂടേയും നേർക്കുണ്ടായിരിക്കേണ്ട മനോഭാവത്തെ വ്യക്തമായി അംഗീകരിച്ചിട്ടുണ്ട്. 1862-ൽ *റോമാനീ പൊന്തിഫിച്ചസ്* (Romani Pontifices) എന്ന തിരുവെഴുത്തിലൂടെ അദ്ദേഹം പ്രൊപ്പഗാന്താ തിരുസംഘത്തെ രണ്ടായി വിഭജിച്ച് പൗരസ്ത്യ സഭകൾക്കായി ഒരു പ്രത്യേക വിഭാഗം രൂപീകരിച്ചു.

ലെയോ പതിമൂന്നാമൻ മാർപ്പാപ്പ 1894 നവംബർ 30-ാം തീയതി പ്രസിദ്ധീകരിച്ച *ഓറിയന്താലിയും ഡിഗ്നിത്താസ്* (Orientalium Dignitas) എന്ന വിശ്വലേഖനത്തിലൂടെ പൗരസ്ത്യ റീത്തുകളുടെ സംരക്ഷണം പ്രധാനപ്പെട്ടതാണെന്ന് വ്യക്തമാക്കി. 1917 മെയ് 1-ാം തീയതി *ദേയി പ്രോവിദെന്തിസ്* (Dei providentis) എന്ന ചാക്രികലേഖനം വഴി പതിനഞ്ചാം ബനഡിക്ട മാർപ്പാപ്പ റോമിൽ പൗരസ്ത്യതിരുസംഘം സ്ഥാപിച്ചു. 1917 ഒക്ടോബർ

malankaralibrary.com

1-ാംതീയതി *ഓറിയന്താലിസ് കത്തോലിച്ചി* (Orientalis Catholici) എന്ന തിരുവെഴുത്തുവഴി അദ്ദേഹം പൗരസ്ത്യ ദൈവശാസ്ത്ര പഠനത്തിനായി റോമിൽ ഓറിയൻറൽ ഇൻസ്റ്റിട്ട്യൂട്ട് സ്ഥാപിച്ചു.

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ 1944 ഏപ്രിൽ 9-ാം തീയതി എഴുതിയ *ഓറിയന്താലിസ് എക്ളേസിയേ ദേക്കൂസ്* (Orientalis Ecclesiae Decus) എന്ന ചാക്രിക ലേഖനത്തിലൂടെ പൗരസ്ത്യരായ അകത്തോലിക്കരുടെ പുനരൈക്യത്തിന് പരസ്പര ബഹുമാനം, അനുകമ്പാപൂർവ്വമായ സംസാരം, മാതൃകാപരമായ ജീവിതം മുതലായവ ഉപാധികളായി എടുത്തു കാണിച്ചു. കൂടാതെ അദ്ദേഹം *ഓറിയന്താലിസ് ഓമ്നെസ് എക്ളേസിയാസ്* (Orientalis Omnes Ecclesias) എന്ന വിശ്വലേഖനം എഴുതുകയും പൗരസ്ത്യ കാനൻ നിയമ സംഹിതയുടെ നാലുഭാഗങ്ങൾ അംഗീകരിക്കുകയും ചെയ്തു.

ആധുനിക കാലത്തെ മാർപ്പാപ്പാമാരും പൗരസ്ത്യസഭകളുടെ മഹത്തായ പാരമ്പര്യങ്ങളെ ബഹുമാനിക്കുകയും, അവ കാത്തു സംരക്ഷിക്കുന്നതിന് വ്യക്തമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്പോഴത്തെ സാർവ്വത്രിക സഭാദ്ധ്യക്ഷനായ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പായുടെ *ഓറിയന്താലെ ലൂമൻ* (Orientale Lumen) എന്ന ചാക്രികലേഖനത്തിലും അദ്ദേഹത്തിൻെറ ''സഭ അവളുടെ പാശ്ചാത്യവും പൗരസ്ത്യവുമായ രണ്ടു ശ്വാസകോശങ്ങളിലൂടേയും ശ്വസിക്കുവാൻ പഠിക്കണെ''മെന്ന ഉപദേശത്തിലും ഈ സന്ദേശം അടങ്ങിയിരിക്കുന്നു.

സാർവ്വത്രികസഭയിൽ, പൗരസ്ത്യ സഭകൾക്കുള്ള സ്ഥാനം അവർ മനസ്സിലാക്കുവാനും തങ്ങളുടേതായ സഭാ പൈതൃകങ്ങൾ അന്യൂനം സംരക്ഷിച്ച് ജീവാത്മകമായി വളരുവാനും സാർവ്വത്രിക സഭാദ്ധ്യക്ഷൻമാരുടെ ഈ മനോഭാവങ്ങളും പഠനങ്ങളും മാർഗ്ഗദർശനം നൽകുന്നു.

malankaralibrary.com

അദ്ധ്യായം 7

# മലങ്കര കത്തോലിക്കാസഭയുടെ പ്രത്യേക ദൗത്യം

സാർവ്വത്രിക സഭയിൽ വ്യക്തിസഭകൾക്ക് പ്രത്യേകമായ പദവിയും ദൗത്യവുമുണ്ട്. ഈ പദവിയും ദൗത്യവും യഥാവിധി മനസ്സിലാക്കി ഓരോ സഭയും വളർന്നു വികസിക്കണം. കത്തോലിക്കാസഭാ കൂട്ടായ്മയിൽ കഴിയുന്ന കിഴക്കൻ സഭകൾക്ക് പാശ്ചാത്യ കത്തോലിക്കാസഭയേക്കാൾ ചില പ്രത്യേക കടമകൾ സാർവ്വത്രിക സഭയിൽ നിർവ്വഹിക്കുവാനുണ്ട്. കത്തോലിക്കാസഭയുമായി സംസർഗ്ഗത്തിൽ കഴിയുന്നതുകൊണ്ട് പ്രസ്തുത കൂട്ടായ്മയുടെ മഹിമയും പൊരുളും മററു പൗരസ്ത്യസഭകൾക്ക് വ്യക്തമാക്കിക്കൊടുക്കുന്നതിനും അങ്ങനെ ക്രൈസ്തവൈക്യശ്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിനും അവർക്കുള്ള ഉത്തരവാദിത്വം വലുതാണ്. പൗരസ്ത്യ കത്തോലിക്കർക്കു പൊതുവേയുള്ള ഈ ദൗത്യവും കടമയും റോമിലെ അപ്പസ്തോലിക സിംഹാസനവുമായി കൂട്ടായ്മയിൽ കഴിയുന്ന മലങ്കര കത്തോലിക്കാസഭയും ഏററെടുക്കുകയും വിശ്വസ്തതയോടെ നിറവേററുകയും ചെയ്യേണ്ടതാണ്. മലങ്കര കത്തോലിക്കാസഭയുടെ ഈ പ്രത്യേക ദൗത്യത്തെപ്പററി ഈ അദ്ധ്യായത്തിൽ വിശദീകരിക്കുന്നു.

## 1 മലങ്കര കത്തോലിക്കാസഭയും സാർവ്വത്രിക സഭാസംസർഗ്ഗ ദൗത്യവും

മലങ്കര കത്തോലിക്കാസഭയ്ക്ക് സാർവ്വത്രിക സഭയിൽ നിർവ്വഹിക്കുവാനുള്ള ഏററവും സുപ്രധാനമായ ദൗത്യമാണ് പുനരൈക്യശ്രമങ്ങൾ ത്വരിതപ്പെടുത്തുക എന്നത്. ചരിത്രത്തിന്റെ ഗതിവിഗതികളിലൂടെ രൂപംകൊണ്ട് സാർവ്വത്രിക സഭയുമായി ഐക്യത്തിലെത്തിച്ചേർന്ന ഈ സഭാസമൂഹത്തിന് മലങ്കരയിലെ എല്ലാ ദൈവജനത്തേയും ആ കൂട്ടായ്മയിലേക്ക് എത്തിക്കുന്നതിന് പ്രത്യേക കടമയുണ്ട്. സാർവ്വത്രിക കൂട്ടായ്മയുടെ ആവശ്യകതയും ലക്ഷ്യവും വ്യക്തമാകുവാൻ അതിന്റെ ദൈവശാസ്ത്രപരമായ അടിസ്ഥാനങ്ങൾ കണ്ടതിനുശേഷം മലങ്കരയിലെ പുനരൈക്യ പ്രസ്ഥാനത്തേയും കാതോലിക ഐക്യ ദൗത്യത്തേയുംപററി വിലയിരുത്തുന്നു.

malankaralibrary.com

## (a) സാർവ്വത്രിക സഭാകൂട്ടായ്മ: ദൈവശാസ്ത്ര വിശകലനം

ക്രിസ്തുനാഥൻ സ്ഥാപിച്ച സഭയുടെ അടിസ്ഥാന ഘടകം പൊതുവെ അതിൻെറ ക്രൈസ്തവ കൂട്ടായ്മയാണെന്നു പറയാം. പ്രാദേശികവും അപ്പസ്തോലികവുമായ സഭാസമൂഹങ്ങളുടെ കൂട്ടായ്മയിലൂടെയാണ് സാർവ്വത്രികസഭ ചരിത്രത്തിൽ രൂപം കൊണ്ടത്. അപ്പസ്തോലികോത്ഭവം സിദ്ധിച്ച ഈ ഓരോ ക്രൈസ്തവസമൂഹവും അതിൻെറ വ്യതിരിക്ത ഭാവങ്ങളും സാംസ്ക്കാരിക പ്രത്യേകതകളും നിലനിർത്തുകയും അതേ സമയം പരിശുദ്ധാത്മാവിൽ അവർ ഒന്നായി നിലകൊള്ളുകയും ചെയ്തു. ആകയാൽ പ്രാദേശികസഭകളുടെ സാർവ്വത്രിക കൂട്ടായ്മ സഭാപരമായി പ്രധാനപ്പെട്ട ഒരു ഘടകമായി നിലകൊള്ളുന്നു. ഇപ്രകാരമുള്ള സാർവ്വത്രിക സഭാചൈതന്യത്തിലേക്കും കൂട്ടായ്മയിലേക്കും പ്രവേശിക്കാത്ത ക്രൈസ്തവ സമൂഹങ്ങൾ വെറും പ്രാദേശിക ജനസമൂഹമായി തരംതാഴുവാനിടയുണ്ട്.

എല്ലാ അപ്പസ്തോലിക സഭകളുമായുള്ള ഈ സഭാബന്ധം സഭാപൂർണ്ണതയ്ക്ക് ആവശ്യമാണെങ്കിലും പ്രത്യേക വിധത്തിൽ റോമിലെ അപ്പസ്തോലിക സഭയുമായുള്ള സംസർഗ്ഗം സഭയുടെ നിർണ്ണായകമായ ഒരു ഘടകമാണ്. കാരണം ഏകമായിരിക്കുന്ന ക്രിസ്തുവിൻെറ സഭ പണിതിരിക്കുന്നത് പത്രോസ് തലവനായിരിക്കുന്ന സഭയിലാണ്. ഈ ശ്ലൈഹിക സഭ ഐക്യത്തിൻെറ കേന്ദ്രബിന്ദുവായി വർത്തിക്കുന്നു. എല്ലാ അപ്പസ്തോലൻമാർക്കും അധികാരവും ദൗത്യവും നൽകിയെങ്കിലും അവരുടെയിടയിൽ ഒരദ്ധ്യക്ഷ പദവി വി. പത്രോസിനാണ് ലഭിച്ചത്. തൻെറ സഭ ഏകവും അഭിഭാജ്യവുമാണെന്ന് കാണിക്കുവാനുമായിരുന്നു ഇപ്രകാരം ഒരാളുടെ നിയമനം വഴി (മത്താ. 16:18-19, യോഹ.21:15-17) ആരംഭം കുറിച്ചത്. പത്രോസിൻെറ പ്രത്യേകമായനിയമനം വഴി സാർവ്വത്രിക സഭയിൽ പൊതു അജപാലന ദൗത്യം അദ്ദേഹത്തിനു ലഭിച്ചു. അങ്ങനെ ശ്ലീഹന്മാരുടെ സംഘത്തിൻെറ തലവനായി വർത്തിച്ചു കൊണ്ട് ദൈവജനത്തെ മേയിക്കുവാനും അവരെ പരസ്പരം സംയോജിപ്പിക്കുവാനും അദ്ദേഹം നിയുക്തനായി.

വി. പത്രോസിന് ലഭിച്ച അതേ സാർവ്വത്രിക അജപാലന ദൗത്യം റോമാ മാർപ്പാപ്പാമാരിലൂടെ സഭയിൽ തുടർന്നുകൊണ്ടിരിക്കുന്നു. അങ്ങനെ ഒരു പൊതു സഭാനേതൃത്വത്തിൻകീഴിൽ പല സഭകൾ എന്ന പ്രതിഭാസം സഭയിൽ പുലരുന്ന ഒരു യാഥാർത്ഥ്യമത്രേ. ആദിമ നൂററാണ്ടുമുതൽ തന്നെ പല സഭകൾ ഒരേ

malankaralibrary.com

കൂട്ടായ്മയിൽ ഉൾപ്പെട്ടിരിക്കുകയും അവരെ തമ്മിൽ യോജിപ്പിക്കുന്ന കണ്ണിയായി റോമാസഭ വർത്തിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ ഒരേ കൂട്ടായ്മയിൽ പല സഭകൾ സ്വതന്ത്രമായി പ്രവർത്തിക്കുകയും ഒന്നിച്ചുചേരുകയും ഏക നേതൃത്വത്തിന് വിധേയരാകുകയും ചെയ്യുന്ന അവസ്ഥ സഭാപരമായി തികച്ചും യുക്തവും ആവശ്യവുമത്രേ. ഈ പൊതു സഭാനേതൃത്വം അംഗീകരിക്കാതെ സ്വതന്ത്ര രാഷ്ട്രത്തിന്റെ ചുവടുപിടിച്ച് സ്വതന്ത്രസഭകളായി നിലനിൽക്കുവാനുള്ള പ്രവണത സഭകളെ ശിഥിലീകരണ പ്രവണതകളിലേക്ക് നയിക്കുമെന്നുള്ളതിന് സംശയമില്ല. ആകയാൽ സാർവ്വത്രിക സഭാസംസർഗ്ഗം ഓരോ വ്യക്തിസഭകളുടെയും നിലനിൽപ്പിനും വളർച്ചയ്ക്കും, സഭാപൂർണ്ണതയ്ക്കും അനപേക്ഷണീയമാണ്.

സാർവ്വത്രികസഭയുമായി വ്യക്തിസഭകൾ കൂട്ടായ്മ (Communion) പുലർത്തണമെന്ന് പറയുന്നതുപോലെ പ്രധാനപ്പെട്ട ഒന്നാണ് ഓരോ വ്യക്തിസഭയും അതിന്റെ സഭാവ്യക്തിത്വം (Identity) പൂർണ്ണമായി സംരക്ഷിക്കണമെന്നത്. വ്യക്തിസഭകൾ നൂററാണ്ടുകളിലൂടെ സ്വായത്തമാക്കിയ അനന്യമായ സഭാതനിമയും പൈതൃകവും നിലനിർത്തിക്കൊണ്ട് (മുൻ അദ്ധ്യായം കാണുക) സാർവ്വത്രിക സഭാകൂട്ടായ്മയിലൂടെ വളർന്നു വികസിക്കുക- ഇതായിരിക്കും ഏററവും ആരോഗ്യകരമായ സഭാവീക്ഷണം.

## (b) മലങ്കരസഭ സാർവ്വത്രികസഭയുടെ കൂട്ടായ്മയിൽ

അപ്പസ്തോലികോത്ഭവം സിദ്ധിച്ച മലങ്കരസഭ, ആദ്യകാലം മുതൽതന്നെ സാർവ്വത്രിക സഭയുടെ കൂട്ടായ്മയിൽ ഉൾപ്പെട്ടിരുന്നു. എന്നാൽ 17-ാം ശതകത്തിൽ പോർട്ടുഗീസ് മിഷനറിമാരുമായുള്ള അഭിപ്രായവ്യത്യാസങ്ങൾ സഭാന്തരീക്ഷത്തിൽ ഭിന്നതയും വിഭജനവും ഉണ്ടാകുന്നതിന് വഴിയൊരുക്കി. തങ്ങളുടേതായ സഭാപാരമ്പര്യങ്ങളും ഹയരാർക്കിയുമെല്ലാം അഭംഗുരം കാത്തുപാലിക്കണമെന്ന ലക്ഷ്യത്തിനായി ഉറച്ചുനിന്ന ഒരു വിഭാഗം മാർത്തോമ്മാ ക്രിസ്ത്യാനികൾ സാർവ്വത്രിക കൂട്ടായ്മയിൽ നിന്നും അകലുന്നതിനിടയായി. കാതോലിക ഐക്യത്തിൽ നിന്ന് അകന്നുപോയ ഈ സമൂഹം പലവിധ ശിഥിലീകരണ പ്രവണതകൾക്ക് വിധേയമാവുകയും തത്ഫലമായി മലങ്കരയിൽ വിവിധ സഭാസമൂഹങ്ങൾ രൂപം കൊള്ളുകയും ചെയ്തു. കക്ഷിമത്സരങ്ങളും വ്യവഹാരങ്ങളും സഭയുടെ ആദ്ധ്യാത്മിക ചൈതന്യം നശിപ്പിച്ചു. ഈ പരാധീനതകളിൽ നിന്ന് മലങ്കര സഭയെ വിമോചിപ്പിക്കുന്നതിനും സാർവ്വത്രിക സഭാസമ്പർക്കത്തിലൂടെ സഭാവ്യക്തിത്വം വളച്ച് ഉറപ്പുവരുത്തുന്നതിനും ബഥനിയുടെ മാർ ഈവാനിയോസ് (1882-1953) മുന്നോട്ടു വന്നു. കാരണം ഒരു പ്രാദേശിക സഭയുടേതായ സവിശേഷതകൾ എത്രതന്നെ ഉൾക്കൊണ്ടിരുന്നാലും

malankaralibrary.com

സാർവ്വത്രികസഭയുമായുള്ള കൂട്ടായ്മ വീണ്ടെടുത്തുകൊണ്ടുമാത്രമേ മലങ്കരസഭയ്ക്ക് ശാശ്വതമായ സമാധാനവും സമ്പൂർണ്ണതയും കൈവരിക്കുവാൻ സാധിക്കുകയുള്ളു എന്ന് അദ്ദേഹത്തിന് ബോദ്ധ്യമായി. 1930 സെപ്റ്റംബർ 20-ാം തീയതി നടന്ന ചരിത്ര പ്രസിദ്ധമായ മലങ്കരയിലെ പുനരൈക്യത്തിലൂടെ മലങ്കരസഭ നേടിയെടുത്തത് ഈ കൂട്ടായ്മയത്രേ.

സഭാവ്യക്തിത്വം അഭംഗുരം കാത്തുസൂക്ഷിക്കുവാനുള്ള ശ്രമത്തിൽ സാർവ്വത്രിക കൂട്ടായ്മയിൽനിന്ന് അകന്നു മാറേണ്ടി വന്ന മലങ്കരയിലെ ഒരു വിഭാഗം അങ്ങനെ ആ കൂട്ടായ്മ പുനഃ സ്ഥാപിച്ചു. സഭൈക്യം (Communion) പുനരൈക്യ പ്രസ്ഥാന ത്തിന്റെ സമാരംഭത്തോടെ നേടിയെടുത്തു എങ്കിലും സഭാവ്യക്തിത്വം (identity) പൂർണ്ണമായി നിലനിർത്തുവാൻ ഈ പ്രസ്ഥാനത്തിനു കഴിഞ്ഞിട്ടില്ലായെന്ന് വസ്തുനിഷ്ഠമായ പഠനങ്ങൾ തെളിയി ക്കുന്നു. പൂർണ്ണമാക്കേണ്ട ഈ സഭാവ്യക്തിത്വത്തിന്റെ വിവിധ തലങ്ങൾ തുടർന്ന് നാം പഠനവിഷയമാക്കുന്നുണ്ട്.

## (c) പുനരൈക്യ സംബന്ധമായ രണ്ടു പ്രശ്നങ്ങൾ

മലങ്കര കത്തോലിക്കാ സഭയുടെ ആവിർഭാവത്തോടുകൂടി പുനഃരൈക്യത്തെ സംബന്ധിച്ച് പലവിധ വ്യാഖ്യാനങ്ങളും ചർച്ചകളും നിലവിൽ വന്നു. ഇപ്രകാരം രൂപംകൊണ്ട പുനഃ രൈക്യ സംബന്ധമായ രണ്ടു പ്രശ്നങ്ങളെപ്പറ്റി ഇനിയും ചർച്ചചെയ്യുന്നു.

### (i) മലങ്കര കത്തോലിക്കാ സഭ 'റീത്തു പ്രസ്ഥാന'മോ?

കാലാകാലങ്ങളിലായി ഭിന്നിച്ചുപോയ പല പൗരസ്ത്യ സഭകളും കത്തോലിക്കാ സഭയുമായി കൂട്ടായ്മയിൽ പ്രവേശി ക്കുവാൻ ശ്രമങ്ങൾ നടത്തുകയും ചിലത് വിജയിക്കുകയും ചെയ്തു. അവരുടെ ആരാധനക്രമവും മററു ആചാരങ്ങളും കത്തോലിക്കാ സഭയിൽ തുടർന്നുകൊണ്ടുപോകുവാൻ അവർക്ക് അനുവാദം ലഭിച്ചു. പൗരസ്ത്യകത്തോലിക്കർ, 'യൂണിയേററു സഭകൾ' എന്നീ പേരുകളിൽ ഈ പുനരൈക്യപ്പെട്ട റീത്തുകൾ അറിയപ്പെ ട്ടിരുന്നു. 'റീത്ത്' എന്നു പറയുമ്പോൾ ആരാധനാരീതിയാണ് പ്രധാനമായും വിവക്ഷിച്ചിരുന്നത്. തങ്ങളുടേതായ ആരാധനാ രീതികൾ തുടരുവാൻ അനുവദിച്ചിരുന്നു എന്നതിൽ കവിഞ്ഞ് പ്രത്യേക സ്ഥാനം ഈ സഭകൾക്ക് സാർവ്വത്രികസഭയിൽ നൽകി യിരുന്നില്ല.

എന്നാൽ 2–ാം വത്തിക്കാൻ സൂനഹദോസോടുകൂടി 'റീത്ത്' എന്നപദം കൂടുതൽ വിപുലമായ അർത്ഥത്തിൽ ഉപയോഗിക്കു വാൻ തുടങ്ങി. സ്വന്തമായ ആരാധനക്രമം, ദൈവശാസ്ത്രം,

malankaralibrary.com

ആദ്ധ്യാത്മികത, ഭരണസംവിധാനം, സന്യാസ ജീവിതമുറ എന്നിവയെല്ലാം സ്വായത്തമാക്കിയ വൈയക്തികസഭ എന്ന അർത്ഥത്തിലാണ് ഈ റീത്തുകളെ മനസ്സിലാക്കുക. അങ്ങനെ ഒരു കാലത്ത് വ്യത്യസ്ത റീത്തുകളെന്ന് ഗണിച്ചിരുന്നവയെ ഇന്ന് പ്രത്യേക സഭകളായി അംഗീകരിക്കുകയാണ്.

1930–ൽ മലങ്കരയിൽ ഒരു പുതിയ റീത്ത് അനുവദിച്ചതോടുകൂടി (മലങ്കര കത്തോലിക്കാസഭ രൂപം പ്രാപിച്ചതോടുകൂടി) അവരെ 'റീത്തു'കാരെന്നും അവരുടെ പള്ളികൾ 'റീത്തു' പള്ളികൾ എന്നും അറിയപ്പെടുവാൻ തുടങ്ങി. അങ്ങനെ മലങ്കരയിലെ അകത്തോലിക്കാസഭകൾ അവഹേളനത്തിന്റെ പര്യായമായി 'റീത്തുകാർ' എന്ന 'ഓമനപ്പേര്' അവർക്ക് നൽകുകയും ചെയ്തു. കൂടാതെ, കേരളത്തിൽ മലങ്കര കത്തോലിക്കരും മററു കത്തോലിക്കാ വിഭാഗങ്ങളും (സീറോ-മലബാർ, ലത്തീൻ) ഒന്നിച്ചു വസിക്കുന്ന സ്ഥലങ്ങളിലും മലങ്കര കത്തോലിക്കരെ 'റീത്തു'കാരെന്നും മററു കത്തോലിക്കരെ കത്തോലിക്കർ എന്നും സംബോധന ചെയ്തു വരുന്നു.

പുതിയ സഭാശാസ്ത്രത്തിന്റെ വെളിച്ചത്തിൽ മലങ്കര കത്തോലിക്കരെ വെറും 'റീത്തു'കാരും, പുനരൈക്യപ്രസ്ഥാനത്തെ റീത്തു' പ്രസ്ഥാനവുമായും കാണുന്ന രീതി അവസാനിപ്പിക്കണം. തങ്ങളുടേതായ സഭാ പൈതൃകങ്ങളും വ്യതിരിക്ത സവിശേഷതകളും ഉൾക്കൊള്ളുന്ന ഒരു വ്യക്തിസഭയാണെന്ന ബോദ്ധ്യം അവർതന്നെ രൂപപ്പെടുത്തുകയും അത് അംഗീകരിക്കാൻ മററുള്ളവരോട് ആവശ്യപ്പെടുകയും വേണം. അന്തോക്യൻ റീത്ത് (രീതി) ഉപയോഗിക്കുന്നതുകൊണ്ട് മലങ്കരകത്തോലിക്കർ റീത്തുകാരാണെങ്കിൽ, ആ അർത്ഥത്തിൽ അതേ ആരാധനക്രമം ഉപയോഗിക്കുന്ന യാക്കോബായ, ഓർത്തഡോക്സുകാരും റീത്തുകാരാണ്. അതുപോലെതന്നെ കേരളത്തിലെ മററു കത്തോലിക്കാ സഭകൾക്കൊപ്പം തുല്ല്യമായ പദവിയും അവകാശവുമാണ് സാർവ്വത്രികസഭയിൽ മലങ്കര കത്തോലിക്കാ സഭയ്ക്കുള്ളതെന്നും, അവർ കുറഞ്ഞ കത്തോലിക്കരല്ലെന്ന വസ്തുതയും അംഗീകരിക്കപ്പെടേണ്ടതുണ്ട്. ആകയാൽ, അവജ്ഞാദ്യോതകവും, സഭൈക്യത്തിന്റെ അന്തസ്സിനും അരുചിക്കും ചേരാത്തതുമായ റീത്ത്, റീത്തുകാർ, റീത്തുപ്രസ്ഥാനം എന്നീ പ്രയോഗങ്ങൾ പാടേ വർജ്ജിക്കണം.

## (ii) പുനരൈക്യം റോമാസഭയുമായുള്ള ലയനമോ?

'യുണിയേററ്'സഭകളെ 'റീത്തു'കൾ എന്ന പേരിലൂടെ, അവരുടെ സാർവ്വത്രിക കൂട്ടായ്മയെ റോമാസഭയിലേക്കുള്ള ഒരു സഭാ പരിവർത്തനമായി കത്തോലിക്കരും അകത്തോലിക്കരും ഒരു

malankaralibrary.com

പോലെ കണക്കാക്കാറുണ്ട്. മലങ്കര പുനരൈക്യ പ്രസ്ഥാനവും ഇതുപോലൊരു സഭാപരിവർത്തനമായി ചിത്രീകരിക്കുന്നുണ്ട്. മലങ്കര പുനരൈക്യത്തിലൂടെ, മലങ്കരസഭയെ ഒററിക്കൊടുത്ത് റോമാനുകത്തിൻ കീഴിലായിയെന്ന് ഓർത്തഡോക്സുകാർ ആക്ഷേപിക്കുമ്പോഴും പുനരൈക്യപ്പെട്ടവരും അല്ലാത്തവരുമായ കേരള കത്തോലിക്കർ ധൂർത്തപുത്രൻെറ പിതൃഭവനത്തിലേക്കുള്ള തിരിച്ചുവരവായി ഇതിനെ ചിത്രീകരിക്കുന്നു. ഇപ്രകാരമൊരു ലയനമോ, മാനസാന്തരമോ അല്ല പുനരൈക്യത്തിൻെറ യഥാർത്ഥ ലക്ഷ്യം. ഒരുകൂട്ടർ മറെറാരു കൂട്ടരോട് ചേരുന്ന പ്രശ്നമില്ലിവിടെ.

മലങ്കരയിലെ പുനെരൈക്യത്തിലൂടെ പുതിയ ഒരു സഭയ്ക്ക് രൂപം കൊടുക്കുകയോ, മലങ്കരസഭ കത്തോലിക്കാസഭയിൽ ലയിക്കുകയോ ചെയ്തിട്ടില്ല. പ്രത്യുത കാതോലിക സംസർഗ്ഗത്തിലേക്ക് പ്രവേശിക്കമാത്രമാണ് ചെയ്തത്; വ്യക്തിത്വമുള്ള രണ്ട് സഭകൾ തമ്മിലുള്ള ഗാഢമായ ഒരു ആശ്ലേഷണമായിരുന്നു അത്.

## (d) മലങ്കര കത്തോലിക്കാസഭയുടെ പുനരൈക്യ ദൗത്യം

സാർവ്വത്രിക കൂട്ടായ്മയിലൂടെയാണ് ഓരോ പ്രാദേശിക സഭയും സഭാപൂർണ്ണത കൈവരിക്കുന്നതെന്നും, ഈ ദൗത്യത്തിനായി പ്രത്യേകം യത്നിക്കുവാൻ കത്തോലിക്കാ സഭയ്ക്ക് കടമയുണ്ടെന്നും, നാം കാണുകയുണ്ടായി. പുനരൈക്യ പ്രസ്ഥാനം വഴി ഉടലെടുത്തിരിക്കുന്ന മലങ്കര കത്തോലിക്കാ സഭയുടേയും അന്തിമമായ ലക്ഷ്യം ഇതുതന്നെയാണ്: മലങ്കരയിലെ ദൈവജനത്തെ മുഴുവൻ സഭയെന്ന നിലയിൽതന്നെ-കാതോലിക ഐക്യത്തിനായി ക്ഷണിക്കുകയും അതിനുള്ള മാർഗങ്ങൾ തുറന്നുകൊടുക്കുകയും ചെയ്യുക കാരണം, സാർവ്വത്രിക സഭാസംസർഗ്ഗത്തിലൂടെ താത്വിക സഭാപൂർണ്ണത കൈവരിച്ച മലങ്കര കത്തോലിക്കാ സഭയ്ക്ക് പ്രസ്തുത സഭൈക്യത്തിൻെറ മഹിമ മലങ്കരയിലെ മററുസഭകളുമായി പങ്കുവയ്ക്കുവാനും സാർവ്വത്രിക സഭൈക്യത്തിൻെറ പാതയിലേക്ക് അവരെ ആനയിക്കുന്നതിനും പ്രത്യേകമായ കടമയും ദൗത്യവുമുണ്ട്. വിവിധ വൈദേശിക സ്വാധീനങ്ങൾ മലങ്കരസഭയ്ക്ക് പല നല്ല സംഭാവനകളും നൽകിയെങ്കിലും, സഭാംഗങ്ങളെ കൂടുതൽ ചിന്താക്കുഴപ്പത്തിലാഴ്ത്തുകയും തത്ഫലമായി പല അവാന്തര വിഭാഗങ്ങൾ രൂപപ്പെടുകയും ചെയ്തു. ഐക്യത്തോടുകൂടി വളർന്നു വികസിക്കുന്നതിനുപകരം ഇപ്രകാരം ഉള്ള ശിഥിലീകരണ പ്രവണതകൾ മലങ്കരസഭയെ തകർച്ചയുടെ പാതയിലേക്ക് നയിക്കുകയും ഇന്നും നയിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. പുനരൈക്യ പ്രസ്ഥാനം രൂപം കൊണ്ടിരിക്കുന്നത് ഈ ശിഥിലീകരണ പ്രവണ

malankaralibrary.com

തകളിൽ നിന്ന് മലങ്കരസഭയെ മോചിപ്പിച്ച് ഐക്യത്തിന്റെ പാതയിലേക്ക് ആനയിക്കുന്നതിനുമാണ്.

മലങ്കര സഭ്ക്കു വന്നുഭവിച്ചിരിക്കുന്ന ഈ തകർച്ചയിൽ നിന്ന് വിമോചിപ്പിച്ച് ഐക്യം ത്വരിതപ്പെടുത്തുവാനുള്ള മലങ്കര കത്തോലിക്കാ സഭയുടെ പ്രത്യേക ദൗത്യം വത്തിക്കാൻ കൗൺസിൽ പഠനങ്ങൾക്കനുസൃതമാണെന്ന് കാണുവാൻ സാധിക്കും. പൗരസ്ത്യ സഭകളെക്കുറിച്ചുള്ള ഡിക്രിയിൽ ഇപ്രകാരം പഠിപ്പിക്കുന്നു: ''റോമാസിംഹാസനവുമായി ഐക്യത്തിൽ പ്രവർത്തിക്കുന്ന കിഴക്കൻ സഭകൾക്ക് എല്ലാ ക്രൈസ്തവരുടെയും പ്രത്യേകിച്ച് പൗരസ്ത്യരുടെ ഐക്യം ത്വരിതപ്പെടുത്തുവാൻ പ്രത്യേക കടമ യുണ്ട്'' (നമ്പർ 24). ഇപ്രകാരമുള്ള ഐക്യസാക്ഷാത്ക്കാരത്തിനായി പ്രവർത്തിക്കുവാൻ എക്യുമേനിസത്തെക്കുറിച്ചുള്ള ഡിക്രിയിലും നിർദ്ദേശിക്കുന്നുണ്ട് (നമ്പർ 18). പുതിയ പൗരസ്ത്യ കാനൻ നിയമവും, ഈ ഐക്യദൗത്യത്തെപ്പററി പ്രബോധനം നൽകുന്നുണ്ട്: ''എല്ലാ പൗരസ്ത്യ സഭകളും തമ്മിലുള്ള ഐക്യം വളർത്തുവാൻ പൗരസ്ത്യ കത്തോലിക്കാ സഭകൾക്ക് പ്രത്യേക ദൗത്യമുണ്ട്'' (C.903). പൗരസ്ത്യ കത്തോലിക്കർക്കുള്ള ഈ പ്രത്യേക ദൗത്യത്തെപ്പററി ഊന്നിപ്പറയുവാൻ കാരണം അവർക്കും അകത്തോലിക്കർക്കും ഒരേ സ്ഥലങ്ങളിലുള്ള സഹവാസവും അനുദിന ജീവിതത്തിലുള്ള ഇടപഴകലും എളുപ്പമാകുന്നതുകൊണ്ടാണ്. ഒരേ ആരാധനക്രമമാണ് മിക്കവാറും ഇരുകൂട്ടരും ഉപയോഗിക്കുന്നത്. ഇപ്രകാരം വേഷം, ഭാഷ, രീതി, പാരമ്പര്യം എന്നിവയെല്ലാം ഒന്നുതന്നെയുള്ള സഭകൾക്ക് പൂർണ്ണമായ ഐക്യത്തിനുവേണ്ടി പ്രവർത്തിക്കുവാൻ കൂടുതൽ ബാദ്ധ്യതയുണ്ടെന്നതാണ് ഇതിനടിസ്ഥാനം.

## 2 മലങ്കര കത്തോലിക്കാ സഭയുടെ ദ്വിവിധ വിളിയും ലക്ഷ്യവും

ലോകമാസകലമുള്ള ക്രൈസ്തവ ജനതയെ മൂന്നു വിഭാഗങ്ങളിലായി സാധാരണ തിരിക്കാറുണ്ട്: കത്തോലിക്കാ, ഓർത്തഡോക്സ്, പ്രോട്ടസ്റ്റന്റ്. ഇവയിൽ ഓർത്തഡോക്സ് സഭാവിഭാഗങ്ങളെല്ലാം പൗരസ്ത്യസഭകളിൽ ഉൾപ്പെട്ടവയത്രേ. ഈ പൗരസ്ത്യ ഓർത്തഡോക്സ് സഭകൾക്ക് സമാന്തരമായി, ആദ്യകാലംമുതലേ റോമുമായി പരിപൂർണ്ണ സംസർഗ്ഗം പുലർത്തുന്നതും പിന്നീട് സംസർഗ്ഗം പുനഃസ്ഥാപിച്ചതുമായ പൗരസ്ത്യ കത്തോലിക്കാ സഭകളുണ്ട്. റോമുമായി പൂർണ്ണ സംസർഗ്ഗത്തിൽ കഴിയുന്ന പൗരസ്ത്യ സഭകൾക്ക് ലഭിച്ചിരിക്കുന്ന കാതോലിക്കാ ഐക്യ ദൗത്യത്തെപ്പററി നാം ചിന്തിക്കുകയുണ്ടായി.

malankaralibrary.com

ഇപ്രകാരമുള്ള ഐക്യപരിശ്രമങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ പൗരസ്ത്യ കത്തോലിക്കരെ ആഹ്വാനം ചെയ്യുവാൻ കാരണം ഓർത്തഡോക്സ് സഭാപാരമ്പര്യങ്ങളോടും വ്യക്തിത്വ സവിശേഷതകളോടും ഉള്ള സമാനതയും, സാർവ്വത്രിക സഭാകൂട്ടായ്മയിലൂടെ നേടിയെടുത്ത സഭാപൂർണ്ണതയും അവർ സ്വായത്തമാക്കിയിരിക്കുന്നുവെന്നുള്ളതു കൊണ്ടാണ്. ആകയാൽ ഓർത്തഡോക്സ് സഭകളെ അതിന്റെ വ്യക്തിരിക്തഭാവങ്ങളോടുകൂടി കത്തോലിക്കാ ലോകത്തിനും, കത്തോലിക്കാ സഭാ സവിശേഷതകളും അത് ലക്ഷ്യം വയ്ക്കുന്ന സാർവ്വത്രിക കൂട്ടായ്മയും ഓർത്തഡോക്സ് സഹോദരങ്ങൾക്കും വ്യക്തമാക്കികൊടുക്കുകയെന്ന ദ്വിവിധങ്ങളായ ആഹ്വാനമാണ് പൗരസ്ത്യ കത്തോലിക്കർക്കു ലഭിച്ചിരിക്കുന്നത്. ഇപ്രകാരം ഓർത്തഡോക്സിയുടേയും കാതോലികതയുടേയും ഘടകങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി വർത്തിക്കുവാനുള്ള മഹത്തായ ഒരു വിളിയാണ് മലങ്കര കത്തോലിക്കാ സഭയ്ക്കും ലഭിച്ചിരിക്കുന്നത്. ഈ പ്രത്യേകമായ വിളിയേയും, അവ എപ്രകാരം സഭാജീവിതത്തിൽ അന്വർത്ഥമാക്കണമെന്നതിന്റെയും ഒരു പഠനമാണിവിടെ ഉദ്ദേശിക്കുന്നത്.

## മലങ്കര കത്തോലിക്കാസഭ: ഓർത്തഡോക്സ് – കത്തോലിക്കാ സഭകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണി.

അന്ത്യോക്യൻ ആരാധനരീതികളും പൗരസ്ത്യ സഭാപാരമ്പര്യങ്ങളും സ്വായത്തമാക്കിയിരിക്കുന്ന മലങ്കര ഓർത്തഡോക്സ്, യാക്കോബായ സഭകളുടെ ഒരു സമാന്തര സഭയാണല്ലോ മലങ്കര കത്തോലിക്കാ സഭ. മലങ്കര സഭയുടെ ഒരു സഹോദരീ സഭയെന്ന നിലയിൽ മലങ്കരസഭ രൂപപ്പെടുത്തിയെടുത്ത വ്യക്തിത്വ സവിശേഷതകൾ സ്വാംശീകരിച്ചുകൊണ്ട് ഭാരതത്തിലെ ഓർത്തഡോക്സ് സഭകളെ സാർവ്വത്രിക സഭയിൽ ഈ സഭ പ്രതിനിധാനം ചെയ്യണം. അതേ സമയം മലങ്കര സഭകളുടെ മദ്ധ്യേ സാർവ്വത്രിക സഭയെ അതിന്റെ വിശ്വാസം, സൻമാർഗ്ഗപ്രബോധനങ്ങളോടുകൂടി പ്രതിനിധാനം ചെയ്യുകയും വേണം. അതുപോലെതന്നെ, കത്തോലിക്കാ സഭാ സംസർഗ്ഗത്തിൽ കഴിയുന്നതിനാൽ വൈവിധ്യത്തിലെ ഐക്യം (diversity in unity) എന്ന സഭാ യാഥാർത്ഥ്യത്തിന് കത്തോലിക്കരുടെ ഇടയിൽ സാക്ഷ്യം നൽകുന്നതിനും, മലങ്കര അകത്തോലിക്കാ സഭകളുമായി ബന്ധപ്പെട്ടുകഴിയുന്നതിനാൽ ഏകത്വത്തിലെ വൈവിധ്യത്തിന്റെ (unity in diversity) ആവശ്യകതയും വ്യക്തമാക്കി കൊടുക്കുന്നതിനും കടമയുണ്ട്. അങ്ങനെ പ്രധാനമായും 'ലത്തീനായിരിക്കുന്ന' കത്തോലിക്കാ സഭയിൽ മലങ്കര കത്തോലിക്കാസഭയ്ക്ക് തികച്ചും പൗരസ്ത്യമായിരിക്കേണ്ടതുണ്ട്. അതുപോലെ മുഖ്യമായും ഓർത്തഡോക്സ് ആയിരിക്കുന്ന

malankaralibrary.com

പൗരസ്ത്യ ക്രൈസ്തവാന്തരീക്ഷത്തിൽ മലങ്കര കത്തോലിക്കാ സഭ കാതോലികമായിരിക്കേണ്ടതുമുണ്ട്. അങ്ങനെ സാർവ്വത്രികത (Catholicism) യേയും ഓർത്തഡോക്സ് ക്രൈസ്തവികത (Orthodox Christianity) യേയും തമ്മിൽ യഥാർത്ഥമായി സമന്വയിപ്പിക്കുകയെന്ന ദൗത്യമാണ് മലങ്കര കത്തോലിക്കാ സഭയ്ക്കുള്ളത്.

ഇപ്രകാരമുള്ള ഓർത്തഡോക്സ് സഭാഘടകങ്ങളുടേയും കത്തോലിക്കാ സഭാമൂല്യങ്ങളുടേയും സമന്വയം ക്രിസ്തുവിന്റെ യഥാർത്ഥ സഭയുടെ പരസ്പര പൂരകങ്ങളായ രണ്ടു സവിശേഷതകളുടെ സംയോജനമത്രേ. ഈ സമന്വയ പ്രക്രിയയിലൂടെ കിഴക്കും പടിഞ്ഞാറും തമ്മിലുള്ള ബന്ധത്തെ നിത്യവും നവീകരിക്കുന്നതിന് മലങ്കര കത്തോലിക്കാ സഭയ്ക്ക് കഴിയണം. ആകയാൽ സഭയുടെ സാർവ്വത്രികത ആസ്വാദ്യകരവും വിലമതിക്കുന്നതുമാക്കുവാൻ ഓർത്തഡോക്സിയും പാശ്ചാത്യക്രൈസ്തവികതയും ഒന്നിച്ചു കൊണ്ടുവരികയത്രേ ഈ സഭയുടെ ലക്ഷ്യം. മററു വാക്കുകളിൽ പറഞ്ഞാൽ, ഓർത്തഡോക്സിയുടെയും സാർവ്വത്രികതയുടെയും മദ്ധ്യേ പാലമായി മലങ്കര പുനരൈക്യപ്രസ്ഥാനം നിലകൊള്ളുന്നു.

ഈ രണ്ടു വിധത്തിലുള്ളതും സമാനവുമായ ബന്ധം, അതായത് കാതോലികതയോടും പൗരസ്ത്യ പൈതൃകത്തോടുമുള്ള ബന്ധം പരിപാലിക്കുന്നതുമൂലം പരസ്പരം യഥാവിധി മനസ്സിലാക്കുവാനും അങ്ങനെ ക്രൈസ്തവൈക്യശ്രമങ്ങളും യാഥാർത്ഥ്യമാകുന്നതിനും സഹായിക്കുന്നു. ഈ രണ്ടു യാഥാർത്ഥ്യങ്ങളോടും തുല്യ വിശ്വസ്തത പുലർത്തുവാനുള്ള മലങ്കരകത്തോലിക്കാ സഭയുടെ ഈ ദ്വിവിധ വിളിയിൽ നിന്നുള്ള വ്യതിചലനം തീർച്ചയായും സഭൈക്യ ശ്രമങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിൽ സംശയമില്ല. ആകയാൽ ഈ രണ്ടു ഘടകങ്ങളോടും ആരോഗ്യപരമായ ബന്ധം പുലത്തിക്കൊണ്ട് പാശ്ചാത്യ, പൗരസ്ത്യ സഭകളെ തമ്മിൽ കൂട്ടിയിണക്കുന്ന കണ്ണിയായി വർത്തിക്കുവാനുള്ള മലങ്കര കത്തോലിക്കാസഭയുടെ പ്രത്യേകമായ വിളിക്ക് പ്രത്യുത്തരം നൽകണം.

## (a) മലങ്കര സഭാഘടകങ്ങളുടെ സംരക്ഷണം

മുൻ പ്രസ്താവിച്ച വിധത്തിലുള്ള സമന്വയ പ്രക്രിയ മലങ്കര കത്തോലിക്കാ സഭയുംപ്പെടെയുള്ള പൗരസ്ത്യ കത്തോലിക്കാ സഭകൾക്ക് യാഥാർത്ഥ്യവത്ക്കരിക്കണമെങ്കിൽ, പ്രഥമവും പ്രധാനവുമായി അവ പൂർണ്ണമായും പൗരസ്ത്യമായിരിക്കേണ്ടതുണ്ട്. ഓർത്തഡോക്സ് സഹോദരങ്ങളുമായി ബന്ധിപ്പിക്കുന്ന ഘടക യാഥാർത്ഥ്യങ്ങളെ പൂർണ്ണമായി അവർ സ്വാംശീകരിക്കുകയും സഭാജീവിതത്തിൽ അനവർത്ഥമാക്കുകയും വേണം.

malankaralibrary.com

ഐക്യ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാനുള്ള പൗരസ്ത്യ കത്തോലിക്കരുടെ ദൗത്യത്തെക്കുറിച്ച് പഠിപ്പിക്കുമ്പോൾ, അതിനുള്ള മാർഗ്ഗമായി വർത്തിക്കാൻ കൗൺസിൽ, പുരാതനമായ പൗരസ്ത്യ പാരമ്പര്യങ്ങളോട് ശ്രദ്ധാപൂർവ്വമായ വിശ്വസ്തത പുലർത്തുവാനും ഉപദേശിക്കുന്നുണ്ട് (*പൗരസ്ത്യസഭകൾ*, നമ്പർ 24). പൗരസ്ത്യ കത്തോലിക്കരും അകത്തോലിക്കരും തമ്മിൽ സഭാ പാരമ്പര്യങ്ങളിൽ വളരെയേറെ സാമ്യവും അടുപ്പവുമുണ്ടെന്നതാണിതിനു കാരണം. സഭയുടെ പ്രധാന വിശ്വാസസത്യങ്ങൾ നിർവ്വചിച്ച ആദ്യത്തെ സാർവ്വത്രിക സുനഹദോസുകളും ആരാധനാരീതികളും, കൂദാശകളും, പൗരോഹിത്യവും, ഹയാരാർക്കിയുമെല്ലാം ഓർത്തഡോക്സ് സഭകൾ അഭംഗുരം പരിരക്ഷിക്കുന്നുണ്ട്. അതുകൊണ്ടാണ്, ''വേർപെട്ട പൗരസ്ത്യ സഹോദരന്മാർ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ കത്തോലിക്കാസഭയുടെ ഐക്യത്തിലേക്കു വരുമ്പോൾ കത്തോലിക്കാ വിശ്വാസത്തിന്റെ സാമാന്യമായ പ്രഖ്യാപനത്തിൽ ആവശ്യമായതല്ലാതെ മറ്റൊന്നും അവരിൽ നിന്നും ആവശ്യപ്പെട്ടുകൂടാ'' യെന്ന് കൗൺസിൽ പഠിപ്പിക്കുന്നത് (*പൗരസ്ത്യസഭകൾ*, നമ്പർ 25).

ഈ സഭാപ്രബോധനങ്ങളുടെ വെളിച്ചത്തിൽ മലങ്കരസഭ നൂറ്റാണ്ടുകളായി രൂപപ്പെടുത്തിയെടുത്ത വ്യക്തിത്വ സവിശേഷതകൾ വിശ്വസ്തതയോടുകൂടി മലങ്കര കത്തോലിക്കാസഭ പരിരക്ഷിക്കേണ്ടിയിരിക്കുന്നു. ഏതു സ്വാധീനങ്ങൾമലങ്കരസഭയുടെ കൂടുതൽ ഭിന്നതയ്ക്കും തകർച്ചയ്ക്കും കാരണമായോ, അവയെ തന്നെ സഭയുടെ ഐക്യസംവിധാനത്തിന് മാറ്റുകൂട്ടുക എന്നതാണ് ഏറ്റവും കരണീയം. മലങ്കര സഭാസമൂഹങ്ങളിൽ ക്രിസ്തീയ ചൈതന്യത്തിന് വിരുദ്ധമായി ഇന്നും നിലവിലുള്ള നിഷേധാത്മക വശങ്ങൾക്ക് പ്രാധാന്യം നൽകാതെ സഭാത്മകമായ സഭാപൂർണ്ണതയിലേക്ക് ഉയിർത്തെഴുന്നേൽക്കുക എന്നതാണ് പുനരൈക്യ ചൈതന്യം. അങ്ങനെ മലങ്കരസഭയുടെ അസ്തിത്വം അംഗീകരിക്കുന്നതിലൂടെ മാത്രമേ പുനരൈക്യ പ്രസ്ഥാനത്തിന് ഒരു ഐഹിക സഭയെന്ന് അവകാശപ്പെടുവാൻ സാധിക്കുകയുള്ളു. മലങ്കര കത്തോലിക്കാസഭ ഒരു 'പുതിയ' സഭയാകകൊണ്ട് നേരത്തെസഭയിലിരുന്ന പാരമ്പര്യമൊന്നും പരിഗണിക്കാതെ ഒരു പുതിയ സഭാവ്യവസ്ഥിതിക്ക് രൂപം കൊടുക്കാമെന്ന് ചിന്തിക്കുന്നതു് ആത്മഹത്യാപരമായിരിക്കും. നേരേമറിച്ച് ചരിത്രപരമായി മലങ്കരസഭ ശേഖരിച്ച പാരമ്പര്യങ്ങൾക്കും സവിശേഷതകൾക്കും കൂടുതൽനിറവും മിഴിവും കൊടുക്കുവാൻ സാധിക്കുമെന്ന് പുനരൈക്യപ്രസ്ഥാനം മലങ്കരസഭയ്ക്കു കാണിച്ചുകൊടുക്കുകയാണ് വേണ്ടത്. അങ്ങനെ, ഓർത്തഡോക്സിയുടെയും അപ്പസ്തോലികവും സഭാപിതാക്കൻമാരിൽ അധിഷ്ഠിതമായ മററു പൗരസ്ത്യ സഭാപൈതൃകങ്ങളുടെയും ഘടകങ്ങൾ

malankaralibrary.com

റോമിലെ അപ്പസ്തോലിക സിംഹാസനവുമായുള്ള കൂട്ടായ്മയിലൂടെ നഷ്ടമാകയില്ലെന്നും, അവ ഉപേക്ഷിക്കേണ്ടതില്ലെന്നും മലങ്കര കത്തോലിക്കാ സഭ തെളിയിച്ചുകൊടുക്കണം.

ചുരുക്കത്തിൽ മലങ്കരകത്തോലിക്കാസഭ എല്ലാവിധത്തിലും മലങ്കര അകത്തോലിക്കാ സഹോദരങ്ങളുമായി ബന്ധപ്പെട്ടിരിക്കണം അവരുമായി യോജിപ്പിക്കുന്ന ഘടകങ്ങളെ കണ്ടറിയാനും അവ വിശ്വസ്തതയോടെ സംരക്ഷിക്കാനും അതിനു കഴിയണം. പ്രത്യേകിച്ച് മലങ്കര ഓർത്തഡോക്സ് യാക്കോബായ സഭകളുടെ സമാന്തരസഭയെന്ന നിലയിൽ യോജിപ്പിന്റെ മേഖലകൾ കണ്ടെത്താനും സഭാവ്യക്തിത്വം പൂർണ്ണമാക്കുവാനും ഓർത്തഡോക്സിയുടെ സമ്പൂർണ്ണ സംരക്ഷകരായേ മതിയാകൂ.

## (b) മലങ്കര കത്തോലിക്കാസഭയും ലത്തീൻ സമ്പ്രദായവത്ക്കരണവും

മലങ്കര കത്തോലിക്കാ സഭ ഓർത്തഡോക്സ് സഭാഘടക യാഥാർത്ഥ്യങ്ങളെ എത്രമാത്രം സഭാജീവിതത്തിൽ സ്വാംശീകരിച്ചുവെന്ന് നാം അന്വേഷിക്കുമ്പോൾ പല പൗരസ്ത്യ കത്തോലിക്കാ സഭകൾക്കും സംഭവിച്ചതുപോലെ നിരാശജനകമായ ഒരു ചിത്രമാണ് കാണുവാൻ സാധിക്കുന്നത്. മലങ്കരസഭയുടെ ഘടകങ്ങൾ സംരക്ഷിച്ചുകൊണ്ട് പാശ്ചാത്യലോകത്തിൽ ഓർത്തഡോക്സിയെ പ്രതിനിധാനം ചെയ്യേണ്ട ഈ സഭ കുറേയൊക്കെ ആ രംഗത്തിൽ മുന്നേറിയെങ്കിലും പൂർണ്ണമായി സഭാജീവിതത്തിൽ അന്വർത്ഥമാക്കുവാൻ അതിനു സാധിക്കാതെ പോയിട്ടുണ്ട്. പുനരൈക്യത്തെ തുടർന്നുണ്ടായ വാദപ്രതിവാദങ്ങളിലും പ്രബോധനങ്ങളിലുമെല്ലാം കത്തോലിക്കാ സഭയുമായുള്ള ലയനമെന്ന രീതിയിൽ മലങ്കര സഭയുടെ കാതോലിക കൂട്ടായ്മയെ ചിത്രീകരിക്കുകയും റോമൻ സഭയുടെ രീതികളുമായി കൂടുതൽ താദാത്മ്യം പ്രാപിക്കുന്നതിന് വ്യഗ്രത കാണിക്കുകയും ചെയ്തു. രണ്ടു സഭകൾ തമ്മിലുള്ള ഹൃദ്യവും ഗാഢവുമായ ആശ്ലേഷണം മാത്രമാണിവിടെ നടന്നതെന്നും മലങ്കരസഭ റോമിലെ സഭയ്ക്ക് കീഴ്പ്പെടുകയല്ല ചെയ്തത് എന്നുമുള്ള യാഥാർത്ഥ്യം വേണ്ടപോലെ മനസ്സിലാക്കുന്നതിനോ അതനുസരിച്ചു വിശദീകരിക്കുന്നതിനോ സാധിക്കാതെ പോയി. അതുപോലെ വിശ്വാസ, സൻമാർഗ വിഷയങ്ങളെക്കുറിച്ചുള്ള പ്രബോധനങ്ങളുടെ സ്വീകരണവും മാർപ്പാപ്പായുടെ പൊതു സഭാനേതൃത്വത്തിനുള്ള വിധേയത്വവുമെന്നതിനുപരി, കത്തോലിക്കാസഭയിലായിരിക്കുക എന്നതുകൊണ്ട് മററു പലതും സ്വീകരിക്കണമെന്ന ചിന്തയ്ക്ക് പ്രാധാന്യം നൽകി. തൻമൂലം 'യഥാർത്ഥ' കത്തോലിക്കരായിരിക്കുവാനായി പൗരസ്ത്യ-മലങ്കര സഭാപാരമ്പര്യങ്ങളിൽ പലതും മലങ്കര കത്തോലിക്ക സഭ ബലികഴിച്ചു എന്നതാണ് സത്യം.

malankaralibrary.com

ഭരണസംവിധാനം പൗരസ്ത്യ സഭാപാരമ്പര്യപ്രകാരമുള്ള സിനഡൽ സംവിധാനത്തോടുകൂടി അംഗീകരിച്ചു കിട്ടുന്നതിന് അഭിവന്ദ്യ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ ശ്രമിച്ചുവെങ്കിലും അതിനു സാധിക്കാതെ പാശ്ചാത്യ ഭരണസമ്പ്രദായം സ്വീകരിക്കേണ്ടിവന്നു. ആരാധനക്രമത്തിലും പലവിധ വ്യതിയാനങ്ങൾ സംഭവിക്കുകയും ലത്തീൻസഭയുടേതായ പല ഭക്താഭ്യാസങ്ങളും മലങ്കര കത്തോലിക്കാസഭയിൽ അവതരിപ്പിക്കുകയും ചെയ്തു. അങ്ങനെ ആരാധനക്രമവും ദൈവശാസ്ത്രവും തമ്മിലുള്ള ബന്ധം വേർതിരിക്കുകയും, മലങ്കരസഭയ്ക്ക് സ്വന്തമായിരുന്ന പല പ്രയോഗരീതികളും അവയുൾക്കൊള്ളുന്ന അർത്ഥവും ഉപേക്ഷിക്കുകയും ചെയ്യേണ്ടിവന്നു. അവയ്ക്കുപകരം റോമൻ കത്തോലിക്കാ സഭയുടെ ദൈവശാസ്ത്ര ചിന്തകളും, ആദ്ധ്യാത്മിക വീക്ഷണവും മററു രീതികളും സ്വീകരിക്കുകയാണ് ചെയ്തത്.

## (c) സഭാവ്യക്തിത്വ സംരക്ഷണം

മലങ്കര കത്തോലിക്കാസഭയുടെ ഇപ്രകാരമുള്ള വ്യതിയാനം അതിന്റെ പ്രത്യേക ദൗത്യത്തെ കുറെയൊക്കെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന് സൂക്ഷ്മ പഠനം വ്യക്തമാക്കുന്നു. ഓർത്തഡോക്സ് സഭയേയും അതിന്റെ സമ്പന്നമായ പാരമ്പര്യങ്ങളേയും പാശ്ചാത്യലോകത്തിൽ പ്രതിനിധാനം ചെയ്യുവാൻ അതിനു കഴിയാതെ പോകുന്നുണ്ട്. ഇപ്രകാരം മലങ്കര സഭയുടെ സവിശേഷതകൾ നഷ്ടപ്പെടുത്തുവാനോ പാശ്ചാത്യ രീതികൾ 'കത്തോലിക്ക' യെന്ന പേരിൽ അനുകരിക്കുവാനോ ശ്രമിക്കുമ്പോൾ 'റീത്തുകാർ' എന്ന വിശേഷണത്തിന് അവർ അർഹരാകുകയാണ് ചെയ്യുന്നത്. ഈ സ്ഥിതി വിശേഷം മാററിയെടുക്കേണ്ടതുണ്ട്. ആകയാൽ പാശ്ചാത്യസഭയെ അന്ധമായി അനുകരിക്കുന്നതിനും, അതിന്റെ കാർബൺകോപ്പിയായി മാറുന്നതിനുമുള്ള പ്രവണതകളിൽ നിന്ന് മലങ്കര കത്തോലിക്കാ സഭ പിൻതിരിയുകയും സഭാവ്യക്തിത്വത്തിൽ ഉറച്ചുനിൽക്കുന്നതിന് പൗരസ്ത്യ സഭാപാരമ്പര്യങ്ങളും മലങ്കര സഭാഘടകങ്ങളും സഭാജീവിതത്തിൽ സ്വാംശീകരിക്കുകയും വേണം. പാശ്ചാത്യ സഭയുടെ അരികു ചേർന്നു നിൽക്കുന്ന അടിമത്വ മനോഭാവം ഉപേക്ഷിച്ച് മലങ്കരസഭയുടെ പൊതു ജീവിതധാരയിലേക്ക് കൂടുതൽ ചൈതന്യത്തോടെ കടന്നുവരണമെന്ന് ചുരുക്കം. കാതോലിക പുനരൈക്യത്തിലൂടെ ഒരു വ്യക്തിസഭയായി നിലനിൽക്കുന്നതിനും അതിന്റെ വ്യതിരിക്ത ഭാവങ്ങളായ ദൈവശാസ്ത്രം, ആരാധനക്രമം, ആദ്ധ്യാത്മികത, ഭരണസംവിധാനം ഇവയെല്ലാം പരിരക്ഷിച്ചുകൊണ്ട് സാർവ്വത്രികസഭയിൽ വളർന്ന് വികസിക്കുവാനും മലങ്കരയിലെ പുനരൈക്യപ്രസ്ഥാനത്തിന് കഴിയണം.

malankaralibrary.com

പൗരസ്ത്യ സഭാചാരപാരമ്പര്യങ്ങളും മലങ്കര സഭാവ്യക്തിത്വവും ഇപ്രകാരം സംരക്ഷിച്ചുകൊണ്ട് തങ്ങളുടെ പ്രത്യേകമായ വിളിയിൽ മുന്നേറുവാൻ റോമിലെ പൗരസ്ത്യ തിരുസംഘം മലങ്കര കത്തോലിക്കാ സഭയെ ഉപദേശിക്കുന്നതായും കാണുന്നു. പുനരൈക്യാനന്തരം ഈ സഭയിലുണ്ടായ ലത്തീൻ സമ്പ്രദായവത്ക്കരണ പ്രവണതകളെ നിയന്ത്രിച്ച് സഭാവ്യക്തിത്വം വീണ്ടെടുക്കുവാൻ 1957-ഫെബ്രുവരി 25-ാം തീയതി മലങ്കര കത്തോലിക്കാ മെത്രാന്മാർക്കയച്ച ഒരു കത്തിലൂടെ ആവശ്യപ്പെട്ടു: ''ചില വന്ദ്യ വൈദിക മേലദ്ധ്യക്ഷന്മാരുടെ നേതൃത്വത്തിൽ മലങ്കര സുറിയാനി റീത്തിൽപ്പെട്ട വിശ്വാസികളുടെ ഗണ്യമായ ഒരു സംഘം കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ട കാലംമുതൽ ഈ റീത്ത് അന്യൂനമായി പാലിക്കപ്പെടുന്നതിന് ആവശ്യമായ വിശദാനുശാസനകൾ തിരുസിംഹാസനം ശുഷ്കാന്തിയോടുകൂടി നൽകിയിട്ടുണ്ട്. അപ്പസ്തോലിക സിംഹാസനവുമായി ഉണ്ടായ പുനരൈക്യത്തിനു ശേഷം കഴിഞ്ഞ 25 വർഷങ്ങൾക്കുള്ളിൽ ഈ റീത്തിനന്യമായ ചില ആചാര മര്യാദകൾ കടന്നുകൂടിയിട്ടുണ്ട്. ആകയാൽ ഈ റീത്തിനെ പൂർവ്വിക പവിത്രതയിലേക്ക് കൊണ്ടുവരുന്നതിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക ആവശ്യമായി തീർന്നിരിക്കുന്നു....'' (Prot No. 380/51).

വീണ്ടും 1958 മെയ് 28-ാം തീയതി അതേ തിരുസംഘം ആർച്ചുബിഷപ്പ് ബെനഡിക്ട് മാർ ഗ്രിഗോറിയോസിനെഴുതിയ കത്തിൽ പറയുന്നു: ''എല്ലാററിലുമുപരി, വെറും ഊഹാപോഹങ്ങൾ ആസ്പദമാക്കി, യഥാർത്ഥ റീത്തിനന്യമായ മാററങ്ങൾ മലങ്കരയിൽ വരുത്തുവാൻ അനുവദിച്ചാൽ മലങ്കര ഓർത്തഡോക്സുകാരുടെ പുച്ഛത്തിനു പാത്രമാകുന്ന ഒരു സങ്കര റീത്തായി അതു തീരും. പൗരസ്ത്യ സഭകളെപ്പററിയുള്ള പ്രബോധനത്തിന് പ്രത്യക്ഷത്തിൽ അത് എതിരാകുകയും ചെയ്യും'' (Prot No.380/52).

ആകയാൽ മലങ്കര കത്തോലിക്കാസഭയുടെ പ്രത്യേകമായ വിളി പൂർണ്ണമാക്കുവാൻ അതിന്റെ വ്യക്തിത്വവും തനിമയും സംരക്ഷിച്ചുകൊണ്ട് മുന്നേറേണ്ടിയിരിക്കുന്നു. കത്തോലിക്കാ സഭയും ലത്തീൻസഭയും ഒന്നാണെന്ന തെററിധാരണ നീക്കുവാനും, സഭൈക്യത്തിലൂടെ തങ്ങളുടെ പാരമ്പര്യങ്ങൾ നഷ്ടപ്പെടുകയില്ലെന്ന് മററു സഭകളെ ബോദ്ധ്യപ്പെടുത്തുവാനും ഈ ശ്രമം അനുപേക്ഷണീയമത്രേ. അപ്പോൾ മാത്രമേ ഓർത്തഡോക്സിയേയും സാർവ്വത്രികതയേയും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയായി, പാലമായി വർത്തിക്കുവാൻ മലങ്കര കത്തോലിക്കാ സഭയ്ക്കു കഴിയൂ.

malankaralibrary.com

അദ്ധ്യായം 8

# ആരാധനക്രമ വ്യക്തിത്വം

ആരാധനക്രമം അഥവാ ലിററർജി എന്ന പദം ഗ്രീക്കുഭാഷയിലെ 'ലെത്തൂർഗിയ' എന്ന വാക്കിൽനിന്നും ഉത്ഭവിച്ചതാണ്. ജനങ്ങൾ പങ്കെടുക്കുന്ന പൊതുവായ ചടങ്ങ് എന്ന് ഇതിനു അർത്ഥം നൽകാം. ആദ്യം മതപരവും രാഷ്ട്രീയവും സാംസ്ക്കാരികവും കലാപരവുമായ ഏതൊരു പൊതുകർമ്മത്തിനും ഈ പദം ഉപയോഗിച്ചിരുന്നു.. എങ്കിലും ഇന്ന് ജനങ്ങളെ സംബന്ധിച്ച ശുശ്രൂഷ, സഭയുടെ ഔദ്യോഗിക കർമ്മാനുഷ്ഠാനങ്ങൾ, സമൂഹം നടത്തുന്ന ആരാധന എന്നീ അർത്ഥങ്ങളിലെല്ലാം ഉപയോഗിക്കുന്നു. സഭയുടെ പവിത്രീകരണത്തിൻെറയും ദൈവാരാധനയുടെയും ഫലദായകവും ഇന്ദ്രിയ ഗോചരവുമായ അടയാളങ്ങളുടെ സമന്വയ സമാഹാരമാണ് ലിററർജി അഥവാ ആരാധനക്രമം എന്ന് കുറേക്കൂടി വ്യക്തമായ അർത്ഥത്തിൽ പറയാം. ഏക ശരീരം എന്ന വിധത്തിൽ പവിത്രാത്മാവിൻെറ സാന്നിദ്ധ്യത്തിൽ പുരോഹിതനും അവളുടെ ശിരസ്സുമായ മിശിഹായോട് തിരുസഭ സ്വയം യോജിച്ചുകൊണ്ട് മിശിഹാവഴി പിതാവായ ദൈവത്തിനു നൽകുന്ന ആരാധനയാണ് ലിററർജി എന്ന് വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു (*ആരാധനക്രമം*, നമ്പർ 7).

ആകയാൽ ആരാധനക്രമം സഭയെ സംബന്ധിച്ചിടത്തോളം ഏററവും സുപ്രധാനമായ ഒരു ഘടകമത്രേ. വ്യക്തിസഭകളുടെ മൗലികവും നിർണ്ണായകവുമായ അംശങ്ങളിലൊന്നായി ആരാധനക്രമം പരിഗണിക്കുന്നതും അതുകൊണ്ടാണ്. വ്യതിരിക്ത ഭാവ വിശേഷങ്ങൾ ഉൾക്കൊള്ളുന്നതും സാർവ്വത്രികസഭയുടെ പൊതുസമ്പത്തുമായ ഈ ആരാധനക്രമങ്ങൾ ഓരോ വ്യക്തിസഭയും പരിരക്ഷിക്കുകയും സഭാജീവിതത്തിൽ അന്വർത്ഥമാക്കുകയും വേണം. ഇപ്രകാരം ആരാധനക്രമവ്യക്തിത്വം ഓരോ സഭയും സംരക്ഷിക്കേണ്ടതിൻെറ അടിസ്ഥാന കാരണങ്ങളും മലങ്കര കത്തോലിക്കാ സഭയുടെ ആരാധനക്രമസവിശേഷതകൾ എങ്ങനെ സംരക്ഷിക്കണമെന്നതിനെക്കുറിച്ചും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

## 1 പൗരസ്ത്യസഭകളും ആരാധനക്രമവും

### (a) വിശ്വാസജീവിതം ആരാധനക്രമത്തിലൂടെ

പൗരസ്ത്യ ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം അവരുടെ സഭാത്മക ജീവിതത്തിൻെറ കേന്ദ്രം ആരാധനക്രമമാണ്.

malankaralibrary.com

എന്തെന്നാൽ അതു ഭൂമിയിൽ എല്ലാ ക്രിസ്തീയ ഉദ്യമങ്ങളുടേയും പ്രവഭസ്ഥാനവും പ്രഫുല്ല സ്ഥിതിയുമാകുന്നു (*ആരാധനക്രമം*, നമ്പർ 10). ചരിത്രത്തിൽ ഒരിക്കൽ നടന്ന മുക്തിദായകങ്ങളായ ക്രിസ്തുസംഭവങ്ങൾ സഭയിൽ കൗദാശികമായി നിത്യവും തുടരുന്നത് ആരാധനക്രമാനുഷ്ഠാനങ്ങളിലൂടെയാണ്. അതിനാൽ മനുഷ്യരക്ഷയ്ക്കുവേണ്ടിയുള്ള രക്ഷാകര പ്രവർത്തനങ്ങളുടെ തുടർച്ചയായ ലിററർജിയെ കേന്ദ്രമാക്കിയാണ് സഭാത്മക ജീവിതം രൂപം കൊള്ളുന്നത്.

സഭയുടെ വിശ്വാസത്തിന്റെ മഹത്തായ പ്രകാശനമാണ് ലിററർജി. യഥാർത്ഥത്തിൽ അത് വിശ്വാസത്തിന്റെ ആഘോഷമായ പ്രഖ്യാപനവും സഭയുടെ ആന്തരീക ജീവിതത്തിന്റെ പ്രത്യക്ഷീകരണവുമാണ്. വിശ്വസിക്കുന്ന സമൂഹത്തിന്റെ തനതായ വിശ്വാസരീതിയെ ഓരോ ആരാധനക്രമവും വ്യക്തമാക്കുന്നു. അങ്ങനെ ഓരോ സഭാസമൂഹവും തങ്ങൾക്കു സ്വന്തമായ ആരാധനക്രമങ്ങളിലൂടെയും സഭയുടെ വിശ്വാസ സത്യങ്ങൾ പ്രഘോഷിക്കുകയും അവയുടെ അനുഷ്ഠാനത്തിലൂടെ ആ വിശ്വാസം ജീവിക്കുകയും ചെയ്യുന്നു. അനുദിന പ്രാർത്ഥനയിലൂടെയും കർമ്മാനുഷ്ഠാനങ്ങളിലൂടെയും ഇപ്രകാരം തങ്ങളുടെ വിശ്വാസം പ്രകടമാക്കുകയും അവ സഭാ ജീവിതത്തിൽ ഉറപ്പിക്കുകയും ചെയ്യുന്നതുകൊണ്ടാണ് ''ആരാധനയുടെ നിയമം, വിശ്വാസത്തിന്റെ നിയമം'' എന്ന ദൈവശാസ്ത്രതത്വം തന്നെ രൂപം കൊണ്ടത്. ഈ അർത്ഥത്തിൽ ഒരു സഭയുടെ ആരാധനക്രമം മാററുകയെന്നുപറഞ്ഞാൽ ആ സഭയെത്തന്നെ മാററുന്നു അല്ലെങ്കിൽ നശിപ്പിക്കുന്നു എന്നാണ് അതിന്റെ അർത്ഥം. അത്രമാത്രം അടിസ്ഥാനപരമായ പ്രാധാന്യമാണ് ആരാധനക്രമത്തിനുള്ളത്.

ദൈവത്തെ ആരാധിക്കുന്ന ക്രൈസ്തവസമൂഹത്തിൽ ക്രിസ്തുസംഭവത്തിന്റെ അനുഭവമാണ് ആരാധനക്രമം. പൗരസ്ത്യ ആരാധനക്രമങ്ങളിൽ വിശ്വാസികൾ തങ്ങളുടെ വിശ്വാസത്തിന്റെ അന്തസത്ത മുഴുവനും-പ്രത്യേകിച്ച് ക്രിസ്തുരഹസ്യവും ക്രിസ്തുവിനോടുള്ള മൗതികമായ ഐക്യവും-അനുഭവിച്ചറിയുന്നു. തൻമൂലം പാശ്ചാത്യസഭയിൽ തിരുകർമ്മാനുഷ്ഠാനങ്ങളിലെ ഭാഗഭാഗിത്വം ഒരു കടമയായി (obligation) പരിഗണിക്കുമ്പോൾ, പൗരസ്ത്യ സഭകൾ ദൈവിക രഹസ്യങ്ങളിലുള്ള സഭാംഗങ്ങളുടെ പങ്കുചേരൽ, ദൈവാനുഭൂതി ലഭിക്കുവാനുള്ള അവസരമായും ദിവ്യരഹസ്യങ്ങൾ ആഘോഷിക്കുന്നതിനുള്ള സന്ദർഭവുമായിട്ടാണ് കാണുന്നത്. അതുകൊണ്ട് പൗരസ്ത്യ തിരുകർമ്മാനുഷ്ഠാനങ്ങൾക്കു വേണ്ടിവരുന്ന ദീർഘമായ സമയം അവർക്കൊരു പ്രശ്നമേയല്ല.

malankaralibrary.com

## (b) ആരാധനക്രമ ആദ്ധ്യാത്മികത

പൗരസ്ത്യരുടെ ആദ്ധ്യാത്മികതയുടെ കാതൽ നാം കാണുന്നത് അവരുടെ ആരാധനക്രമത്തിലത്രെ. കാരണം ദൈവിക രഹസ്യങ്ങൾ പ്രഘോഷിക്കുവാനും ദൈവാനുഭവം ത്വരിതപ്പെടുത്തുവാനും ഏററവും ശക്തമായ ഉപാധിയായി ആരാധനക്രമം അവർ കരുതിപ്പോരുന്നു. ആരാധനയ്ക്കുള്ള സമ്മേളനങ്ങളിൽ ഒരാൾ യഥാർത്ഥത്തിൽ പങ്കുകൊള്ളുകയും അതേപ്പററി കൂടുതൽ അവഗാഹം നേടുകയും ചെയ്യുന്നു. ദൈവാലയത്തിൽ നിന്നു പുറത്തുവന്നശേഷം ആരാധനാവേളയിൽ ശ്രവിച്ചവയും അനുഭവിച്ചവയും ജീവിതത്തിൽ പകർത്തുകയും അങ്ങനെ സഭാത്മക ജീവിതത്തിന് മാററു കൂട്ടുകയും ചെയ്യുന്നു. ഇത് സഭയുടെ ആരാധനക്രമ ആദ്ധ്യാത്മികതയാണ്.

ഇപ്രകാരമുള്ള ആദ്ധ്യാത്മികതയുടെ രൂപീകരണത്തിന് സഭ അംഗീകരിക്കുന്ന മററു പ്രാർത്ഥനകളേക്കാൾ ഔദ്യോഗിക പ്രാർത്ഥനകൾക്കും അനുഷ്ഠാനങ്ങൾക്കും പ്രത്യേക സ്ഥാനം ഉണ്ട്. മററു ഭക്താനുഷ്ഠാനങ്ങൾ ഔദ്യോഗിക ആരാധനക്രമത്തോടും പ്രാർത്ഥനകളോടും പൊരുത്തപ്പെട്ടവയും ചേർച്ചയുള്ളവയുമായിരിക്കണമെന്നതാണ് സഭയുടെ നിർദ്ദേശം. (*ആരാധനക്രമം*, നമ്പർ 13). മററു വാക്കുകളിൽ സഭയുടെ പരസ്യാരാധനയേയും കൂദാശാകർമ്മങ്ങളേയും വിശ്വാസികളുടെ തനതായ ആദ്ധ്യാത്മിക പാരമ്പര്യങ്ങളുമായി സംയോജിപ്പിക്കുവാൻ കഴിയുന്നതിലാണ് സഭയുടെ ഈ ആദ്ധ്യത്മികതയുടെ കാര്യക്ഷമതയും പ്രത്യേക സ്വഭാവവും കുടികൊള്ളുന്നത്.

ആകയാൽ ഓരോ സഭയുടെയും പ്രത്യേകമായ ആരാധനക്രമം ആ സഭയുടെ സ്വന്തമായ ആദ്ധ്യാത്മികതയുടെ ആകെത്തുകയാണെന്നുപറയാം. ഈ അർത്ഥത്തിൽ വ്യക്തിസഭകളുടെ രണ്ടു നിർണ്ണായക ഘടകങ്ങളായ ആരാധനക്രമവും ആദ്ധ്യാത്മികതയും പരസ്പരപൂരകങ്ങളും അഭേദ്യബന്ധത്തിലധിഷ്ഠിതവുമാണ്. തൻമൂലം ആരാധനക്രമത്തിൻെറ ശുഷ്ക്കതയും ആരാധനക്രമ ചൈതന്യത്തിൽനിന്നും വേറിട്ടുള്ള ഭക്താഭ്യാസങ്ങളും വ്യക്തിസഭകളുടെ ആദ്ധ്യാത്മികത തന്നെ ശുഷ്ക്കമാക്കുമെന്നതിൽ സംശയമില്ല. പൗരസ്ത്യ ആദ്ധ്യാത്മികതയുടെ സ്രോതസ്സായി നിലകൊള്ളുന്ന ആരാധനക്രമം തത്ക്കാരണങ്ങളാൽ പൂർണ്ണമായി പരിരക്ഷിക്കുകയും സഭാത്മക വളർച്ച ഉറപ്പുവരുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു.

## (c) ആരാധനക്രമ ദൈവശാസ്ത്രം

പൗരസ്ത്യരുടെ മതാത്മക സമീപനം മൗലികമായി ആരാധനക്രമത്തിൻെറ സമീപനമാണെന്ന് പറയാം. ദൈവാരാധനയുടെ

malankaralibrary.com

പശ്ചാത്തലത്തിലാണ് അവർ ദൈവശാസ്ത്രത്തെ മനസ്സിലാക്കുക. പൗരസ്ത്യ ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ആരാധനക്രമത്തിൽ നിന്നു വികാസം പ്രാപിക്കുന്നതാണ് ദൈവശാസ്ത്രവും മററു വിശ്വാസസത്യങ്ങളും. പ്രാചീന സഭാപിതാക്കൻമാർ രചിച്ച സഭയുടെ ദൈവശാസ്ത്രപഠനങ്ങളാണ് ആരാധനക്രമ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളുന്നത്. എങ്കിലും ആരാധനക്രമത്തിൽ ക്രിസ്തീയ വിശ്വാസസത്യങ്ങളുടെ വ്യവസ്ഥാപിതമായ ഒരു അവതരണവും ദൈവശാസ്ത്ര നിർവ്വചനങ്ങളും നമുക്ക് പ്രതീക്ഷിക്കുവാൻ സാധിക്കുകയില്ല.

ഇപ്രകാരം ആരാധനക്രമത്തിൽ നിന്നും ദൈവശാസ്ത്രതത്വങ്ങൾ ഉരുത്തുരിയുന്നതിനാൽ വ്യത്യസ്ത ആരാധനക്രമമുള്ളിടത്ത് വ്യത്യസ്ത ദൈവശാസ്ത്രവും സ്വാഭാവികമായി രൂപം കൊളളും. അങ്ങനെ ഒരു സഭയുടെ ദൈവശാസ്ത്രം മററു സഭകളുടെ വിശ്വാസ പ്രകാശന രീതിയിൽ നിന്നും വ്യത്യസ്തമായിരിക്കും. ആകെയാൽ ഒരു സഭയുടെ ആത്മാവിഷ്ക്കാരത്തിൻെറ മികച്ച രൂപമായി ആരാധനക്രമം നിലകൊള്ളുന്നു. ഈ അർത്ഥത്തിൽ ആരാധനക്രമത്തിന് ആദ്ധ്യാത്മികതയോടുമാത്രമല്ല ദൈവശാസ്ത്രത്തോടും അഭേദ്യബന്ധമുണ്ടെന്നും വിശ്വസിക്കുന്നു.

പൗരസ്ത്യ സഭകളുടെ ദൈവശാസ്ത്രവും വിശ്വാസസത്യങ്ങളും ആരാധനക്രമത്തിൽനിന്നും രൂപം പ്രാപിക്കുന്നതിനാൽ അവ യഥാവിധി മനസിലാക്കുന്നതിനും സഭാജീവിതത്തിൽ അനവർത്ഥമാക്കുന്നതിനും ആരാധനക്രമത്തിൻെറ ദൈവശാസ്ത്രം വികസിപ്പിച്ചെടുക്കേണ്ടിയിരിക്കുന്നു. സഭയിലെ ആരാധനക്രമ പാരമ്പര്യങ്ങൾക്കും ആരാധനസംബന്ധമായ അനുഷ്ഠാനങ്ങൾക്കും ദൈവശാസ്ത്രപരമായ അടിസ്ഥാനം കണ്ടെത്തുക എന്നതാണ് ആരാധനക്രമ ദൈവശാസ്ത്രം കൊണ്ട് ഉദ്ദേശിക്കുക. വേദപുസ്തകാധിഷ്ഠിതവും പ്രതീകാത്മകത നിറഞ്ഞതുമായ പൗരസ്ത്യ ആരാധനക്രമങ്ങൾ യഥാവിധി മനസിലാക്കുവാൻ അവയെ ആസ്പദമാക്കിയുള്ള വ്യാഖ്യാനങ്ങളും പഠനങ്ങളും ഉണ്ടായേ തീരൂ. അതുപോലെതന്നെ ആരാധനക്രമ കർമ്മവിധികൾ, പ്രാർത്ഥനാമൊഴികൾ എന്നിവയുടെയെല്ലാം ആന്തരികാർത്ഥം യഥാവിധി മനസിലാക്കേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ അവ ആരാധകന് അനുഭവവേദ്യമാകുകയും സജീവമായി ആരാധനയിൽ സംബന്ധിക്കുന്നതിന് സാധിക്കുകയുമുള്ളൂ.

## 2 മലങ്കരസഭയ്ക്കന്യമായ ഘടകങ്ങളുടെ സ്വീകരണം

ചരിത്ര ഗതിവിഗതികളിലൂടെ മലങ്കരസഭയിൽ സ്ഥായീഭാവം സിദ്ധിച്ച ആരാധനക്രമ പാരമ്പര്യങ്ങൾ അന്യൂനം സംര

malankaralibrary.com

ക്ഷിച്ചുകൊണ്ടുള്ള ഒരു സാർവ്വത്രിക സഭാസംസർഗത്തിനാണ് മാർ ഈവാനിയോസിന്റെ നേതൃത്വത്തിൽ ശ്രമം നടന്നതെന്ന് നാം ആദ്യഭാഗത്ത് കാണുകയുണ്ടായി. കാര്യമായ യാതൊരു വ്യത്യാസവും കൂടാതെതന്നെ അവ തുടന്ന് ഉപയോഗിക്കുന്നതിന് പുനരൈക്യ പരിശ്രമങ്ങളെക്കുറിച്ചുള്ള അന്വേഷണാന്ത്യത്തിൽ റോമിൽ നിന്ന് മറുപടിയും ലഭിച്ചു. എന്നാൽ പുനരൈക്യാനന്തരം മുഖ്യമായും ''ലത്തീനായിരിക്കുന്ന'' കത്തോലിക്കാസഭയുടെ ആചാരമര്യാദകളും ഭക്താഭ്യാസങ്ങളും പ്രയോഗരീതികളും ക്രമേണ സ്വീകരിക്കുവാൻ തുടങ്ങി. ഇപ്രകാരം ലത്തീൻസഭയിൽ നിന്നു ചിലതെല്ലാം നേരിട്ടു സ്വീകരിച്ചുവെങ്കിലും പ്രധാനമായും സീറോ-മലബാർ സഭ മുഖേനയാണ് ഈ റീത്തിനന്യമായ പല ആരാധനക്രമ പാരമ്പര്യങ്ങളും മലങ്കരസഭയിലേക്ക് കടന്നുവന്നത്. വൈദികപരിശീലനത്തിനും സഭാശുശ്രൂഷയ്ക്കുമായി മുന്നോട്ടുവന്ന സീറോ-മലബാർ വൈദികർ നൂററാണ്ടുകളായി ലത്തിനീകരണത്തിലൂടെ തങ്ങൾക്കു ലഭിച്ചതും സ്ഥിര പരിചിതവുമായ ആരാധനക്രമ പാരമ്പര്യങ്ങളിൽ ചിലതെല്ലാം മലങ്കരസഭയിൽ അവതരിപ്പിച്ചു. ''യഥാർത്ഥ കത്തോലിക്ക'' രാകുന്നതിനുള്ള മാർഗമായി മലങ്കര കത്തോലിക്കാ സഭാംഗങ്ങളും അവയെ സ്വാഗതം ചെയ്യുകയുണ്ടായി.

ക്രമാനുഗതമായി ഈ ലത്തീൻ സമ്പ്രദായവത്ക്കരണ രീതികൾ പ്രബലപ്പെടുകയും അതിനെ നിരുത്സാഹപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ചിലർ റോമിലേക്ക് പരാതികൾ അയയ്ക്കുകയും ചെയ്തു. വിശദമായ പഠനങ്ങൾക്കുശേഷം റോമിലെ പൗരസ്ത്യ തിരുസംഘം റീത്തിനന്യമായി സ്വീകരിച്ചിരിക്കുന്ന ഭക്താഭ്യാസങ്ങളും ആചാരരീതികളും ഉപേക്ഷിച്ച് മലങ്കര ആരാധനക്രമ സവിശേഷതകളും ആചാരാനുഷ്ഠാനങ്ങളും അന്യൂനം സംരക്ഷിക്കുന്നതിന് വ്യക്തവും വിലപ്പെട്ടതുമായ നിർദ്ദേശങ്ങൾ നൽകുകയുണ്ടായി (Prot No.380/51). ''പുനരൈക്യപ്രസ്ഥാനത്തിന്റെ സുസ്ഥിതിയെ മുൻനിർത്തി'' പൗരസ്ത്യ തിരുസംഘത്തിന്റെ ഈ അനുശാസനങ്ങൾ കൃത്യമായി പാലിക്കണമെന്ന് മലങ്കര കത്തോലിക്കാ സഭാദ്ധ്യക്ഷൻമാർ ഒരു സംയുക്ത ഇടയലേഖനത്തിലൂടെ സഭാംഗങ്ങളെ ഉദ്ബോധിപ്പിക്കുകയും ചെയ്തു (13-5-1957- ൽ പുറപ്പെടുവിച്ച സംയുക്ത ഇടയ ലേഖനം).

എന്നാൽ ഈ അനുശാസനങ്ങൾ വേണ്ടപോലെ ശ്രദ്ധിക്കുകയോ സഭാജീവിതത്തിൽ അനുവർത്ഥമാക്കുകയോ ചെയ്തിട്ടില്ലെന്ന് വസ്തുനിഷ്ഠമായി നിരീക്ഷിക്കുകയും പഠിക്കുകയും ചെയ്യുന്ന ഏതൊരാൾക്കും മനസ്സിലാകും. മലങ്കര ആരാധനാ പാരമ്പര്യത്തിനു ചേരാത്ത പല ഭക്താഭ്യാസങ്ങളും ആചാര രീതികളും തുടരുകയും

malankaralibrary.com

ചിലതെല്ലാം കൂട്ടിച്ചേർക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ജപമാല, കുരിശിൻെറ വഴി, നോവേനകൾ തുടങ്ങിയ ഭക്താഭ്യാസങ്ങൾ ചിലപ്പോഴൊക്കെ പൊതു ആരാധനാധാരയിൽ നിന്നും വ്യതിചലിച്ച് അവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകി അനുഷ്ഠിക്കുന്ന സ്ഥിതിവിശേഷം ഉള്ളതായിക്കാണുന്നു. ഇവയിൽ നോവേനകൾ കൂടുതലായി മലങ്കര കത്തോലിക്കാ ഇടവകകളിലേക്ക് വ്യാപിക്കുകയും പലപ്പോഴും വി. കുർബ്ബാനയേക്കാൾ പ്രാധാന്യം നൽകുകയും ചെയ്യുന്ന പ്രവണത വളരുകയും ചെയ്തുകൊണ്ടിരിക്കുന്നു. മലങ്കര ആരാധനക്രമ പ്രകാരമുള്ള ദുഃഖവെള്ളിയാഴ്ച ശുശ്രൂഷകൾ മുഴുവനും കർത്താവിൻെറ വിസ്താരം, പീഡാനുഭവം, കബറടക്കം തുടങ്ങിയ സംഭവങ്ങൾ ക്രമാനുഗതമായി അനുസ്മരിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുന്നതുകൊണ്ട് സ്ലീബാപാത അഥവാ കുരിശിൻെറ വഴി ആരാധനക്രമ ചൈതന്യവുമായി ഒത്തുപോകുന്നതല്ല. അതുപോലെ വി. കുർബ്ബാനയുടെ പരസ്യാരാധനയ്ക്കു കൂടുതലായി നൽകുന്ന പ്രാധാന്യവും പൗരസ്ത്യ പാരമ്പര്യത്തിനു ചേർന്നതല്ല.

ഞായറാഴ്ചകളിലും പെരുനാൾ ദിവസങ്ങളിലും വി. കുർബ്ബാനയ്ക്കു മുൻപ് ആഘോഷമായി നടത്തുന്ന യാമപ്രാർത്ഥനകളുടെ സ്ഥാനത്ത് മററു ഭക്താഭ്യാസങ്ങൾ നടത്തുന്ന പ്രവണതയും വളരെ ചുരുക്കമായുണ്ട്. അതുപോലെ പൗരസ്ത്യ പാരമ്പര്യപ്രകാരം ഉയിർപ്പുപെരുനാൾ കഴിഞ്ഞാൽ ഏററവും പ്രധാനപ്പെട്ട തിരുനാളായ ദനഹ (ജനുവരി 6) പല ദേവാലയങ്ങളിലും വേണ്ട പ്രാധാന്യത്തോടെ നടത്താതിരിക്കുകയോ മിക്കവാറും സ്ഥലങ്ങളിൽ ഉപേക്ഷിക്കുകയോ ചെയ്യുന്ന പതിവാണുള്ളത്. കിഴക്കൻ സഭകളുടെ ആരാധനക്രമത്തിൽ വളരെ സവിശേഷതയുള്ളതും പ്രാധാന്യം അർഹിക്കുന്നതുമായ മറുരൂപപ്പെരുനാൾ (ഓഗസ്റ്റ് 6), സ്ലീബാ പെരുനാൾ (സെപ്ററംബർ 14) എന്നിവയുടെ പ്രാധാന്യവും ആരാധനക്രമത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. കേരളത്തിലെ ഓർത്തഡോക്സ്-യക്കോബായ സഭകളിൽ അവ മാറാനായ പെരുനാളുകളായി പ്രത്യേകം ആഘോഷിക്കുന്നുണ്ട്. വചനിപ്പിൻെറ ഞായറാഴ്ചകളിൽ (സുബോറോ കാലം) രണ്ടാം ഞായറാഴ്ച മലങ്കര ആരാധനക്രമ ചൈതന്യമനുസരിച്ച് ദൈവമാതാവിനോടുള്ള വചനിപ്പു ഞായറാഴ്ചയാണ്. ലത്തീൻ ക്രമപ്രകാരമുള്ള ക്രിസ്തുവിൻെറ രാജത്വതിരുനാളും ഇതേ ദിവസമാണ് ആചരിക്കുന്നത്. എന്നാൽ രാജത്വതിരുനാളിനാണ് മലങ്കര കത്തോലിക്കാ സഭയിലെ പല സ്ഥലങ്ങളിലും പ്രാധാന്യം കല്പിച്ചു കാണുന്നത്.

മലങ്കര ആരാധനക്രമ ചൈതന്യത്തിനു നിരക്കാത്ത മറെറാരു അനുഷ്ഠാനമാണ് മുൻകൂട്ടി വാഴ്ത്തിയ മാമോദീസാ ജലം ഉപയോ

malankaralibrary.com

ഗിച്ച് ചില സ്ഥലങ്ങളിൽ ജ്ഞാനസ്നാനകർമ്മം നടത്തുന്ന പതിവ്. വളരെയധികം പ്രതീകാത്മകത്വവും ദൈവശാസ്ത്ര സമ്പത്തും ഉൾകൊള്ളുന്ന മലങ്കര മാമോദീസാക്രമം വി. കുർബ്ബാനയിലെ അനാഫോറയുടെ ഘടനയിലാണ് രൂപീകരിച്ചിട്ടുള്ളത്. ജ്ഞാനസ്നാനത്തോടുകൂടി മൂറോനഭിഷേകവും വി. കുർബ്ബാനയും കൊടുക്കുന്ന പൊതു മലങ്കര പാരമ്പര്യത്തിൽ നിന്നു വ്യത്യസ്തമായി മിക്കവാറും സ്ഥലങ്ങളിൽ വി. കുർബ്ബാന കൊടുക്കുന്ന പതിവ് ഉപേക്ഷിച്ചിരിക്കുന്നു. അതുപോലെതന്നെ വി. കുർബ്ബാനയപ്പത്തിന്റെ (ബുകറോ) സ്ഥാനത്ത് ലത്തീൻ ക്രമപ്രകാരമുള്ള ഓസ്തിയുടെ സ്വീകരണവും ഈ രീതിക്കു ചേർന്നതല്ല.

പൗരസ്ത്യ തിരുസംഘത്തിന്റെ വ്യക്തമായ നിർദ്ദേശമുണ്ടായിട്ടും ഇന്നും മലങ്കര കത്തോലിക്കാ സഭയിൽ തുടർന്നുകൊണ്ടിരിക്കുന്ന മറ്റൊന്നാണ് തിരുസ്വരൂപങ്ങളുടെ (Statues) ഉപയോഗം. ദേവാലയങ്ങളിലേക്കാൾ കുരിശടികളിലാണ് കൂടുതലായി പ്രതിമകളുടെ ഉപയോഗം കാണുന്നത്. ക്രൂശിതരൂപമില്ലാത്തതോ ഉയിർത്തെഴുന്നേററ ക്രിസ്തുവിനെ പശ്ചാത്തലമാക്കിയോ, ആയ കുരിശുകളാണ് പൗരസ്ത്യ-മലങ്കര സഭാ പാരമ്പര്യപ്രകാരം ഉപയോഗിക്കാറ്. ഇതിനും അപവാദമായി പല സ്ഥലങ്ങളിലും ക്രൂശിതരൂപങ്ങൾ ദൈവാലയത്തിൽ പ്രതിഷ്ഠിച്ചിട്ടുണ്ട്. തികച്ചും ലത്തീൻ സമ്പ്രദായത്തിൽപ്പെട്ട ഗ്രോട്ടോയുടെ ഉപയോഗവും മലങ്കര കത്തോലിക്കാ സഭയിൽ പ്രോത്സാഹിപ്പിക്കുന്നതിന് ഉദാഹരണങ്ങൾ കണ്ടെത്താനാകും.

മലങ്കര സഭയിൽ പൊതുവിൽ നിലവിലുള്ള അർത്ഥവത്തായ പല പദപ്രയോഗങ്ങളും അവ ഉൾക്കൊള്ളുന്ന അർത്ഥവ്യാപ്തിയുടെ ബാഷ്പീകരണവും മലങ്കര കത്തോലിക്കാ സഭയ്ക്കു സംഭവിച്ച മറ്റൊരു വൈതരണിയാണ്. ഓർത്തഡോക്സ്-യാക്കോബായ സഭകൾ തങ്ങളുടെ പിതാക്കൻമാരുടെ അനുസ്മരണ 'ഓർമ്മപ്പെരുനാളു'കളായി ആഘോഷിക്കുമ്പോൾ മലങ്കര കത്തോലിക്കാസഭയ്ക്ക് അതു വെറും 'ചരമവാർഷിക'മാണ്. രോഗിലേപനത്തെ വാക്കിലും പ്രയോഗത്തിലും 'അന്ത്യകൂദാശ'യായി ചിത്രീകരിക്കുന്ന രീതിക്ക് അന്ത്യം കുറിച്ചിട്ടില്ല.

## 3 ആരാധനക്രമ വ്യക്തിത്വ സംരക്ഷണം

ഇപ്രകാരമുള്ള അന്ധമായ ആരാധനക്രമ അനുകരണങ്ങളും മലങ്കരരീതിക്കന്യമായ ഘടകങ്ങളുടെ സ്വീകരണവും അവയ്ക്കു നൽകുന്ന അമിത പ്രാധാന്യവും മലങ്കര രീതിക്കനുഗുണമായ ഘടകങ്ങളുടെ ഉപേക്ഷയും മലങ്കര കത്തോലിക്കാ സഭയുടെ

malankaralibrary.com

വ്യക്തിത്വത്തെ സാരമായി ബാധിക്കുന്നുണ്ടെന്നാണ് സത്യം. ലിററർജി കേന്ദ്രീകൃതമായ ഒരു പൗരസ്ത്യ സഭയെന്ന നിലയിൽ മലങ്കര കത്തോലിക്കാ സഭയുടെ ഭാവി ഭാസുരമാക്കുന്നതിനും സഭാജീവിതം ചൈതന്യവത്താക്കുന്നതിനും അതിൻേറതായ ആരാധനക്രമ സവിശേഷതകൾ സംരക്ഷിക്കുന്നതിനും അവ സഭാമക്കൾക്കു അനുഭവവേദ്യമാക്കുന്നതിനും പ്രായോഗിക മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു, അതിനു പ്രഥമമായി മലങ്കര ആരാധനക്രമ തനിമ കണ്ടെത്തുകയും അതിൻെറ വ്യതിരിക്ത ഘടകങ്ങൾ ദൈവശാസ്ത്രപരമായ പഠനത്തിനു വിധേയമാക്കുകയുമാണ് വേണ്ടത്. ഇപ്രകാരമുള്ള പഠനത്തിൻെറ വെളിച്ചത്തിൽ ആരാധനക്രമം പഠിക്കുമ്പോഴാണ് അതിലുള്ള പ്രാർത്ഥനകളുടേയും കർമ്മങ്ങളുടേയും മഹിമ വ്യക്തമാക്കുകയും അതോടുകൂടി ആരാധനക്രമത്തിൽ കടന്നുകൂടിയിട്ടുള്ള ചില വ്യതിയാനങ്ങൾ മനസ്സിലാക്കുകയും ചെയ്യുന്നത്.

എന്നാൽ ഈ ആരാധനക്രമ ദൈവശാസ്ത്രം വളർത്തിയെടുക്കുന്നതിന് കാര്യമായ യാതൊരു ശ്രമവും ഇന്നു മലങ്കര കത്തോലിക്കാസഭയിൽ നടക്കുന്നില്ല. ലിററർജി പഠനം ഇന്നും ആരാധനക്രമ ആചാരവിധികളുടെ (rubrics) പഠനമായി മലങ്കരസഭയിൽ നിലനിൽക്കുകയാണ്. ദൈവശാസ്ത്രസമ്പത്ത്, പ്രതീകാത്മകത്വം, വേദപുസ്തകാധിഷ്ഠിതത്വം, നിഗൂഢാത്മക പ്രകൃതി, ആരാധനയിലൂടെ പ്രബോധനം, ആരാധനക്രമവത്സരത്തിൻെറ ആകർഷണീയത മുതലായവയാൽ സമ്പന്നമായ ഒരു ആരാധനക്രമമാണ് മലങ്കര സഭയ്ക്കുള്ളത്. ഇതിനെ ആസ്പദമാക്കിയുള്ള പഠനങ്ങളും വ്യാഖ്യാനങ്ങളും ഉണ്ടായെങ്കിൽ മാത്രമേ ആരാധനയിൽ സജീവമായി സംബന്ധിക്കുവാൻ സാധിക്കുകയുള്ളു.

രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം ആരാധനക്രമ കാര്യത്തിൽ മററു പല സഭകളും വളരെയധികം വളർന്നപ്പോൾ മലങ്കര കത്തോലിക്കാ സഭ ഇക്കാര്യത്തിൽ വളരെ പുറകോട്ടു പോയിട്ടില്ലേയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. കൗൺസിൽ വിഭാവനം ചെയ്ത ആരാധനക്രമ നവീകരണയത്നങ്ങൾ, മലങ്കര കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം ചില വാക്കുകളുടെ പര്യായപദങ്ങൾ മാററിയുള്ള ഉപയോഗം മാത്രമായി ചുരുങ്ങിയിരിക്കുകയാണ്. വർഷംതോറും ഇപ്രകാരം വ്യത്യാസപ്പെടുത്തി പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന ആരാധനക്രമ ഗ്രന്ഥങ്ങൾ ആരാധനാസമൂഹത്തിൽ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടാക്കുന്നുണ്ടു താനും. നാലു രൂപതകളിലും വ്യത്യസ്ത രീതിയിൽ നിർവ്വഹിക്കുന്ന കർമ്മാനുഷ്ഠാനങ്ങളും ആരാധനക്രമ പുസ്തകങ്ങളുടെ പ്രസിദ്ധീകരണങ്ങളും ഏകീകരിക്കുന്നതിനോ, മലങ്കരകത്തോ

malankaralibrary.com

ലിക്കാസഭയ്ക്കു പൊതുവിൽ ഒരു ആരാധനക്രമ നിഷ്ഠ വളർത്തുന്നതിനോ, കാര്യമായ ഒരു ശ്രമവും നടക്കുന്നില്ല. സജീവമായി പ്രവർത്തിക്കുന്ന ഒരു ലിററർജിക്കൽ കമ്മററിക്ക് ഈ രംഗത്ത് പലതും ചെയ്യുവാൻ സാധിക്കും. അതിനുള്ള പ്രായോഗിക ക്രമീകരണങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നുവെന്നത് ആശാവഹമാണ്.

ആകയാൽ മലങ്കരകത്തോലിക്കാ സഭയുടെ സമാത്മക വളർച്ച ത്വരിതപ്പെടുത്തുവാൻ വ്യക്തിസഭകളുടെ മൗലിക ഘടകങ്ങളിൽ പ്രധാനമായ ആരാധനക്രമ വ്യക്തിത്വം നഷ്ടപ്പെടുത്താതെ കാത്തുസൂക്ഷിക്കേണ്ടിയിരിക്കുന്നു. അതിന് ഈ റീത്തിനന്യമായി സ്വീകരിച്ചിരിക്കുന്ന ഘടകങ്ങളെ വിവേകപൂർവ്വം വിലയിരുത്തി തള്ളേണ്ടതു തള്ളുവാനും കൊള്ളേണ്ടവ ആരാധനക്രമ ചൈതന്യത്തിനനുസരിച്ച് ക്രമവത്ക്കരിക്കുവാനും പരിശ്രമങ്ങൾ നടത്തണം. മലങ്കര കത്തോലിക്കാ സഭാമക്കളുടെ ആദ്ധ്യാത്മിക ജീവിതം കൂടുതൽ മെച്ചപ്പെട്ടതാക്കുവാനും മലങ്കര ഓർത്തഡോക്സ്-യാക്കോബായ സഭകളുമായി ഐക്യത്തിന്റെ മേഖലകളിലേക്ക് നടന്നടുക്കുന്നതിനും ഈ ആരാധനക്രമ വ്യക്തിത്വ സംരക്ഷണം സഹായകമാകും. അങ്ങനെ മലങ്കര ആരാധനക്രമത്തിന്റെ വിശ്വസ്തതാപൂർവ്വകമായ സംരക്ഷണം, മലങ്കരസഭയ്ക്കകത്തുള്ള ഒരു പ്രസ്ഥാനമാണ് മലങ്കര കത്തോലിക്കാ സഭയെന്നതിന് വ്യക്തമായ തെളിവായി നിലനിൽക്കുകയും ചെയ്യും.

malankaralibrary.com

അദ്ധ്യായം 9

# കാനോനിക വ്യക്തിത്വം

വ്യക്തിസഭകളുടെ വളർച്ചയിൽ അതിന്റെ ഭരണസംവിധാനം സുപ്രധാനമാണ്. വ്യക്തിത്വമുള്ള സഭാസമൂഹങ്ങളായി വളരുന്നതിന് ഓരോ വ്യക്തിസഭകൾക്കും അവരവരുടേതായ നിയമസംവിധാനവും ഭരണരീതികളും ഉണ്ടായിരിക്കണം. ഓരോ സഭയും പൂർണ്ണമായി അതിന്റെ വ്യക്തിത്വവും തനിമയും സംരക്ഷിച്ചുകൊണ്ട് സാർവ്വത്രിക സഭാ സംസർഗ്ഗം ലക്ഷ്യമാക്കുന്നതിനാൽ തങ്ങളുടേതായ ഉൾഭരണ സ്വാതന്ത്ര്യവും ഭരണരീതികളും അതാത് സഭകളുടെ നിലനിൽപ്പിനും വളർച്ചയ്ക്കും ആവശ്യമത്രേ. ഇപ്രകാരമുള്ള വളർച്ചയ്ക്കും ശ്രേയസിനും ഒരു വ്യക്തിസഭയെന്ന നിലയിൽ മലങ്കര കത്തോലിക്കാ സഭയുടെ ഇപ്പോഴത്തെ ഭരണ സംവിധാനം ഉതകുന്നതാണോയെന്ന ഒരു അന്വേഷണമാണീ അദ്ധ്യായത്തിലൂടെ നടത്തുന്നത്.

## 1 മലങ്കര കത്തോലിക്കാ സഭയും സ്വയം ഭരണവും

### (a) പുനരൈക്യ വ്യവസ്ഥകൾ

കേരള സഭാന്തരീക്ഷത്തിൽ എന്നു ഭിന്നത ആവിർഭവിച്ചുവോ അന്നു മുതൽ തന്നെ ഐക്യസംരംഭങ്ങളും നടന്നിട്ടുണ്ടെന്നുള്ളത് ആശ്വാസകരമാണ്. ഈ ഐക്യപരിശ്രമങ്ങളിലെല്ലാം തങ്ങളുടെ റീത്തും ഹയരാർക്കിയും നിലനിർത്തിക്കൊണ്ട് സാർവ്വത്രികസഭയുടെ കൂട്ടായ്മയിൽ പ്രവേശിക്കുവാനാണ് മലങ്കര സഭാ നേതാക്കൻമാരെല്ലാം ശ്രമിച്ചതെന്ന് പുനരൈക്യ ചരിത്രം വ്യക്തമാക്കുന്നു. ഒരു പ്രാദേശിക സ്വതന്ത്രസഭയെന്ന നിലയിൽ മലങ്കരസഭയുടെ സ്വാതന്ത്ര്യവും അനന്യതയും നിലനിർത്തിക്കൊണ്ട് കത്തോലിക്കാ സഭാ സംസർഗ്ഗത്തിൽ എത്തുവാനാണ് മലങ്കര കാതോലിക്കേറ്റിലെ മെത്രാൻമാർ ആഗ്രഹിക്കുകയും റോമിനോട് അഭ്യർത്ഥിക്കുകയും ചെയ്തത്. ഓർത്തഡോക്സ് സഭയിൽ നിലവിലിരുന്ന സിനഡൽ ഭരണവും ഉൾഭരണ സ്വാതന്ത്ര്യവും നിലനിർത്തിക്കൊണ്ടുള്ള ഒരു കത്തോലിക്കാ കൂട്ടായ്മയിലൂടെ മാത്രമേ വ്യക്തിത്വമുള്ള ഒരു സഭയായി വളരുവാൻ സാധിക്കുകയുള്ളുവെന്ന് അവർക്ക് ബോദ്ധ്യമായിരുന്നു. അതുകൊണ്ടാണ് മലങ്കരയിൽ പരി. സുനഹദോസിന്റെ ഈ ഭരണസ്വാതന്ത്ര്യം അവർ റോമിനെ അറിയിച്ചതും.

malankaralibrary.com

## (b) സ്വയംഭരണ സംവിധാനത്തിൻെറ രൂപീകരണം

കൂനൻകുരിശു സത്യത്തെതുടന്നു ഉദയം ചെയ്ത പുത്തൻകൂർ സമുദായം ശരിയായ കൈവയ്പില്ലാതെ വന്നപ്പോൾ ഒരു ആദ്ധ്യാത്മിക കൂട്ടായ്മക്കുവേണ്ടിയാണ് അന്ത്യോക്യാ ബന്ധത്തിൽ ഏർപ്പെട്ടത്. പക്ഷേ, പിന്നീട് വിവിധ സാഹചര്യങ്ങൾ മൂലം അതു അന്ത്യോക്യായോട് മലങ്കര സഭയുടെ ഒരു വിധേയത്വമായി ഭവിച്ചു. മലങ്കരസഭയുടെ ഉൾഭരണ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന നടപടികളാണ് 1876-ലെ മുളന്തുരുത്തി സുന്നഹദോസിലും 1911-ലെ അബ്ദുള്ളാ പാത്രിയർക്കീസിൻെറ പ്രവർത്തനങ്ങളിലും ഉണ്ടായത്. അതുമൂലം അന്ത്യോക്യായിലെ യാക്കോബായ പാത്രിയർക്കീസും മലങ്കരസഭയും തമ്മിലുള്ള ബന്ധം ഉലയുകയും പാത്രിയർക്കീസിൻെറ ഇടപെടലുകളിൽ നിന്നു മലങ്കര സഭയെ ഒഴിവാക്കുവാൻ മലങ്കര മെത്രാപ്പോലീത്തായായിരുന്ന മാർ ദിവന്നാസ്യോസ് ആറാമൻ പരിശ്രമിക്കുകയും ചെയ്തു. 1911-ൽ പാത്രിയർക്കീസ് അദ്ദേഹത്തെ സഭാഭ്രഷ്ടനാക്കിയതോടെ സഭയുടെ സ്വയംഭരണാവകാശം എന്ന ആശയം കൂടുതൽ പ്രബലപ്പെടുകയും അതു വൈകാരികഭാവം ഉൾക്കൊള്ളുകയും ചെയ്തു. 1912-ലെ കാതോലിക്കേററ് സ്ഥാപനത്തോടെ ഉൾഭരണ സ്വാതന്ത്ര്യം കാത്തു സൂക്ഷിക്കണമെന്ന ഒരു വിഭാഗം ജനങ്ങളുടെ അഭിലാഷം പൂവണിഞ്ഞു.

ഉൾഭരണ സ്വാതന്ത്ര്യം ലക്ഷ്യം വച്ചുകൊണ്ട് സ്ഥാപിതമായ കാതോലിക്കാ സ്ഥാപനത്തെത്തുടർന്ന് ഒരു സ്വതന്ത്ര സഭാപ്രസ്ഥാനമായി മാർ ഈവാനിയോസ് രൂപം കൊടുത്ത ബഥനി പ്രസ്ഥാനവും സ്വയംഭരണ സംവിധാനത്തിനു രൂപംകൊടുക്കുന്നതിൽ നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ട്. സ്വതന്ത്രമായ കാതോലിക്കേററ് സ്ഥാപനവും സിനഡൽ ഭരണരീതിയും മലങ്കരയിൽ അവതരിപ്പിക്കപ്പെട്ടെങ്കിലും വ്യവഹാര നൂലാമാലകൾകൊണ്ട് അവ ഉദ്ദേശിച്ചതുപോലെ പ്രാവർത്തികമാക്കുവാൻ സാധിച്ചില്ല. വാദവിവാദങ്ങളുടെ വേലിയേററത്തിൽ സഭയുടെ സ്വാതന്ത്ര്യവും സത്യനിഷ്ഠമായ നിലപാടും പരിരക്ഷിക്കുവാൻ സാധിച്ചില്ലെന്നതാണ് സഭയുടെ അന്നത്തെ പരാധീനത. എന്നാൽ സഭയുടെ വിശ്വാസവും ആദ്ധ്യാത്മികതയും അഭംഗം കാത്തുസൂക്ഷിക്കുവാനുതകുന്ന ഒരു ഭരണസംവിധാനമായിരുന്നു ബഥനിയുടേത്. സിറിയൻ ഓർത്തഡോക്സ് സഭയുടെ 7 ഭദ്രാസനങ്ങളിലും ഭരണാധികാരം ഉണ്ടായിരുന്ന, ഭാരതത്തിൽ മുഴുവൻ പ്രവർത്തിക്കുവാൻ സ്വാതന്ത്ര്യമുള്ള സ്വയംഭരണത്തിൻേറതായ സംവിധാനത്തിനാണ് ബഥനി രൂപം കൊടുത്തത്. കാരണം വ്യവഹാരങ്ങളിൽ നിന്നെല്ലാം ഒഴിഞ്ഞുനിൽക്കുന്നതിന് സ്വയംഭരണസംവിധാനം ബഥനിക്ക് അത്യന്താപേക്ഷിതമായിരുന്നു.

malankaralibrary.com

ചുരുക്കത്തിൽ കാതോലിക്കേററ് സ്ഥാപനത്തിലൂടെയും ബഥനി പ്രസ്ഥാനത്തിലൂടെയും സഭയുടെ സ്വതന്ത്രനിലയും സ്വയംഭരണസംവിധാനവും മലങ്കരസഭ ക്രമാനുഗതമായി രൂപപ്പെടുത്തിയതായി നാം കാണുന്നു. ഈ ഉറഭരണ സ്വാതന്ത്ര്യവും വ്യക്തിത്വവും കാത്തുസൂക്ഷിച്ചുകൊണ്ട് റോമിലെ സഭയുമായി സംസർഗ്ഗത്തിൽ ഏർപ്പെടുവാനുള്ള സാധ്യതകളാണ് മലങ്കരസഭ ആരാഞ്ഞത്.

## (c) ഭാഗിക അംഗീകാരം

ഉറഭരണ സ്വാതന്ത്ര്യവും സ്വതന്ത്രനിലയും നിലനിർത്തിക്കൊണ്ടുള്ള ഈ പുനരൈക്യാഭ്യർത്ഥനയ്ക്ക് നിരാശാജനകമായ ഒരു മറുപടിയാണ് 1929-ൽ റോം നൽകിയത്. പക്ഷേ, പുനരൈക്യത്തിലൂടെ രൂപം കൊള്ളുന്ന പുതിയ സഭാസമൂഹത്തിൻെറ ശോഭനമായ ഭാവിക്ക്, കാതോലിക്കായുടെ സ്ഥാനത്തെപ്പററിയുള്ള തീരുമാനം പുനഃപരിശോധിക്കണമെന്ന് മാർ ഈവാനിയോസ് അപ്പസ്തോലിക്ക് ഡലഗേററിനെ തുടർച്ചയായി ധരിപ്പിച്ചുകൊണ്ടിരുന്നു.

എന്നാൽ പുനരൈക്യത്തെക്കുറിച്ചുള്ള അന്തിമ തീരുമാനത്തിൽ, പുനരൈക്യപ്പെടുന്ന മെത്രാന്മാർക്ക് തങ്ങളുടെ അജഗണത്തിൻമേൽ അജപാലനാധികാരം ലഭിക്കുമെന്ന് ഉറപ്പു ലഭിച്ചുവെങ്കിലും കാതോലിക്കാ സ്ഥാനത്തേയും അതു ഉറക്കൊള്ളുന്ന ഭരണസംവിധാനത്തേയും പററി അനുകൂലമായ നിർദ്ദേശമൊന്നും നൽകിയില്ല. അവസാന തീരുമാനത്തിൽ കാതോലിക്കാ, കാത്തോലിക്കാ കൂട്ടായ്മയിൽ ഉറപ്പെടാത്തതിനാൽ ആ പ്രശ്നം പരിഗണിക്കുന്നില്ലെന്നാണ് റോം മറുപടി നൽകിയത്. അങ്ങനെ പരി. സിംഹാസനവുമായി നേരിട്ട് ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു ഭരണരീതിയാണ് പുനരൈക്യാർത്ഥം പരിശ്രമിച്ച മെത്രാൻമാർക്ക് ലഭിച്ചത്. ഈ അർത്ഥത്തിൽ ഭരണസംവിധാനത്തെക്കുറിച്ചുള്ള പുനരൈക്യ വ്യവസ്ഥയുടെ ഭാഗികമായ അംഗീകാരമായി മാത്രമേ ഇതിനെ കാണുവാൻ സാധിക്കുകയുള്ളു.

## (d) ഹയരാർക്കി സ്ഥാപനവും നൈയാമിക സ്ഥിതിയും

റോമുമായി നേരിട്ടു ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു ഭരണാധികാര സംവിധാനമാണ് പുനരൈക്യപ്പെട്ട മെത്രാന്മാർക്ക് മലങ്കര സഭയിൽ ലഭിച്ചതെങ്കിലും മാർ ഈവാനിയോസിൻെറ അധികാര സീമയ്ക്ക് പരിധി വച്ചിരുന്നില്ല. അതിനാൽ പുനരൈക്യപ്പെടുന്ന എല്ലാവരുടേയും മേൽ അദ്ദേഹത്തിന് അധികാരമുണ്ടായിരുന്നു. ഇപ്രകാരമൊരു ക്രമീകരണം യുക്തവും പ്രയോജനകരവുമായിരുന്നു.

malankaralibrary.com

1932 ജൂൺ 11–ാം തീയതി 11-ാം പീയൂസ് മാർപ്പാപ്പ ''ക്രിസ്തോ പാസ്തോരും പ്രിൻചിപ്പി'' എന്ന തിരുവെഴുത്തു വഴി പുനരൈക്യപ്പെട്ട മലങ്കര കത്തോലിക്കാ വിഭാഗത്തിനു ഒരു പ്രത്യേക ഹയരാർക്കി സ്ഥാപിച്ചു. അതോടുകൂടി കത്തോലിക്കാ സഭയിൽ അവർക്കു നിയമപരമായ അസ്തിത്വം ലഭിച്ചുവെന്ന് പറയാം. റീത്തും ഹയരാർക്കിയും നിലനിർത്തിക്കൊണ്ട് കത്തോലിക്കാസഭയിലേയ്ക്കു തങ്ങളെ സ്വീകരിക്കണമെന്ന മലങ്കരസഭയുടെ അഭ്യർത്ഥനയുടെ ഭാഗിക അംഗീകാരമായും ഇതു കണക്കാക്കാം. പക്ഷേ, രൂപതകളുടെ അതിർത്തികൾ നിർണ്ണയിച്ച് പുനരൈക്യപ്രസ്ഥാനത്തെ ഒതുക്കിനിർത്തിയതും തിരുവനന്തപുരം മെത്രാപ്പോലീത്തായ്ക്കുണ്ടായിരുന്ന പൊതു അധികാര സ്വാതന്ത്ര്യത്തെ അതിഭദ്രാസനത്തിലേക്ക് മാത്രമായി ചുരുക്കിയതും മലങ്കര കത്തോലിക്കാസഭയുടെ സ്വയംഭരണാവകാശം എന്ന ലക്ഷ്യത്തെ ലഘൂവാക്കുന്നതായിരുന്നു.

## (e) അപൂർണ്ണമായ സഭാധികാര ഘടന

പുരാതനകാലം മുതൽ ഓരോ സ്വതന്ത്ര സഭകൾക്കും അവരവരുടേതായ സഭാ തലവൻമാർ ഉണ്ടായിരുന്നുവെന്നും ആ അധികാരം തുടരേണ്ടതാണെന്നും പുതിയ പൗരസ്ത്യ കാനൻ നിയമത്തിൽ പറയുന്നുണ്ട്. മെത്രാപ്പോലീത്താമാരും വൈദികരും വിശ്വാസികളും ഉൾക്കൊള്ളുന്ന സഭാ സമൂഹത്തിൻെറമേൽ മുഴുവനായി ഒരു വ്യക്തിസഭയുടെ തലവനും പിതാവുമായ പാത്രിയർക്കീസിനധികാരമുണ്ട് (cc.55,56). പാത്രിയർക്കീസല്ലാത്ത സഭകളിൽ മേജർ ആർച്ചു ബിഷപ്പുമാർക്കും ഇതേ അധികാരം ഉണ്ടായിരിക്കും (c.152). മെത്രാപ്പോലീത്തായുടെ നേതൃത്വത്തിലുള്ള മെത്രാപ്പോലീത്തൻ സഭകളും മററു സ്വയാധികാര സഭകളുമാണ് പുതിയ കാനൻനിയമം നിർദ്ദേശിക്കുന്ന മററു സഭകൾ. ഇതിൽ പാത്രിയർക്കീസ്, മേജർ ആർച്ചുബിഷപ്പ് എന്നിവരോടുകൂടിയ ഭരണസംവിധാനത്തിനാണ് ഉന്നത സഭാധികാരങ്ങൾ ലഭിച്ചിട്ടുള്ളത്.

പുതിയ പൗരസ്ത്യ കാനൻ നിയമം 1992-ൽ പ്രാബല്യത്തിൽ വന്നതോടുകൂടി മലങ്കര കത്തോലിക്കാ സഭയ്ക്കു 'മെത്രാപ്പോലീത്തൻ സഭ' എന്ന നയ്യാമിക പദവിയാണുള്ളത്. കേവലം ഒരു സഭാ പ്രോവിൻസ് എന്ന നിലയിൽനിന്നും ഒരു സ്വയാധികാര സഭ (Ecclesia Sui Juris) യെന്ന നിലയിലേക്ക് ഈ പുതിയ സംവിധാനത്തിലൂടെ മലങ്കര കത്തോലിക്കാസഭ ഉയർത്തപ്പെട്ടുവെങ്കിലും പൗരസ്ത്യകാനൻനിയമം ഉറപ്പുവരുത്തുന്ന ഉന്നത സഭാധികാരസ്ഥാനങ്ങൾ ഒന്നും തന്നെ മലങ്കര കത്തോലിക്കാ സഭാദ്ധ്യക്ഷന് ലഭിച്ചിട്ടില്ല.

malankaralibrary.com

ഓരോ വ്യക്തിസഭയുടെയും വളർച്ചയ്ക്ക് ഉന്നത സഭാധികാരമുള്ള സഭാതലവന്റെ ആവശ്യകതപോലെതന്നെ പ്രധാനപ്പെട്ട ഒന്നത്രേ മെത്രാന്മാരുടെ സംഘം ഉൾക്കൊള്ളുന്ന സുന്നഹദോസ്. മെത്രാന്മാരുടെ സുന്നഹദോസിന് ആ സഭയ്ക്ക് മുഴുവനായി നിയമങ്ങൾ നിർമ്മിക്കുവാനും സഭയിലെ ഏററവും സമുന്നതമായ ന്യായാസനമായി വർത്തിക്കുവാനും പാത്രിയർക്കീസിനേയും മെത്രാൻമാരേയും തെരഞ്ഞെടുക്കുവാനുമുള്ള അധികാരമുണ്ട് (cc.110:1,2&3). അങ്ങനെ സ്വന്ത രീതിയിലെ മെത്രാൻമാരുടെ സിനഡിലാണ് ഓരോ വ്യക്തിസഭയും പ്രധാനകാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനമെടുക്കുന്നത്. പൗരസ്ത്യ സഭാ പാരമ്പര്യത്തിൽ വളർത്തിയെടുത്ത ഒരു സഭാഭരണ സമ്പ്രദായമാണിത്. മെത്രാന്മാരുടെ സംഘാത്മകതയും കൂട്ടുത്തരവാദിത്വവും (Collegiality and Co-responsibility) ഈ സിനഡൽ ഭരണരീതിയിലൂടെ പ്രകാശിതമാകുകയും ഏകാധിപത്യ പ്രവണതകൾ ഇല്ലാതാകുകയും ചെയ്യുന്നു. ചുരുക്കത്തിൽ ഓരോ വ്യക്തിസഭകളുടെയും സഭാപാരമ്പര്യങ്ങളും വ്യക്തിത്വവും നിലനിർത്തുവാനും ജീവാത്മകമായി വളരുവാനും ഉൾഭരണ സ്വാതന്ത്ര്യത്തിലധിഷ്ഠിതമായ ഈ ഭരണ സംവിധാനം ആവശ്യമത്രേ.

മലങ്കര കത്തോലിക്കാസഭയ്ക്ക് ഉന്നത സഭാധികാരങ്ങൾ ഉള്ള സഭാ തലവൻ ഇല്ലാത്ത സാഹചര്യത്തിൽ സ്വാഭാവികമായി സ്വതന്ത്ര സഭാധികാരമുള്ള സഭാ സുന്നഹദോസും ഇല്ലാതാണിരിക്കുന്നത്. മലങ്കര കത്തോലിക്കാസഭ ഒരു വ്യക്തിസഭയാണെന്ന പ്രത്യേകത പരിഗണിച്ചാൽ ഇപ്പോഴത്തെ സഭാധികാരഘടന അപൂർണ്ണമാണെന്ന് വ്യക്തമായി കാണാം. അതുകൊണ്ട് ഉന്നത സഭാധികാരമുള്ള പാത്രിയർക്കീസ്, കാതോലിക്കോസ്, മേജർ ആർച്ചുബിഷപ്പ് തുടങ്ങിയ സ്ഥാനികരിലാരെങ്കിലും തന്റെ സുന്നഹദോസോട് ചേർന്ന് അധികാരം നിർവ്വഹിക്കുന്ന സംവിധാനത്തിൽ മാത്രമേ മലങ്കര കത്തോലിക്കാ സഭയുടെ അധികാര പൂർണ്ണത കാണുവാൻ സാധിക്കുകയുള്ളു.

ചുരുക്കത്തിൽ മലങ്കര കത്തോലിക്കാ സഭയുടെ അപൂർണ്ണമായ സഭാധികാര ഘടന പരിഹരിക്കുന്നതിന് മലങ്കര കത്തോലിക്കാസഭയും റോമിലെ അപ്പസ്തോലിക സിംഹാസനവും നിർണ്ണായകമായ നിലപാടുകൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. നിയമപരമായും, സഭാവിജ്ഞാനീയപരമായും, പ്രായോഗികമായും അതിനുള്ള അടിസ്ഥാനങ്ങളുണ്ട്. മലങ്കര കത്തോലിക്കാ സഭയുടെ വ്യക്തിത്വ വളർച്ചയ്ക്ക് അതു അനുപേക്ഷണീയവുമത്രേ.

malankaralibrary.com

## 2 സഭാഭരണത്തിൽ അല്മായ പങ്കാളിത്തം

മലങ്കര കത്തോലിക്കാ സഭയുടെ നൈയാമിക ഘടനയേയും ഭരണക്രമത്തേയും കുറിച്ച് വിലയിരുത്തുന്ന ഈ അദ്ധ്യായത്തിൽ ഉന്നത സഭാധികാരമുള്ള പൊതു സഭാതലവൻേറയും ഉംഭരണ സ്വാതന്ത്ര്യത്തിലധിഷ്ഠിതമായ സിനഡൽ ഭരണ സംവിധാനത്തിൻേറയും ആവശ്യകതയെക്കുറിച്ച് വ്യക്തമായ നിഗമനത്തിലെത്തിച്ചേർന്നു. ഇനിയും സഭാഭരണത്തിൽ അല്മായർക്കു പൊതുവിലുള്ള നിർണ്ണായക പങ്കിനേയും, മലങ്കര കത്തോലിക്കാ സഭയിൽ അല്മായ പങ്കാളിത്തം എത്രമാത്രം ഉറപ്പുവരുത്തുന്നു എന്നതിനേക്കുറിച്ചുമുള്ള ഒരു ലഘു പഠനമാണിവിടെ ഉദ്ദേശിക്കുന്നത്.

### (a) അല്മായ പങ്കാളിത്തം സഭാപാരമ്പര്യത്തിൽ

സഭാഭരണരംഗത്തെ സുപ്രധാനമായ അല്മായ പങ്കാളിത്തം സംഘാതാത്മക, ജനായത്ത സമ്പ്രദായം എന്നിവ പാശ്ചാത്യ, പൗരസ്ത്യ സഭകളിൽ വിഭിന്ന മാർഗ്ഗങ്ങളിലൂടെയാണ് പുഷ്ടി പ്രാപിച്ചത്. റോമാ സാമ്രാജ്യത്തിൻെറ ഏകാധിപത്യ പ്രവണതകളുടെ ചുവടുപിടിച്ച ഒരു ഭരണക്രമമാണ് പാശ്ചാത്യ റോമൻ കത്തോലിക്കാ സഭയിൽ രൂപം കൊണ്ടത്. മധ്യകാല യൂറോപ്പിലെ ഫ്യൂഡൽ വ്യവസ്ഥിതിയും വൈദികമേധാവിത്വത്തിന് സഹായകമായിത്തീർന്നു. നവീകരണ കാലഘട്ടത്തിൽ പാശ്ചാത്യ സഭ അല്മായരെ പാടെ അകററി നിർത്തി. ആരാധനയിൽ പോലും അല്മായരുടെ സജീവ ഭാഗഭാഗിത്വം എന്ന ആശയം അവഗണിക്കപ്പെട്ടു.

എന്നാൽ പൗരസ്ത്യ സഭകളിൽ കൂടുതൽ ജനപങ്കാളിത്തത്തോടു കൂടിയ ഒരു ഭരണക്രമമാണ് പുഷ്ടി പ്രാപിച്ചത്. സഭാഭരണത്തിലും ആരാധനക്രമത്തിലും പ്രബോധനങ്ങളിലും അവർക്കുള്ള അധികാരാവകാശങ്ങൾ അംഗീകരിച്ചിരുന്നു. സഭാമേലദ്ധ്യക്ഷൻമാർ ആദ്ധ്യാത്മിക നേതൃത്വം വഹിക്കുമ്പോൾ ഭൗതിക കാര്യങ്ങളുടെ നടത്തിപ്പും കാര്യ ദർശനവും അല്മായർ ഉൾക്കൊള്ളുന്ന സമിതികൾ നിർവ്വഹിക്കുന്ന സഭാപാരമ്പര്യമാണവർക്കുള്ളത്. സാധാരണ വിശ്വാസികളുടെ പങ്കാളിത്തമില്ലാത്ത ആരാധനാനുഷ്ഠാനങ്ങൾ പൗരസ്ത്യ സഭകളിൽ നടത്തുക പതിവില്ല. ഇപ്രകാരം പൗരസ്ത്യ അല്മായർ സഭയുടെ ഭരണത്തിലും ജീവിതധാരയിലും ശരിയാംവണ്ണം അലിഞ്ഞുചേർന്നിരുന്നു. പാശ്ചാത്യവത്ക്കരണം സ്വാധീനിക്കാത്ത പൗരസ്ത്യസഭകളിലെല്ലാം ഈ സഭാപാരമ്പര്യം ഇന്നും തുടർന്നു പോരുന്നു.

പൗരസ്ത്യസഭകൾ പുലർത്തിയിരുന്ന ഈ സഭാപാരമ്പര്യം തന്നെയായിരുന്നു പോർട്ടുഗീസ് ആഗമനംവരെ കേരളസഭയിൽ

malankaralibrary.com

നിലവിലിരുന്നത്. അല്മായർക്കു മതിയായ പ്രാതിനിധ്യവും പ്രാമാണ്യവും ലഭിച്ചിരുന്നു. ഓരോ പള്ളികളുടെയും പള്ളി കാര്യങ്ങൾ ദേശത്തു പട്ടക്കാരും അല്മായ പ്രതിനിധികളുടെ പള്ളിയോഗങ്ങളും ചേർന്നു നടത്തിയിരുന്നു. ആത്മീയ ശിക്ഷണാധികാരം പോലും ഈ പള്ളിയോഗങ്ങൾക്കുണ്ടായിരുന്നുവെന്ന് കാണുമ്പോൾ ഈ പള്ളിയോഗങ്ങളുടെ അധികാരസീമ എത്ര വലുതായിരുന്നുവെന്ന് നമുക്ക് അനുമാനിക്കാവുന്നതാണ്. സഭ മുഴുവനേയും പ്രതിപാദിക്കുന്ന പൊതുകാര്യങ്ങൾ എല്ലാ ഇടവകകളുടെയും പ്രതിനിധികൾ ചേർന്നുള്ള പൊതുയോഗം കൈകാര്യം ചെയ്തിരുന്നു. അങ്ങനെ കേരള സഭ, ക്രിസ്ത്യൻ റിപ്പബ്ലിക്കിന്റെ ഛായയാണ് കൈക്കൊണ്ടിരുന്നത്. എന്നാൽ പോർട്ടുഗീസുകാരുടെ ഭരണകാലത്തു പാശ്ചാത്യവത്ക്കരിക്കപ്പെട്ട കേരള സഭ, സഭാജീവിതത്തിൽ അല്പമായ–വൈദിക പങ്കാളിത്തത്തെക്കുറിച്ച് പാശ്ചാത്യസഭയിൽ നിലവിലിരുന്ന വീക്ഷണവും നിലപാടും ഉൾക്കൊള്ളേണ്ടിവന്നു.

രണ്ടാം വത്തിക്കാൻ സൂനഹദോസ് സഭാഭരണത്തിൽ ലഘുവായിട്ടെങ്കിലും അല്മായരുടെ സഭയിലുള്ള സ്ഥാനം സമ്മതിച്ചുവെന്നുമാത്രമല്ല അതിന്റെ നിശ്ചയങ്ങളിൽ അല്മായരെ കാര്യമായി പരിഗണിക്കുകയും ചെയ്തു. അല്മായർക്ക് സഭാകാര്യങ്ങളിൽ നിർവ്വഹിക്കാവുന്ന ഉത്തരവാദിത്വപരമായ കാര്യങ്ങളെക്കുറിച്ച് കൗൺസിൽ വ്യക്തമാക്കി. (*അല്മായ പ്രേഷിതത്വം, നമ്പർ 10*). പുതിയ കാനൻ നിയമവും ഇതിനുചേർന്ന നിർദ്ദേശങ്ങൾ നൽകുന്നു: ''ആവശ്യമായ അറിവിലും അനുഭവസമ്പത്തിലും സത്യസന്ധതയിലും മുന്നിട്ടു നിൽക്കുന്ന അല്മായർ വ്യക്തിപരമായോ ഇടവക–രൂപത-പാത്രിയർക്കൽ തലങ്ങളിലുള്ള സമിതികളിലോ യോഗങ്ങളിലോ അംഗങ്ങൾ എന്ന നിലയിലോ വിദഗ്ദ്ധരോ ഉപദേശകരോ ആയി സഭാധികാരികളാൽ ശ്രവിക്കപ്പെടുവാൻ യോഗ്യരാണ്'' (c.408:1).

മലങ്കര യാക്കോബായ, ഓർത്തഡോക്സ്, മാർത്തോമ്മാസഭകളിൽ സഭാഭരണത്തിൽ ഇപ്രകാരമുള്ള അല്മായ പങ്കാളിത്തവും ഏറെക്കുറെ അധികാര വികേന്ദ്രീകരണവും ഉള്ളതായി കാണുന്നു. പുരാതനമായ പള്ളിയോഗ സംവിധാനം കുറെയൊക്കെ വ്യത്യാസങ്ങളോടുകൂടി അവർ സംരക്ഷിച്ചുപോരുന്നു. ഇടവകയോഗം, ഭദ്രാസനയോഗം, സഭ മുഴുവനുമായുള്ള അസോസിയേഷൻ എന്നീ നിലകളിലൂടെ സഭാഭരണം അവർ നിർവ്വഹിക്കുന്നു. ഈ മൂന്നു യോഗങ്ങൾക്കും ഭരണ സൗകര്യാർത്ഥമുള്ള മാനേജിംഗ് കമ്മററികളുമുണ്ട്.

malankaralibrary.com

## (b) മലങ്കര കത്തോലിക്കാ സഭയും അല്മായ പങ്കാളിത്തവും

സഭാഭരണത്തിൽ അല്മായർക്കുള്ള സുപ്രധാനമായ പങ്കിനേയും സഭാപാരമ്പര്യത്തിൽ അവർക്കു നൽകിയിരുന്ന സ്ഥാനത്തേയും നാം കാണുകയുണ്ടായി. എന്നാൽ മലങ്കര കത്തോലിക്കാ സഭയെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിലും പാശ്ചാത്യ സഭയെ ഏറെക്കുറെ അനുകരിക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത്. ഇടവക പൊതുയോഗങ്ങൾക്ക് ജനകീയ ഭരണസമ്പ്രദായം നിയമപരമായുണ്ടെങ്കിലും അതു പൂർണ്ണമായി പാലിക്കാത്ത അവസ്ഥയാണിന്നുള്ളത്. ലത്തീൻസഭയെ അനുകരിച്ച് വൈദികസെനററും, വൈദിക–അല്മായ പ്രതിനിധികൾ ഉൾക്കൊള്ളുന്ന പാസ്റ്ററൽ കൗൺസിലും രൂപീകരിച്ചിട്ടുണ്ടെങ്കിലും അവ വെറും ഉപദേശക സമിതികൾ മാത്രമാണ്.

ആകയാൽ മലങ്കര കത്തോലിക്കാ സഭയിലെ സഭാഭരണത്തിൽ നിലവിലിരിക്കുന്ന ജനായത്ത ഭരണരീതിയിലെ കുറവും അല്മായ പങ്കാളിത്തത്തിൽ വന്നിരിക്കുന്ന കുറവുകളും പരിഹരിക്കേണ്ടിയിരിക്കുന്നു. സഭയിലെ സുവിശേഷ പ്രഘോഷണം, സാമ്പത്തിക കാര്യങ്ങളുടെ കൈകാര്യം, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ തുടങ്ങിയവയിൽ അല്മായരെ സഹകരിപ്പിക്കുകയും അവർക്ക് അർഹമായ പ്രാതിനിധ്യം നൽകുകയും ചെയ്യുന്നതുകൊള്ളാം. എന്നാൽ സ്വജന പക്ഷവാദം, തൻകാര്യത്തിനായുള്ള മുതലെടുപ്പ്, എല്ലാററിനേയും ചോദ്യം ചെയ്യുവാനുള്ള പ്രവണത തുടങ്ങിയ അധികാര പ്രയോഗത്തിനുള്ള അവസരമായി ഈ അല്മായ പങ്കളിത്തം തരം താഴാതെ സൂക്ഷിക്കേണ്ടതുമുണ്ട്. കൂടുതൽ ജനായത്ത ഭരണസമ്പ്രദായം സ്വീകരിച്ചിട്ടുള്ള സഭാസമൂഹങ്ങളിൽ അതിനുള്ള ധാരാളം ഉദാഹരണങ്ങൾ നാം കാണുന്നുണ്ട്. ആകയാൽ സഭാഭരണത്തിൽ അല്മായർക്കുള്ള ഈ ഭാഗഭാഗിത്വവും അവകാശവും വളരെ വിവേകപൂർവ്വം ഉപയോഗിക്കേണ്ടതുമാണ്.

അല്മായരുടെ സഭാപരമായ അവകാശങ്ങളെപ്പററി ചിന്തിക്കുന്നതോടൊപ്പം അവരുടെ സഭാത്മക ദൗത്യത്തേയും ഉത്തരവാദിത്വങ്ങളേയും പററിയും ബോധവാൻമാരാകേണ്ടതുണ്ട്. പ്രത്യേകിച്ചും ഓരോ വ്യക്തിസഭയുടെയും പാരമ്പര്യങ്ങളും സഭാത്മക ദർശനങ്ങളും പഠിക്കുവാനും അവ സഭാജീവിതത്തിൽ അന്വർത്ഥമാക്കുവാനും അവർക്ക് പ്രത്യേക കടമയുണ്ട്. ഇതേപ്പററി പൗരസ്ത്യ കാനൻ നിയമം വ്യക്തമായ നിർദ്ദേശം നൽകുന്നു. ''അല്മായർ തങ്ങളുടെ ആരാധനക്രമപരവും ആദ്ധ്യാത്മി

malankaralibrary.com

കവും ദൈവശാസ്ത്രപരവും ശിക്ഷണപരവുമായ പൈതൃകം താല്പര്യപൂർവ്വം പഠിക്കേണ്ടതാണ് (c. 405). ആകയാൽ ഈ പ്രബോധനത്തിന്റെ വെളിച്ചത്തിൽ മലങ്കര കത്തോലിക്കാ സഭയിലെ അല്മായർക്ക് തങ്ങളുടെ സഭാപരമായ ദൗത്യത്തിൽ ഉറച്ചു നിന്നുകൊണ്ട് മലങ്കരസഭയുടെ തനതായ പൈതൃകങ്ങൾ തലമുറകളിലേക്കു കൈമാറുന്നതിന് കഴിയണം. പുനരൈക്യ പ്രസ്ഥാനത്തിന്റെ മുന്നണിപോരാളികളായി നിന്ന് സവിശേഷ നേതൃത്വം നൽകിയ അനേകം അല്മായ സഹോദരങ്ങളുടെ മാതൃക ഇതിനു പ്രചോദനം നൽകുന്നതാണ്.

malankaralibrary.com

# സഹായക ഗ്രന്ഥങ്ങൾ

ഇഞ്ചെയ്ക്കലോടി തോമസ്, *ആർച്ചുബിഷപ്പ് മാർഈവാനിയോസ്*
തിരുവനന്തപുരം, 1957, 1972

കാഞ്ഞിരമുകളിൽ സിൽവെസ്റ്റർ, *പുനരൈക്യ രേഖകൾ*,
കോട്ടയം, 1999

കാഞ്ഞിരമുകളിൽ സിൽവെസ്റ്റർ, *മലങ്കര കത്തോലിക്കാ സഭയുടെ വ്യക്തിത്വം*, കോട്ടയം, 1995

കൂടപ്പുഴ സേവ്യർ, *ഭാരതസഭാചരിത്രം*,
കോട്ടയം, 1998.

കോന്നിയൂർ ജോൺ, *മാർത്തോമ്മാശ്ലീഹായുടെ സിംഹാസനം*,
ഓമല്ലൂർ, 1978.

ബർണ്ണാർദ്തോമാ—ജോൺ ചെല്ലിശ്ശേരി, *മാർത്തോമ്മാ ക്രിസ്ത്യാനികൾ*, കോട്ടയം, 1992.

പെരുമാലിൽഹോർമിസ് (എഡി.) *ക്രൈസ്തവവിജ്ഞാനകോശം*,
ആലപ്പുഴ, 1975.

ഫിലിപ്പ്, എൻ. ജി. (എഡി.) *മലങ്കരസഭാ പുനരൈക്യ സുവർണ്ണ ജൂബിലിസുവനിർ*, തിരുവനന്തപുരം, 1980

ചേടിയത്ത് ജി., *കേരളത്തിലെ ക്രൈസ്തവസഭകൾ*,
കോട്ടയം, 1998.

സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്താ,

*സീറോ—മലങ്കരസഭ* (വിവ. എസ്. കാഞ്ഞിരമുകളിൽ)
കോട്ടയം, 1994.

malankaralibrary.com

MALANKARA
LIBRARY

malankaralibrary.com

## എസ്. കാഞ്ഞിരമുകളിലിന്റെ കൃതികൾ

1 പുനരൈക്യ രേഖകൾ

2 സീറോ - മലങ്കരസഭ (വിവ.)

3 മലങ്കര കത്തോലിക്കാസഭയുടെ വ്യക്തിത്വം

4 പൗരസ്ത്യ ക്രിസ്തീയ പാരമ്പര്യത്തിന്റെ മൗലിക വശങ്ങൾ

5 മലങ്കര കത്തോലിക്കാ സഭ

ബഥനി
പബ്ളിക്കേഷൻസ്
കോട്ടയം 686 010

malankaralibrary.com